അധികാരം ജനങ്ങളിലേക്ക്

VANDIPERIYAR GRAMA PANCHAYAT



9-ാം പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണം

# വികസന റിപ്പോർട്ട്

## വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത്

# MAP OF VPR GRAMA PANCHAYAT.



G5-6

ജനകീയാസൂത്രണം

# വികസന റിപ്പോർട്ട്

## വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത്

# റിപ്പോർട്ട് തയ്യാറാക്കിയവർ

ശ്രീ. ആർ. പരമേശ്വരൻ പിള്ള

ഡോ. ലെക്ഷ്മിക്കുട്ടിയമ്മ

ശ്രീ. എം. ചെല്ലയ്യ

ശ്രീ. ഇബ്രാഹിംകുട്ടി

ശ്രീ. ഷാജി പൈനാടത്ത്

ശ്രീ. അജി വർഗീസ്

ശ്രീ. കെ. കെ. ഗോപി

ശ്രീ. ബിജു ചാക്കോ

ശ്രീ. ജി. നടരാജൻ

ശ്രീ. എം. മുരുകേശൻ

ശ്രീ. കെ. ശിവകുമാർ

ശ്രീ. എം. കെ. പ്രഭാകരൻ

LAY OUT : ARUN K.T. (CASCA, VPR)
PRINTING
Samareka
PRESS
ERNAKULAM
PH:336373, 557040

# ഉള്ളടക്കം

✧ ഗ്രാമ പഞ്ചായത്ത്: പൊതുവിതരണം
✧ ആമുഖം ലഘു ചരിത്രം
✧ ഭൂപ്രകൃതിയും വിഭവങ്ങളും
✧ കൃഷിയും ജലസേചനവും
✧ മൃഗ സംരക്ഷണം മത്സ്യബന്ധനം
✧ വ്യവസായം
✧ ഊർജ്ജം, ഗതാഗതം
✧ ആരോഗ്യം കുടിവെള്ളം
✧ വിദ്യാഭ്യാസം
✧ പാർപ്പിടം സാമൂഹ്യക്ഷേമം
✧ വനിതാക്ഷേമം
✧ സഹകരണ മേഖല
✧ പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
✧ സംസ്ക്കാരം
✧ വിഭവസമാഹരണം
✧ ഉപസംഹാരം

## സന്ദേശം

ഹരിതാഭ തിങ്ങിനിറഞ്ഞു വിലസുമീ
മാമലനാടിൻെറയാലസ്യ ശോഭയായ്
പെരിയാറിൻ തീരത്ത് നിത്യം വിളങ്ങുന്ന
വിസ്മയ ദീപ്തി പരത്തുന്ന ഗ്രാമമേ...
പുത്തൻ കിനാക്കൾതൻ നാമ്പുകൾ
മണ്ണിൻ മനസ്സിൻെറ നാളമായ്
നാളതൻ സൗഹൃദപാതയിൽ
കൈകോർത്തു ചേരുന്ന വേളയിൽ
വർഗ്ഗവർണ്ണത്തിൽ ഭേദങ്ങളില്ലാതെ
സത്ത സ്ഫുരിക്കുന്ന നൻമ്മതൻ ശക്തിയായ്
നവ്യസുരഭില സംസ്ക്കാര മന്ത്രമായ്
നീങ്ങുവാൻ നേരുന്നു ഭാവുകം
നമ്ര ശിരസ്ക്കരായ് നിൽക്കുന്ന പൂർവ്വിക
സൻമ്മാർഗ്ഗ ചിന്തയ്ക്ക് സ്പർശമേകാൻ
ജനകീയ പദ്ധതി സാക്ഷാത്ക്കരിക്കുവാൻ
പോയിടാം കർമ്മ സനാതരമായ്.

**സെബാസ്റ്റ്യൻ ജോസഫ്**
കാസ്ക

# ഗ്രാമപഞ്ചായത്ത്
## പൊതു വിവരണം

| | |
|---|---|
| 1. പഞ്ചായത്തിന്റെ പേര് | : വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത് |
| 2. ഉൾപ്പെടുന്ന വില്ലേജുകൾ | : പെരിയാർ, മഞ്ചുമല, പീരുമേട്, ഏലപ്പാറ |
| 3. ബ്ലോക്ക് പഞ്ചായത്ത് | : അഴുത പീരുമേട് |
| 4. താലൂക്ക് | : പീരുമേട് |
| 5. അസംബ്ളി മണ്ഡലം | : പീരുമേട് |
| 6. വിസ്തീർണ്ണം | : 119.50 ച.കി.മീ. |
| 7. അതിരുകൾ | : |
| വടക്ക് | : ഏലപ്പാറ ഗ്രാമ പഞ്ചായത്ത് |
| തെക്ക് | : റിസർവ്വ് ഫോറസ്റ്റ്, തേക്കടി |
| കിഴക്ക് | : കുമളി ഗ്രാമ പഞ്ചായത്ത് |
| പടിഞ്ഞാറ് | : പീരുമേട് ഗ്രാമ പഞ്ചായത്ത് |
| 8. ജനസംഖ്യ | : 45660 |
| (a) പുരുഷന്മാർ | : 23171 |
| (b) സ്ത്രീകൾ | : 22489 |
| (c) ജനസാന്ദ്രത | : 383.7/sq.km |
| (d) അക്ഷരാഭ്യാസമുള്ളർ | : 90% |
| 9. വാർഡുകളുടെ എണ്ണം | : 15 |
| 10. പ്രസിഡന്റ് | : **ശ്രീമതി.ശാന്തി ഹരിദാസ്** |
| 11. വൈസ് പ്രസിഡന്റ് | : **ശ്രീ.എം.കുറുപ്പുസ്വാമി** |
| 12. സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | : **ശ്രീ.പി.ആർ.അയ്യപ്പൻ** |
| 13. ഭരണ സമിതി അംഗങ്ങൾ | : |
| | 1. കുമാരി. ലിസി തോമസ് |
| | 2. ശ്രീ.എം.പാൽ രാജ് |
| | 3. ശ്രീമതി. വസന്താ ലക്ഷ്മണൻ |
| | 4. ശ്രീ.എം.എം.അബ്ദുൾ ഖാദർ കുട്ടി |
| | 5. കുമാരി. ശാന്തി.പി. |
| | 6. ശ്രീ.എം.ബാലു |
| | 7. ശ്രീ.ഇ.ജെ.ജോസ് |
| | 8. ശ്രീ.എ.തങ്കരാജ് |
| | 9. കുമാരി.കെ.ശിവകാമി |
| | 10.ശ്രീ.യു.ഹനീഫ |
| | 11.ശ്രീ.സി.വി.തങ്കപ്പൻ |
| | 12.ശ്രീ.അന്തോണിരാജ് |
| 14. പഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി | : ടി.എം.രാധാകൃഷ്ണൻ |

# ആമുഖം
# ലഘു ചരിത്രം

പഞ്ചായത്തീരാജ് നിയമപ്രകാരം വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്തിന്റെ പുതിയ ഭരണസമിതി 1995 ഒക്ടോബർ 4 ന് നിലവിൽ വന്നു. അധികാരം ജനങ്ങളിലേക്കു കൂടുതൽ അടുത്തു വരുന്നു എന്നതിനാൽ പുതിയ ഭരണസമിതികൾ ജനങ്ങളിൽ കൂടുതൽ പ്രതീക്ഷ വളർത്തി. എന്നാൽ ജനങ്ങളുടെ ആഗ്രഹത്തിനൊത്തുയരാൻ ഈ ഭരണസമിതികൾക്കു കഴിയുന്നില്ല. സാമ്പത്തികമായ പരിമിതികളും ലളിതമല്ലാത്ത ഭരണനടപടികളുമാണിതിനു കാരണം. ഈ കുഴപ്പങ്ങൾക്കുപരിഹാരം കാണുന്നതിനുവേണ്ടിയാണ് കേരള സർക്കാർ ജനകീയാസൂത്രണ പദ്ധതിക്കു രൂപം നൽകിയിരിക്കുന്നത്.

കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ജനകീയാസൂത്രണ പദ്ധതി പുതിയ അനുഭവമാണ്. നാളിതുവരെയുള്ള നടപടിക്രമങ്ങളിൽ നിന്ന് വ്യത്യസ്ഥമാണിത്. സംസ്ഥാനത്തിനു ലഭിയ്ക്കുന്ന പദ്ധതി വിഹിതത്തിന്റെ 40% പഞ്ചായത്തുകൾക്കു ലഭിക്കുന്നതിനാൽ വിഭവപരിമിതിക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയുന്നു. ജനങ്ങളുടെ ആവശ്യങ്ങളും പ്രാദേശിക പ്രത്യേകതകളും വിഭവസാദ്ധ്യതകളും പരിഗണിക്കാതെ ഏതാനും വിദഗ്ദ്ധർ തയ്യാറാക്കി കെട്ടിയേല്പിച്ച പദ്ധതികളാണ് നമ്മുടെ നാട്ടിൽ നാളിതുവരെ നടപ്പാക്കിപ്പോന്നത്. എന്നാൽ ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ, അവരുടെ ആശയാഭിലാഷത്തിനൊത്ത്, പ്രാദേശിക പ്രത്യേകതകൾ പൂർണ്ണമായി കണക്കിലെടുത്തുകൊണ്ട്, അതാതുസ്ഥലത്തുനിന്നു സമാഹരിക്കാവുന്ന വിഭവങ്ങൾ കൂടി പരഗണിച്ച് പദ്ധതിക്കു രൂപം നൽകുന്നു എന്നതാണ് ജനകീയാസൂത്രണത്തിന്റെ പ്രത്യേകത. പദ്ധതിക്കുവേണ്ടി ചെലവാക്കുന്ന പണത്തിന്റെ ശോഷണം പൂർണ്ണമായും തടയുന്നു. കൂടാതെ ഉല്പാദനത്തിനും വ്യവസായവൽക്കരണത്തിനും ഈ പദ്ധതി ഊന്നൽ നൽകുന്നു. അതുകൊണ്ട് ഗ്രാമീണ തൊഴിലില്ലായ്മക്ക് പരിഹാരം കാണാൻ കഴിയുന്നതോടൊപ്പം ഒരു പുതിയ തൊഴിൽ സംസ്ക്കാരവും രൂപപ്പെടുന്നു. ഗ്രാമങ്ങൾ ഇന്നനുഭവിക്കുന്ന വികസന പ്രതിസന്ധിക്ക് വലിയൊരളവുവരെ പരിഹാരം കാണാൻ ഈ പദ്ധതിക്കു കഴിയുന്നു. ചുരുക്കത്തിൽ എല്ലാ അഭിപ്രായ വ്യത്യാസങ്ങളും മാറ്റിവച്ചുകൊണ്ട് നാടിന്റെ പുരോഗതിക്കായി രൂപപ്പെടുത്തിയ ഈ പദ്ധതി നമ്മുടെ നാട്ടിൽ ഒരു പുതിയ വികസന സംസ്ക്കാരത്തിനും രാഷ്ട്രീയ സംസ്ക്കാരത്തിനും തുടക്കം കുറിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ജനകീയാസൂത്രണം ജനങ്ങളിലുണർത്തിയ പുതിയ പ്രതീക്ഷ ഓരോഗ്രാമസഭയിലും പ്രകടമായിരുന്നു. ആവശ്യങ്ങൾ ഉന്നയിച്ചതോടൊപ്പം പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും ഗ്രാമീണർക്കു കഴിഞ്ഞു എന്നത് സന്തോഷപ്രദമാണ്. ഈ തുടക്കം നാടിനുണ്ടാകുന്ന വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിക്കും

**ലഘുചരിത്രം**

പ്രകൃതിസുന്ദരമാണ് വണ്ടിപ്പെരയാർ പഞ്ചായത്തു പ്രദേശം. തേയിലത്തോട്ടങ്ങൾ വളരെയധികമുള്ള വണ്ടിപ്പെരിയാർ പഞ്ചായത്ത് 120 ച:കിലോമീറ്റർ വിസ്തൃതിയിൽ കിടക്കുന്നു. 45660 ഓളം ജനങ്ങൾ ഇവിടെ അധിവസിക്കുന്നു. ഇവരിൽ നല്ലൊരു പങ്ക് തമിഴ് വംശജരാണ്. തേയിലക്കൃഷിക്ക് അനുയോജ്യമായ കാലാവസ്ഥയുണ്ടയിരുന്ന ഈ പ്രദേശം ഏകദേശം 120 വർഷങ്ങൾക്കുമുമ്പ് കുശാഗ്രബുദ്ധികളായ ബ്രിട്ടീഷുകാർ അവരുടെ വ്യവസായികമായ ദീർഘവീക്ഷണവും ലാഭേച്ഛയും അധികാരവും ഉപയോഗിച്ച് തേയിലക്കൃഷിക്ക് ഉപയുക്തമാക്കി. അക്കാലങ്ങളിൽ ഈ പ്രദേശത്തെ അതിശൈത്യവും മലമ്പനി, മസൂരി തുടങ്ങിയ മാരകരോഗങ്ങളും അവഗണിച്ച് മലയാളികളും തമിഴ്വംശജരും തൊഴിലിനെത്തിയിരുന്നു. ജീവനോടെ തിരിച്ചുപോയവർ വളരെ കുറച്ചുമാത്രം. ഇവിടെ വെള്ളക്കാരോടൊപ്പം നാട്ടുകാരും തേയിലക്കൃഷിയിൽ വ്യാപൃതരായി. അന്നത്തെ തൊഴിൽ സമ്പ്രദായം ദുഃഖകരമായിരുന്നു. അടിമകളെപ്പോലുള്ള തൊഴിൽ രീതി, കങ്കാണി സമ്പ്രദായം, ചികത്സ ലഭിക്കാത്ത അവസ്ഥ, പാർപ്പിട സൗകര്യങ്ങളുടെ അഭാവം, പേരിനുപോലും കൂലി ലഭിക്കാത്ത ദുഃസ്ഥിതി ഇവയെല്ലാം സഹിച്ച് വ്യവസായം വളർത്തിയ ആ പതിതരുടെ ജീവത്യാഗമാണ് ഏറ്റവും കൂടുതൽ വിദേശ നാണ്യം തേടിത്തരുന്ന തേയില വ്യവസായത്തിന് തുടക്കം കുറിച്ചത്.

ഈ വ്യവസായം വളർന്നതോടൊപ്പം വർദ്ധിച്ചുവന്ന തൊഴിൽ സാധ്യത കൂടുതൽ ജനങ്ങളെ ഈ മലമടക്കുകളിൽ എത്തിച്ചു. തോട്ടമുടമകൾ ഉപേക്ഷിച്ച സ്ഥലങ്ങളിലേക്ക് കുടിയേറ്റ കർഷകരും എത്തിച്ചേർന്നു. കപ്പ, നെല്ല് തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ കൃഷിചെയ്തു തുടങ്ങിയ കർഷകർ കാലാന്തരത്തിൽ കുരുമുളക്, ഏലം, കാപ്പി തുടങ്ങിയ നാണ്യ സുഗന്ധവിളകൾ കൃഷി ചെയ്യാൻ തുടങ്ങി.



UUL 6

തൊഴിൽ ലഭ്യത വർദ്ധിച്ചതോടുകൂടി തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങളിലും മാറ്റം വരുത്തണമെന്ന തീവ്രമായ വികാരം തൊഴിലാളികൾക്കിടയിൽ വ്യാപകമായി. അസംഘടിതരായിരുന്ന തൊഴിലാളിൾ സംഘടിക്കുകയും ആവശ്യങ്ങൾ നേടിയെടുക്കാനുള്ള പോരാട്ടങ്ങൾ തുടങ്ങുകയും ചെയ്തു. അതിന്റെ ഫലമാണ് 1952 ലെ പശുമല വെടിവെയ്പ്. വിലപ്പെട്ട രണ്ടു തൊഴിലാളി ജീവൻ നഷ്ടപ്പെട്ടു.

ഈ പ്രദേശത്തെ തൊഴിലാളികളെ സംഘടിപ്പിക്കുകയും ശക്തരാക്കുകയും ചെയ്തതിന്റെ പിന്നിൽ ശ്രീ.ബി.കെ.നായർ, ശ്രീ.എം.എം.സുന്ദരം, ശ്രീ.എൽ.രാമയ്യ, ശ്രീ.കെ.ഐ.രാജൻ, ശ്രീമതി.റോസമ്മ പുന്നൂസ് തുടങ്ങിയവരുടെ പ്രവർത്തനം സ്മരണീയമാണ്.

L .5-7-9755/50/FALS Dt 1.6.51-ാം നമ്പർ ഉത്തരുവു പ്രകാരം വണ്ടിപ്പെരിയാർ പഞ്ചായത്തു രൂപം കൊണ്ടു. പെരിയാർ നദിയുടെ ഇരുകരകളിലുമായി കിടക്കുന്ന വണ്ടിപ്പെരിയാർ പഞ്ചായത്ത് കേരളത്തിലെ വലിയ പഞ്ചായത്തുകളിൽ ഒന്നാണ്. 15 വാർഡുകളുള്ള ഈ പഞ്ചായത്തിൽ അരലക്ഷത്തോളം ജനങ്ങളുണ്ട്. കോട്ടയം കുമിളി റോഡ് ഈ പഞ്ചായത്തിന്റെ മദ്ധ്യത്തിലൂടെ കടന്നുപോകുന്നു. നിയമാനുസരണം രൂപീകരിക്കപ്പെട്ട പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റ് പരേതനായ ശ്രീ.എ.ജെ.എസ്.നമ്പ്യാർ ആയിരുന്നു. തുടർന്ന് ശ്രീ.സി.എം.മീരാണ്ണൻ റാവുത്തർ, ശ്രീ.എം.എം.സുന്ദരം, ശ്രീ.എ.ജെ.ദേവദാസ്, ശ്രീ.കെ.എസ്സ്.കൃഷ്ണൻ, ശ്രീമതി.ജ്ഞാന ശെൽവം ഡേവിഡ്, ശ്രീ.ട.എ.യൂസഫ്, ശ്രീ.എം.ബാലു, കുമാരി ശിവകാമി കറുപ്പുസ്വാമി എന്നീ വ്യക്തികളും പഞ്ചായത്തു പ്രസിഡന്റന്മാരായിരുന്നു. ഇപ്പോൾ ശ്രീമതി.ശാന്തി ഹരിദാസാണ് പ്രസിഡന്റ്. പഞ്ചായത്തിന്റെ ക്രമാനുഗതമായ വളർച്ചയിൽ അതാതുകാലത്തെ പ്രസിഡന്റും ഭരണസമിതി അംഗങ്ങളും കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്. എങ്കിലും ശ്രീ.എം.എം.സുന്ദരം പഞ്ചായത്തു പ്രസിഡന്റായിരുന്ന കാലത്താണ് ഈ പഞ്ചായത്തിന്റെ വികസന പ്രവർത്തനം ത്വരിതഗതിയിലായത്. വണ്ടിപ്പെരിയാറ്റിൽ പ്രൈമറി ഹെൽത്തു സെന്റർ, ഹൈസ്ക്കൂൾ എന്നിവ തുടങ്ങിയതും ഇന്നത്തെ പഞ്ചായത്താഫീസും ബസ്റ്റാൻഡും ഉൾപ്പെടുന്ന സ്ഥലം അക്വയർ ചെയ്തതും അദ്ദേഹത്തിന്റെ കാലത്തായിരുന്നു.

1903 ൽ മുണ്ടക്കയം പാലവും 1907 ൽ പെരിയാർ പാലവും പണിപൂർത്തിയതോടുകൂടി വണ്ടിപ്പെരിയാറിന്റെ വികസനം തുടങ്ങി എന്നുപറയാം. ആങ്കുർ റാവുത്തർ എന്ന ജന്മിയുടെ കയ്യിലായിരുന്നു വണ്ടിപ്പെരിയാർ ടൗണിന്റെ ഭൂരിഭാഗവും. അഞ്ചലാഫീസ്, വർക്കുസൂപ്രണ്ടാഫീസ്, പോലീസ് ഔട് പോസ്റ്റ് തുടങ്ങിയ ആഫീസുകൾ മാത്രമേ അക്കാലത്തുണ്ടായിരുന്നുള്ളു. 1952 ലാണ് സർക്കാർ പ്രൈമറി സ്ക്കൂൾ തുടങ്ങിയതുതന്നെ. എന്നാൽ ഇന്നു സ്ഥിതിയാകെമാറി. വിവിധ ഡിപ്പാർട്ടുമെന്റാഫീസുകൾ, 4 പ്രൈമറി സ്ക്കൂളുകൾ, 3 എൽ. പി. സ്ക്കൂളുകൾ, 2 ഹൈസ്ക്കൂളുകൾ എന്നിവ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിൽ ഒന്ന് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വളരെ പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ഹൈസ്കൂൾ ആണെന്നുള്ളത് വളരെ അഭിമാനകരമായ ഒന്നാണ്. ഒരു പ്രൈവറ്റു ഡിസ്പെൻസറി മാത്രമുണ്ടായിരുന്ന സ്ഥലത്ത് ഇപ്പോൾ വളരെയധികം സ്വകാര്യ ആശുപത്രികളും ഗവ: ഡിസ്പെൻസറിയും പ്രവർത്തിക്കുന്നു.

സാംസ്കാരിക രംഗത്ത് കഴിഞ്ഞകാലത്ത് വളരെ പിന്നിലായിരുന്ന ഈ സ്ഥലത്ത് ഇപ്പോൾ നാമമാത്രമായക്ലബുകൾ, വായനശാലകൾ, ഉപഭോക്തൃ സംരക്ഷണ സമിതിപോലുള്ള സാമൂഹ്യസംഘടനകൾ എന്നിവ പ്രവർത്തിക്കുന്നു.

ഭക്ഷ്യവസ്തുക്കളുടെ കാര്യത്തിൽ മുഖ്യമായും തമിഴ്നാടിനേയും സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളേയും പൂർണ്ണമായും ഈ പഞ്ചായത്ത് ആശ്രയിക്കേണ്ടിയിരിക്കുന്നു.

വണ്ടിപ്പെരിയാറിറ്റിലെ അയ്യപ്പക്ഷേത്രം അതിപുരാതനമാണ്. അത്രയും പഴക്കമില്ലെങ്കിലും ഇവിടത്തെ ക്രിസ്തീയ ദേവാലയവും മുസ്ലീംപള്ളിയും പ്രസിദ്ധിയുള്ളവതന്നെ. പ്രസിദ്ധമായ ശബരിമലയിലേക്കുള്ള മുഖ്യകവാടമാണ് വണ്ടിപ്പെരിയാർ. അതുപോലെ തേക്കടി വന്യമൃഗസങ്കേതവും ഇതിനടുത്തുതന്നെ. ഇക്കാരണങ്ങളാൽ ഈ പഞ്ചായത്തിന്റെ എല്ലാത്തരത്തിലുമുള്ള വികസനം അത്യന്താപേക്ഷിതമാണ്.

ആകെ ക്കൂടിനോക്കിയാൽ ഈ പ്രദേശം കേരളത്തിന്റെ വ്യവസായിക ഭൂപടത്തിലെന്നപോലെ ചരിത്രപാശ്ചാ[illegible]ും അപ്രധാനമല്ലാത്ത ഒരു സ്ഥാനം വഹിക്കുന്നതോടൊപ്പം ഭിന്നഭാഷകളുടെയും സംസ്കാരത്തി[illegible] മതാചാരങ്ങളുടെയും ഒരു സംഘമഭൂമികൂടിയാണ്. വിദേശനാണ്യം വളരെയധികം നേടിത്തരു[illegible]ുണ്ടെ[illegible] ഈ പ്രദേശം വികസനകാര്യത്തിൽ വളരെ പിന്നിലാണ്. ഈ ദുഃസ്ഥിതി പരിഹരിക്കാൻ നല്ലൊരവസരം [illegible]ിരിക്കുന്നു. ജനകീ[illegible]സൂത്രണത്തിന്റെയും വികേന്ദ്രീകരണത്തിന്റെയും സാധ്യതകൾ ഗ്രഹിക്കുകയും പൂർണ്ണമായി അതിൽ സമാക[illegible]യും ചെയ്താൽ നമ്മുടെ പിന്നോക്കാവസ്ഥ പരിഹരിക്കാം. ആ മഹത്തായ സംരംഭത്തിൽ പങ്കാളികളാകാമെ[illegible] പ്രതിജ്ഞയെടുക്കാം.

## ഭൂപ്രകൃതിയും വിഭവങ്ങളും

മലകളും കുന്നിൻ ചെരിവുകളും തിങ്ങിനിറഞ്ഞതാണ് പഞ്ചായത്തിലെ ഭൂപ്രദേശം പടിഞ്ഞാറു നിന്നു കിഴക്കോട്ട് ചരിഞ്ഞ് കിടക്കുന്ന സഹ്യപർവ്വതത്തിൻെറ ഒരു പാളിയായി ഈ പ്രദേശം സ്ഥിതിചെയ്യുന്നു. പ്രധാനമായും ചെമ്മണ്ണും ചരൽ കലർന്ന വളകുറവുള്ള മണ്ണ്, കറുത്ത മണ്ണ് എന്നിവ ഈ പ്രദേശത്ത് കാണപ്പെടുന്നു. നൂറ്റാണ്ടുകൾക്കു മുൻപ് വിദേശികളാൽ ഈ പ്രദേശങ്ങളിൽ തേയില കൃഷി ആരംഭിച്ചു. തേയില എസ്റ്റേറ്റുകളുടെ അതിർത്തിയോടു ചേർന്ന് കിടക്കുന്ന വളക്കുറവുള്ളതും ജലലഭ്യതയില്ലാത്തതുമായ കുടിയേറ്റ കർഷകർ നെല്ല്, കപ്പ, വാഴ എന്നിവ കൃഷിചെയ്തു പോകുന്നു.

ഭൂരിഭാഗ പ്രദേശങ്ങളിലും തേയില കൃഷി ഉള്ളതിനാലും, വന്യമൃഗങ്ങളുടെ ശല്യം മൂലവും കൃഷികൾ തുടർന്നു ചെയ്യുന്നതിന് പ്രയാസങ്ങൾ ഉണ്ടായി. തന്മൂലം നാണ്യവിളകളായ കുരുമുളക്, കാപ്പി, ഏലം, എന്നീ കൃഷികൾ ചെയ്യുന്നതിന് ജനങ്ങൾ നിർബന്ധിതരായി. പ്രതികൂലമായിരുന്ന കാലാസ്ഥയും കൃഷി നിർബാധം തുടങ്ങുവാൻ പ്രതിബന്ധമായിരുന്നു. തുടർച്ചയായി 9 മാസക്കാലത്തോളം മഴ ലഭ്യമായികൊണ്ടിരുന്ന അവസ്ഥയിൽ നിന്ന് ആയത് മൂന്ന് മാസകാലമായി ചുരുങ്ങി. കാലാവസ്ഥയിൽ ഉണ്ടായ ഈ മാറ്റവും കൃഷി മേഖലയെ ബാധിച്ചിട്ടുണ്ട്. ആയതിനാൽ ഭൂരിപക്ഷം വരുന്ന ജനങ്ങളും തേയിലതോട്ടങ്ങളെ ആശ്രയിച്ച് ഉപജീവനം നടത്തേണ്ടതായ അവസ്ഥയാണ് ഇന്നുള്ളത്.

ഭൂപ്രകൃതിയനുസരിച്ച് ഈ പഞ്ചായത്തിനെ താഴെ പറയും പ്രകാരം തരം തിരിക്കാം

1. കുന്നിൻ ചരിവോടുകൂടിയ സമതലം
2. കുന്നിൻ ചരിവോടുകൂടിയ താഴ്വര
3. തരിശുഭൂമി
4. പാറക്കെട്ടുകളും പുൽമേടുകളും

**മണ്ണ് സ്വഭാവം - മണ്ണിൻെറ ഇനം**

1. കറുത്ത മണ്ണ്
2. ചുവന്ന മണ്ണ്
3. ചരൽ കലർന്ന മണ്ണ്
4. തരിശ്
5. പാറക്കെട്ട്

ഈ മേഖലയിലെ പ്രധാന കൃഷി തേയിലയാണ്. കൂടാതെ നാണ്യവിളഖളായ കുരുമുളക്, ഏലം, കാപ്പി എന്നിവയുടെ കൂട്ടത്തിൽ കുറഞ്ഞ തോതിൽ തെങ്ങ്, കവുങ്ങ് തുടങ്ങിയവയും കാണപ്പെടുന്നു.

**വിളകൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ**

1. കുരുമുളക് - ധ്രുതവാട്ടം
2. കാപ്പി - കുമിൾരോഗം
3. ഏലം - കീടബാധ, തണ്ട്തുരപ്പൻ, ചീയൽ

ഭക്ഷ്യോത്പാദന ക്ഷമത ഈ പഞ്ചായത്തിൽ തീരെ കുറവാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തെ ഇതര പ്രദേശത്ത് നിന്നും കൊണ്ടുവരപ്പെടുന്ന ഭക്ഷ്യ ഉല്പന്നങ്ങളെ ആശ്രയിക്കേണ്ട നിലയിലാണ് ഇവിടുത്തെ ജനങ്ങൾ.



**ജനസംഖ്യ**

1991 ലെ കാനേഷ്മാരി പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ ~~45660~~ 49401 ആയിരുന്നു. ഇതിൽ ~~22174~~ 25171 പുരുഷന്മാരും ~~[illegible]~~ 24530 സ്ത്രീകളുമാണ്. പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ എണ്ണം 28470 ആണ്. അതിൽ പുരുഷന്മാർ 14452 സ്ത്രീകൾ 14018 ആണ്. പഞ്ചായത്തിലെ സാക്ഷരതയുള്ളവരുടെ എണ്ണം 31772 അതിൽ പുരുഷന്മാരുടെ എണ്ണം 19432 സ്ത്രീകളുടെ എണ്ണം 12340 ആണ്.

**തൊഴിൽ ഇല്ലാത്തർ**

പഞ്ചായത്തിലെ തൊഴിലില്ലാത്തവർ 957 പുരുഷന്മാരും 1252 സ്ത്രീകളുമാണ്. തൊഴിലിലായ്മ വളരെ രൂക്ഷമാണ്. ഏറ്റവും കൂടുതൽ തൊഴിൽ ലഭിയ്ക്കുന്നത് തേയില തോട്ടം മേഖലയിലാണ്. കൂടാതെ കൃഷി, ഭവനനിർമ്മാണം, റോഡ് എന്നി മേഖലകളിലാണ്. വിദേശത്തും ആളുകൾ ജോലി ചെയ്യുന്നു.

വർഷകാലത്തെ ശക്തിയേറിയ കാറ്റും അവിടവിടങ്ങളിലായി ഉരുൾപൊട്ടൽ മൂലവും കൃഷിനാശം സംഭവിക്കുന്നത് സാധാരണമാണ്. കൂടാതെ മഴക്കാലത്ത് പെരിയാർ നദി കരകവിഞ്ഞ് ഒഴുകുന്നത് മൂലം ആറ്റ് തീരത്തുള്ള കൃഷികൾക്ക് നാശം നേരിടാറുണ്ട്. 66 ാം മൈലിൽ നിന്നു ഉത്ഭവിച്ച് കെ.കെ.റോഡിന് സമാന്തരമായി ഒഴുകി പെരിയാർ നദിയിൽ ചേരുന്ന തോട്ടിൽ മഴക്കാലത്ത് വെള്ളം ക്രമാതീതമായി ഉയരുന്നത് മൂലം കെ.കെ.റോഡിൽ ദിവസങ്ങളോളം ഗതാഗതസ്തംഭനം അനുഭവപ്പെടാറുണ്ട്.

വർഷകാലത്തിൽ ഉണ്ടാകുന്ന ഈ പ്രവണതകൾക്കൊപ്പം തുലാവർഷ ദൈർഘ്യം കുറഞ്ഞ് വരുന്നതായും കാണപ്പെടുന്നു. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ കോടമഞ്ഞും കഠിനമായ തണുപ്പും ഈ മേഖലയിൽ കാണപ്പെടുന്നു.



**എൻെറ ജീവിതമാണ്**
**എൻെറ സന്ദേശം!!**
മഹാത്മാഗാന്ധി.

പട്ടിക I

| കാലാവസ്ഥ പട്ടിക | | | | | | |
|---|---|---|---|---|---|---|
| | 1995 | | | 1996 | | |
| Month | Rain Fall [MM] | Temperature [$^{0}$C ] | | Rain Fall [MM] | Temperature [$^{0}$C ] | |
| | | MIN | MAX | | MIN | MAX |
| JANUARY | 46.5 | 15.8 | 25.8 | 37.0 | 14.3 | 26.5 |
| FEBRUARY | ---- | 16.9 | 28.2 | 8.6 | 14.8 | 28.5 |
| MARCH | 117.5 | 16.1 | 28.9 | 57.2 | 16.5 | 30.8 |
| APRIL | 79.0 | 20.0 | 30.1 | 156.9 | 19.2 | 29.8 |
| MAY | 297.0 | 19.3 | 29.2 | 58.0 | 20.0 | 30.0 |
| JUNE | 367.3 | 19.5 | 26.3 | 346.4 | 18.5 | 27.1 |
| JULY | 375.3 | 19.2 | 22.9 | 474.8 | 18.6 | 20.7 |
| AUGUST | 328.6 | 18.6 | 27.4 | 232.9 | 19.2 | 25.6 |
| SEPTEMBER | 241.0 | 18.2 | 25.2 | 256.9 | 19.3 | 24.6 |
| OCTOBER | 258.1 | 18.9 | 27.0 | 277.1 | 17.9 | 24.9 |
| NOVEMBER | 140.1 | 18.0 | 26.1 | ---- | ---- | ---- |
| DECEMBER | ---- | 14.5 | 26.6 | ---- | ---- | ---- |

## പട്ടിക - II

| തൊഴിൽ വിഭജനം സംബന്ധിച്ച ചാർട്ട് | | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| പ്രധാന ജോലികൾ | | കൃഷിചെയ്യുന്നവർ | | കർഷക തൊഴിലാളികൾ | | മൃഗസംരക്ഷണം, മത്സ്യബന്ധനം വേട്ടയാടൽ, തോട്ടം മേഖല | | ഖനനം, കല്ല് പൊട്ടിക്കൽ | | വീട്ടുപകരണങ്ങൾ, ഉൽപാദനം, സംസ്ക്കരണം, അറ്റകുറ്റപ്പണി | | വീട്ടുപകരണങ്ങൾ അല്ലാത്ത സാധനങ്ങളുടെ ഉൽപാദനം, സംസ്ക്കരണം, അറ്റകുറ്റപ്പണി | | നിർമ്മാണ ജോലി | | വ്യവസായം, വ്യാപാരം | | ഗതാഗതം, സംഭരണം, വാർത്താ വിനിമയം | | മറ്റ് സേവനങ്ങൾ | | ഭാഗികമായി തൊഴിലുള്ളവർ | | തൊഴിൽ രഹിതർ | |
| പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| 7406 | 8882 | 680 | 255 | 1205 | 230 | 62 | 88 | 68 | 21 | 22 | 9 | 48 | 22 | 210 | 450 | 2940 | 472 | 310 | 20 | 60 | 30 | 30 | | | |

## കൃഷിയും ജലസേചനവും

വിദേശമേൽക്കോയ്മയുള്ള തോട്ടമുടമകൾ ആദ്യമായി തേയിലകൃഷി വ്യാപകമായി ആരംഭിച്ചു. തോട്ടങ്ങളിൽ ജോലി ചെയ്യുന്നതിന് അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും ആളുകളെ കൊണ്ടുവരികയും പാർപ്പിക്കുകയും ചെയ്തിരുന്നു. ആയതിനാൽ തമിഴ് വംശജർ ഏറെ ഇവിടെ കുടിയേറിപ്പാർക്കാൻ കാരണമായി. തോട്ടം ഉടമകളാൽ ഉപേക്ഷിക്കപ്പെട്ട കുന്നിൻ പ്രദേശങ്ങൾ തദ്ദേശവാസികളായ നാട്ടുകാർ ചെറുകിട കൃഷിയ്ക്ക് വേണ്ടി കൈവശപ്പെടുത്തുകയും നെല്ല്, കപ്പ, വാഴ എന്നിവ കൃഷി ചെയ്യുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ കൃഷികൾ ആദായമല്ലാത്ത സാഹചര്യത്തിൽ നാണ്യവിളകളായ ഏലം, കാപ്പി, കുരുമുളക് എന്നിവയിലേക്ക് കർഷകരുടെ ശ്രദ്ധ തിരിഞ്ഞു.

**പട്ടിക - 1**

**ഭൂവിനിയോഗപ്പട്ടിക**

| ക്രമ നമ്പർ | വിള | വിസ്തീർണ്ണം | ശതമാനം | |
|---|---|---|---|---|
| 1. | കുരുമുളക് | 1685 | 14% | |
| 2. | ഏലം | 1865 | 15.6% | |
| 3. | വാഴ | 80 | 0.67% | |
| 4. | തെങ്ങ് | 194 | 1.63% | |
| 5. | കാപ്പി | 1085 | 9.07% | |
| 6. | കമുക് | 27 | 0.23% | |
| 7. | റബ്ബർ | 18 | 0.16% | |
| 8. | കൊക്കോ | 4 | 0.03% | |
| 9. | തേയില | 4095 | 34.22% | |



കാർഷിക മേഖലകൾ അധികവും കുന്നിൻ പ്രദേശങ്ങളും ചെരിവു നിലങ്ങളുമായാണ് സ്ഥിതിചെയ്യുന്നത്. ജലസേചനത്തിൻെറ സൗകര്യം കുറവായതുകൊണ്ട് വിളകളുടെ ഉദ്പാദനക്ഷമത ഗണ്യമായി കുറയാൻ കാരണമായി. കൃഷിയ്ക്കു ഉപയുക്തമാക്കാവുന്ന ജലസേചനമേഖലകൾ വൻകിട തേയില തോട്ട ഉടമകളുടെ ഉടമസ്ഥതയിൽ ആയതിനാൽ ചെറുകിട കർഷകർക്ക് ഉപയോഗപ്രദമാകുന്നില്ല. കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില പലപ്പോഴും ലഭിയ്ക്കാറില്ല. വിപണന സൗകര്യങ്ങളുടെ അപര്യാപ്തത ഗതാഗത സൗകര്യകുറവ് ഇടത്തട്ടുകാരുടെ ചൂക്ഷണം തുടങ്ങിയവ കർഷകരെ കാര്യമായി ബാധിക്കുന്നു. ചെറുകിട നാമമാത്ര കർഷകരാണ് അധികവും. 1½ ഏക്കറിൽ താഴെ മാത്രം ഭൂമി ഉള്ളവരാണ് കാർഷികമേഖലയിൽ ഭൂരിപക്ഷവും. സ്വന്തം ഭൂമിയിൽ പണിയെടുക്കുന്ന കൃഷിക്കാരുടെ എണ്ണം കുറഞ്ഞുവരികയാണ്. മൊത്തം ജന സംഖ്യയിൽ ......... ശതമാനത്തിൽ കൂടുതൽ സ്വന്തമായി ഭൂമി ഇല്ലാത്തവരാണ്. തോട്ടം മേഖലയെ ആശ്രയിച്ചാണ് കൂടുതൽ ജനങ്ങളും ജീവിക്കുന്നത്. തോട്ടം തൊഴിലാളികൾക്ക് ദിനംപ്രതി 52 രൂപയും കാർഷികമേഖലയിൽ 50 രൂപയും കർഷകർക്ക് വേതനമായി ലഭിച്ചുവരുന്നു.

**വളപ്രയോഗം**

തോട്ടംമേഖലയിൽ രാസവളവും കീടനാശിനികളുമാണ് ഉപയോഗിക്കുന്നത്. ജൈവവളപ്രയോഗം താരതമ്യേന കുറവാണ്. കർഷകരും ഈ രീതിതന്നെയാണ് അനുകരിക്കുന്നത്. കാർഷിക മേഖലയിൽ മണ്ണൊലിപ്പും നിവാരണ പദ്ധതികളും ജലസേചന സൗകര്യങ്ങളും ഏർപ്പെടുത്തി കൃഷിയെ മെച്ചപ്പെടുത്താവുന്നതാണ്.

**പ്രശ്നങ്ങൾ**

1. വിപണന സൗകര്യങ്ങൾ കുറവ്. ഇടത്തട്ടുകാരുടെ ചൂഷണം
2. ജലസേചന സൗകര്യ കുറവ്
3. സാങ്കേതിക പരിജ്ഞാന കുറവും സർക്കാർ സഹായകുറവും
4. പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശം
5. ഫലപുഷ്ടി കുറവുള്ള മണ്ണ്
6. മണ്ണൊലിപ്പ്
7. കീടബാധ
8. നല്ല നടീൽ വസ്തുക്കളുടെ അപര്യാപ്തത
9. മതിയായ വില ലഭിയ്ക്കുന്നില്ല
10. ഉല്പാദന ക്ഷമത കുറവ്
11. കീടങ്ങളുടെ ശല്യം
12. ശാസ്ത്രീയമായ വളപ്രയോഗത്തിൻെറ അഭാവം
13. കടബാധ്യത
14. കാർഷിക വായ്പകളും സഹായങ്ങളും കിട്ടുവാനുള്ള താമസം
15. മണ്ണ് പരിശോധന നടത്തി ശാസ്ത്രീയ കൃഷിരീതി നിശ്ചയിക്കുന്നില്ല.
16. കാർഷിക മേഖലയിൽ, പ്രത്യേകിച്ച് വള്ളകടവ്, സ്ത്രം ഭാഗങ്ങളിൽ വന്യമൃഗങ്ങളുടെ വൻതോതിലുള്ള ശല്യം കൃഷിയെ നശിപ്പിക്കുന്നുണ്ട്.

**സാധ്യതകൾ**

1. പഞ്ചായത്തിൽ കൂടുതലും തേയില ഉല്പാദനമാണ്. നിലവിലുള്ള വിപണന കേന്ദ്രം കൊച്ചിയിൽ ആണ്. ഉല്പാദനമേഖലയിൽ തന്നെ വിപണന സൗകര്യവും ഉണ്ടാകണം.
2. തോട്ടം മേഖലയിൽ തൊഴിലാളികളുടെ അടിസ്ഥാന ജീവിത നിലവാരം മെച്ചപ്പെടുത്തുക.
3. കാർഷികമേഖലയിൽ മണ്ണ് സംരക്ഷണ പദ്ധതി ജനപങ്കാളിത്വതോടെ നടപ്പിലാക്കുക.
4. ഈ മേഖലയിൽ വാട്ടർഷെഡ് പദ്ധതിയും ചെറുകിട ജലസേചന പദ്ധതികളും ചെക്ക് ഡാമുകളും നിർമ്മിക്കുക.
5. ഇവിടുത്തെ കാർഷിക മേഖലയിലെ എല്ലാ വിളകൾക്കും സ്ഥിരമായ ഒരു വില നിശ്ചയപ്പെടുത്തുക.
6. കാർഷിക മേഖലയിലെ കർഷകർക്ക് കാർഷിക വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക.

7. കർഷകരുടെ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും ഇവ സംസ്ക്കരിക്കുന്നതിനും വേണ്ടി കർഷകരുടെ സമിതി രൂപീകരിച്ച് പ്രാവർത്തികമാക്കുക. ഇതു കൂടാതെ ഇതിനാവശ്യമായ സാമ്പത്തിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഈ സൗകര്യങ്ങൾ ദേശസാത്കൃത ബാങ്കു മുഖേന നടപ്പിലാക്കുകയും അനിവാര്യമായ ഒരു കാര്യമാണ്. കൂടാതെ കാർഷിക വികസന ബോർഡിൻെറ ഗവേഷണ ഫലങ്ങൾ യഥാസമയം കർഷകരിൽ എത്തിക്കുവാനുള്ള സൗകര്യം അനുവദിക്കുക.
8. കുരുമുളക് സംരക്ഷണ സമതി, കേര സംരക്ഷണ സമതി തുടങ്ങിയ സമതിയുടെ പ്രവർത്തനം കർഷകർക്ക് കൂടുതൽ പ്രയോജനപ്രദവും ഉപയുക്തമായ രീതിയിലും കാര്യക്ഷമമാക്കുക.
9. സ്വകാര്യതോട്ടം ഉടമകളുടെ കൈവശമുള്ള തരിശുഭൂമികൾ സർക്കാർ ഏറ്റെടുത്ത് കാർഷിക ആവശ്യത്തിന് ലഭ്യമാക്കുക.
10. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയും അതിനാവശ്യമായ വിത്തുകളും മറ്റ് സാങ്കേതിക ഉപദേശങ്ങളും സൗജന്യനിരക്കിൽ ഏർപ്പെടുത്തുകയും കൂടാതെ തോട്ടം മേഖലയിൽ അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തുക.

**സ്റ്റേറ്റ് വെജിറ്റബിൾ ഫാം**

പഞ്ചായത്തിൽ 5-ാം വാർഡ് 62-ാം മൈലിൽ സ്ഥിതി ചെയ്യുന്ന സർക്കാർ ഉടമസ്ഥയിലുള്ള പച്ചക്കറിത്തോട്ടം 40, 45 ഹെക്ടർ വിസ്ത്രിതിയുള്ളതും 1967 ജൂൺ മാസം പ്രവർത്തനം ആരംഭിച്ചതാണ്. ആദ്യകാലങ്ങളിൽ ഈ ഫാമിൽ പച്ചക്കറികൾ കൃഷിചെയ്ത് വിപണനം ചെയ്തിരുന്നു. 1977 ഓടു കൂടി നാണ്യവിളത്തോട്ടമായി ഇവിടുത്തെ കാർഷികരീതി മാറ്റപ്പെട്ടു.

നിലവിലുള്ള കൃഷി സംരക്ഷിച്ചുകൊണ്ടുതന്നെ പുഷ്പകൃഷിയും (നഴ്സറി) ഇവിടെ നടത്താവുന്നതാണ്. ഇതിന് നിലവിലുള്ള സംവിധാനങ്ങൾ കാര്യക്ഷമതയാക്കിയാൽ മതിയാകുന്നതാണ്. ടൂറിസ്റ്റ് കേന്ദ്രമായ തേക്കടി ഇതിന് സമീപമായതിനാൽ പുഷ്പകൃഷിയും; വിത്തു വില്പനയും ആദായകരമായി ഇവിടെ ചെയ്യാവുന്നതാണ്. ശാസ്ത്രീയമായ അറിവുകൾ ഈ സ്ഥാപനത്തിൽ നിന്നും ചെറുകിട കർഷകർക്ക് ലഭ്യമാക്കാവുന്നതാണ്.

അടുക്കളത്തോട്ടങ്ങൾ എന്ന ലക്ഷ്യം ഉന്നം വച്ച് പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിന് വെജിറ്റബിൾ ഫാമും, കൃഷിഭവനും മുൻകൈയെടുക്കേണ്ടതാണ്.

**ജലസേചനം**

ഈ പ്രദേശത്തെ കാർഷിക മേഖലകൾ കുന്നിൻപ്രദേശങ്ങൾ ആയതിനാൽ ജലസേചനം ഇവിടെ അടിയന്തിര പ്രാധാന്യമുള്ള ഒരു പ്രശ്നമായി തീർന്നിരിക്കുന്നു. കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് ജലസേചനം അത്യാവശ്യമായിനടപ്പിലാക്കേണ്ടപ്രദേശങ്ങളാണ് പഞ്ചായത്തിൽ എല്ലാ വാർഡുകളും. മാത്രമല്ല കുടിവെള്ളത്തിൻെറ ലഭ്യതയ്ക്കും ഇത് വളരെ അത്യാവശ്യമാണ്. ചെറുകിട ജലസേചനം നടത്തുന്നതിന് ഉപയുക്തമായ പ്രദേശങ്ങൾ ധാരാളമുണ്ട്. ഇതിന് വിഘാതമായി നിൽക്കുന്നത് ജലലഭ്യതയുള്ള ഭൂപ്രദേശങ്ങൾ തോട്ടം ഉടമകളുടെ കൈവശത്തിലാണെന്നതാണ്. ഇതുമൂലം ചെറുകിട കൃഷിക്കാർക്കും പൊതുജനങ്ങൾക്കും കൃഷിയ്ക്കും, കുടിവെള്ളം ആവശ്യമായ ജലലഭ്യതയുള്ള പ്രദേശങ്ങൾ വിട്ടുകിട്ടുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. കുന്നിൻപ്രദേശങ്ങളിൽ നിന്നും ആരംഭിയ്ക്കുന്ന ചെറു അരുവികളിൽ ആവശ്യാനുസരണം ചെക്കു ഡാമുകൾ പണികഴിപ്പിക്കുകയാണെങ്കിൽ ഒരു പരിധിവരെ ജലസേചനം സാദ്ധ്യമാക്കാൻ നമ്മുക്ക് സാധിക്കും.

പഞ്ചായത്തിലെ കാർഷിക മേഖലകളായ തേങ്ങാക്കല്ലും വള്ളക്കടവും, വാളാർഡി, ഡൈമുക്ക്, രാജമുടി എന്നീ സ്ഥലങ്ങളിലും അടിയന്തിരമായ ജലസേചന പദ്ധതികൾ ആരംഭിക്കുകയാണെങ്കിൽ ഇവിടുത്തെ നിവാസികൾക്ക് വളരെ പ്രയോജനപ്രദമാകും. ഇതരപ്രദേശങ്ങളിൽ കുളങ്ങൾ, കിണറുകൾ എന്നിവ അത്യാവശ്യമായി വേണ്ടതാണ്. ജലക്ഷാമം അനുഭവപ്പെടുന്ന വളരെ ഉയർന്ന പ്രദേശമായ കുരിശുമല പുതുവൽ തേങ്ങാക്കൽ 110 പുതുവൽ ഹരിജൻ/ഗിരിജൻ കോളനികൾ എന്നീ സ്ഥലങ്ങളിലും, കുടിവെള്ളവും കൃഷിയ്ക്ക് ആവശ്യമായ ജലസേചനവും ലഭ്യമാക്കേണ്ടിയിരിക്കുന്നു.

നിലവിൽ തോട്ടം ഉടമകളുടെ സ്വകാര്യ ആവശ്യത്തിന് നിർമ്മിച്ച ചെക്ക് ഡാമുകൾ ചെറുകിട കൃഷിക്കാർക്ക് പ്രയോജനപ്പെടുന്നില്ല.



## മൃഗസംരക്ഷണം

പഞ്ചായത്തിൽ കാലിവളർത്തൽ ആദായകരമായ രീതിയിൽ നടത്താവുന്നതാണ്. കാർഷിക മേഖലയിലും തോട്ടം മേഖലയിലും ഒരു ഉപവരുമാന മാർഗ്ഗമായി കാലിവളർത്തലിനെ ആശ്രയിക്കുന്നവരാണധികവും. എന്നാൽ അത്യുത്പാദനശേഷിയുള്ള കറവമാടുകളുടെ അഭാവവും, കന്നുകാലികൾക്ക് അടിക്കടി ഉണ്ടാവുന്ന രോഗബാധയും, ചികിത്സ സൗകര്യകുറവും, വിപണന രംഗത്തെ പ്രതിസന്ധിയും കാലിവളർത്തലിനെ പ്രതികൂലമായി ബാധിക്കുന്നു ഘടകങ്ങളാണ്.

വർഷങ്ങൾക്ക് മുൻപ് 62-ാം മൈലിൽ ഒരു ചില്ലിങ്ങ് പ്ലാൻറ് ഉണ്ടായിരുന്നു. കാലാന്തരത്തിൽ അത് നിർത്തലാക്കപ്പെട്ടു. ഇതിനെ തുടർന്ന് ഉത്പാദന വിപണന രംഗത്ത് തളർച്ച അനുഭവപ്പെട്ടു. വിസ്ത്രതമായ ഈ പഞ്ചായത്തിൽ ആകെ രണ്ട് മൃഗാശുപത്രികളാണ് നിലവിലുള്ളത്. സ്വന്തമായി കെട്ടിടംപോലും ഇല്ലാത്തവയാണ്. വാളാഡിയിൽ മൃഗാശുപത്രി ഒരു ഇടുങ്ങിയ മുറിയിൽ പ്രവർത്തിച്ചുവരുന്നു. കെട്ടിടം പണിയുന്നതിനു സ്ഥലസൗകര്യം ഉണ്ടെങ്കിലും അത് പ്രയോജനപ്പെടുത്താൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. ക്ഷീരോത്പാദനരംഗം സമ്പൂർണ്ണ സഹകരണാടിസ്ഥാനത്തിൽ ഏകോപിപ്പിക്കേണ്ടത് അനിവാര്യമായി തീർന്നിരിക്കുന്നു.

രോഗങ്ങൾ

കാലികൾക്ക് കുളമ്പുരോഗം, അകിടുവീക്കം, ദഹനസംബന്ധമായ രോഗങ്ങൾ സർവ്വസാധാരണമാണ്. ഇതിനു കാരണം അശാസ്ത്രീയമായ കാലിവളർത്തൽ മൂലം കുളമ്പ് രോഗം ധാരാളം പടർന്നുപിടിക്കുന്നു.

**പ്രശ്നങ്ങൾ**

1. അത്യുദ്പാദന ശേഷിയുള്ള കന്ന് കാലികളുടെ അഭാവം.
2. കന്ന് കാലികൾക്ക് വിവധ ഇനം രോഗങ്ങൾ ഉണ്ടാകുന്നു.
3. നിലവിൽ രണ്ട് മൃഗാശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൻെറ വിവധ വാർഡുകളിൽ നിന്നും പതിനഞ്ചുമുതൽ ഇരുപത് കിലോമീറ്റർ വരെ അകലെയാണ് ആശുപത്ര് സ്ഥിതി ചെയ്യുന്നത്. (വാർഡുകൾ 1,8,9,10,15)
4. തീറ്റപുൽകൃഷി നിലവിൽ ഇല്ല.
5. കാലിതീറ്റയുടെ അമിത വില.
6. പാലിന് മതിയായ വില ഇല്ല.
7. നല്ല കാലിത്തൊഴുത്തില്ല.
8. വിപണന സൗകര്യം ഇല്ല.
9. കാലി ചന്തയില്ല.
10. ശാസ്ത്രീയ സൗകര്യമുള്ള അറവുശാലകൾ ഇല്ല.
11. അനിയന്ത്രിതമായ ഗുണനിലവാരം കുറഞ്ഞ തമിഴ്നാട്ടിൽ നിന്നും വരുന്ന പാലിൻെറ ഒഴുക്ക്.
12. മൃഗാശുപത്രികൾക്ക് സ്വന്തമായി കെട്ടിടം ഇല്ല.

**സാദ്യതകൾ**

1. അത്യുത്പാദനശേഷിയുള്ള കന്ന് കാലികളെ ലഭ്യമാക്കുക.
2. രോഗപ്രതിരോധ നടപടി സ്വീകരിക്കുക.
3. നിലവിലുള്ള ആശുപത്രികളുടെ നില മെച്ചപ്പെടുത്തുകയും പുതിയത് അനുവദിക്കുകയും ചെയ്യുക.
4. തീറ്റപുൽകൃഷി വ്യാപകമാക്കുക. വിത്തും സഹായവും നൽകുക.
5. തോട്ടം മേഖലയിലെ ഉടമകളുടെ സഹകരണത്തോടുകൂടി സംഘടിത രീതിയിൽ കന്നു കാലി വളർത്തൽ പരിപോഷിപ്പിക്കുവന്നതാണ്.
6. ക്ഷീര സഹകരണ സംഘങ്ങൾ ആരംഭിക്കുകയും ക്ഷീരസംസ്കരണകേന്ദ്രം ആരംഭിക്കുകയും സഹകരണസംഘങ്ങളിലൂടെ കാലിത്തീറ്റ കുറഞ്ഞ വിലയിൽ ലഭ്യമാക്കുക.



7. ഈ പഞ്ചായത്തിലുള്ള 8-ാം വാർഡിൽ സർക്കാർ വക തരിശുഭൂമിയിൽ ഹിഫർ കം ഡയറി പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്.
8. മൃഗാശുപത്രിക്ക് സ്വന്തമായി സ്ഥലം ഉണ്ട്. കെട്ടിടം പണിയണം.
9. പ്രാദേശികാടസ്ഥാനത്തിൽ ഉദ്പാദന ക്ഷമത വർദ്ധിപ്പിച്ച് ഗുണനിലവാരമുള്ള പാൽ വിതരണം സാധ്യമാകുമെങ്കിൽ അന്യസംസ്ഥാനത്ത് നിന്ന് വരുന്ന പാലിന്റെ അമിത വരവ് തടയുവാൻ സാധിക്കും.
10. നല്ലയിനം കാലികളെ വാങ്ങുവാനും കാലികളെ വാങ്ങുവാനും കാലിത്തൊഴുത്ത് നിർമ്മാണത്തിനും സബ്സീഡിയോടുകൂടിയ വായ്പ സംവിധാനം ഏർപ്പെടുത്തുക.

**കോഴിവളർത്തൽ**

കോഴിവളർത്തൽ നാമമാത്രമാണ്. പ്രതികൂല കാലാവസ്ഥ ഒരു പ്രശ്നമായിരുന്നുവെങ്കിലും മാറിയ സാഹചര്യത്തിൽ കോഴിവളർത്തൽ ആദായകരമായി നടത്തുന്നതിന് സാദ്ധ്യതകളുണ്ട്. നിലവിൽ ആവശ്യമായ മുട്ടയും ഇറച്ചിയും അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതിചെയ്യുകയാണ്. ചെറുകിട കർഷകർക്കും തോട്ടം തൊഴിലാളികൾക്കും വരുമാനത്തിനും അഭ്യന്തര ഉപയോഗത്തിനും പ്രയോജനപ്പെടുന്ന രീതിയിൽ കോഴിവളർത്തൽ വ്യാപകമാക്കാവുന്നതാണ് പഞ്ചായത്തിനാവശ്യമായ മുട്ടകളും, ഇറച്ചിയും, പ്രാദേശികമായി ഉൽപാദിപ്പിക്കുന്നതിന് സാധിക്കുന്നു. ആയതിന് സഹകരണാടിസ്ഥാനത്തിൽ ശ്രമം ആരംഭിക്കാവുന്നതാണ്.

**ആടുവളർത്തൽ**

കുന്നിൻ പ്രദേശങ്ങളും, ചെരിവുകളും, സർക്കാർ തരിശുഭൂമികളും ധാരാളമുള്ള ഈ പ്രദേശത്ത് ആടുവളർത്തൽ ആദായകരമായി നടത്താവുന്നതാണ്. നിലവിൽ നാമമാത്രമായിട്ടാണ് ആടുവളർത്തൽ നടന്നുവരുന്നത്. കർഷകർക്ക് വായ്പ സൗകര്യം ഏർപ്പെടുത്തിക്കൊണ്ട് ആടുവളർത്തൽ വ്യാപകമാക്കാവുന്നതാണ്.

**മത്സ്യബന്ധനം**

പെരിയാർ നദിയിലും പ്രാന്തപ്രദേശങ്ങളിലും വിപണന അടിസ്ഥാനത്തിൽ മത്സ്യബന്ധനം സാദ്ധ്യമാക്കാവുന്നതാണ്. കാർഷികമേഖലയിൽ കുളങ്ങൾ തീർത്തും, ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തിയും മത്സ്യകൃഷി വ്യാപിപ്പിക്കാവുന്നതാണ്.

**മുയൽ വളർത്തൽ**

മുയൽ വളർത്തൽ പദ്ധതി ആരംഭിച്ച് ആദായകരമായി നടത്താവുന്നതാണ്.

അഹിംസയുടെ സജീവമായ
അവസ്ഥയാണ് സ്നേഹം
ഗാന്ധിജി

## മൃഗപരിപാലനം

രോഗം സംബന്ധിച്ച പട്ടിക (പട്ടിക 1)

| | പശു | എരുമ | പന്നി | ആട് | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|
| ദഹനസംബന്ധം | 1450 | 18 | 28 | 129 | 91 | 4 | 4 | 2 | 33 |
| ശ്വാസകോശ സംബന്ധം | 139 | 2 | 4 | 31 | 118 | 3 | 2 | | |
| ഉപാപചയ സംബന്ധം | 146 | 13 | 4 | 48 | | | | | |
| ത്വക്‌രോഗ സംബന്ധം | 433 | 12 | 11 | 31 | | | | | |
| ധാതുലവണങ്ങളിടെ അഭാവം | 115 | 2 | 14 | 2.9 | 22 | 6 | | | |
| വരാദ രോഗങ്ങൾ | 2472 | 24 | 5 | 405 | 400 | | | 4 | 15 |
| വന്ധ്യത | 81 | 5 | | 16 | | | | | |
| അകിടുവീക്കം | 193 | | | 19 | | | | | |
| പ്രത്യുദ്പാദന വ്യവസ്തയുമായുള്ള സംബന്ധം | | 5 | | | | | | | |
| പകർച്ച വ്യാധികൾ | | | | | | | | | |
| മറ്റുള്ളവ | 10 | | | | | | | | |

(പട്ടിക 2)

| വളർത്തു മൃഗസംഖ്യ | | | | | | | | |
|---|---|---|---|---|---|---|---|---|
| കാള നാടൻ | കാള സങ്കരം | പശു നാടൻ | പശു സങ്കരം | എരുമ | പോത്ത് | ആട് | പന്നി | പട്ടി |
| 246 | 206 | 701 | 1029 | 29 | 2 | 337 | | 327 |

(പട്ടിക 3)

| വളർത്തു പക്ഷിസംഖ്യ | | | | |
|---|---|---|---|---|
| പൂവൻ കോഴി | പിടക്കോഴി | | താറാവ് | മറ്റുള്ളവ |
| | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | | |
| 980 | 10408 | 3603 | 30 | 30 |

# വ്യവസായം

ഈ പഞ്ചായത്തിൽ ഭൂരിഭാഗവും വൻകിടതേയിലത്തോട്ടങ്ങളാണ്. ഇത് കൂടാതെ 30 ഓളം ചെറുകിട ഏലം, കാപ്പിത്തോട്ടങ്ങളും ഉൾപ്പെടുന്നു. അതുകൊണ്ടുതന്നെ നാണ്യവിളകളാണ് ഇവിടുത്തെ പ്രധാന കൃഷി. 11 വാർഡുകളിലായി തേയില കൃഷിയുമായ് ബന്ധപ്പെട്ട 12 ഫാക്ടറികൾ പ്രവർത്തിക്കുന്നു. ഇവയെല്ലാം തന്നെ സ്വകാര്യമേഖലയിലുള്ളതാണ്. ഈ മേഖലയിൽ ആകെ 19500 ഓളം തൊഴിലാളികൾ പണിയെടുക്കുന്നു. ഭൂമിയുടെ ഉടമസ്ഥത സ്വകാര്യതോട്ടം ഉടമകളിൽ നിക്ഷിപ്തമായുള്ളതിനാൽ വികസന മാന്ദ്യം അനുഭവപ്പെടുന്നു.

1991 കനേഷ്മാരി പ്രകാരം 45660 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 19500 പേര് തോട്ട മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളാണ്. ഇവരിൽ ഭൂരിഭാഗവും തമിഴ് വിഭാഗക്കാരും, സ്ത്രീകളുമാണ്. തോട്ടം തൊഴിലാളികളുടെ പ്രതിദിന കൂലി 52. രൂപ 73 പൈസയാണ്. പ്ലാൻേറഷൻ ലേബർ നിയമത്തിൻെറ പരിധിയിൽ വരുന്ന ബഹുഭൂരിപക്ഷം തോട്ടം തൊഴിലാളികളുടെയും ജീവിത നിലവാരം താരതമ്യേന മോശമാണ്. സേവന വേതന വ്യവസ്ഥയിലും പാർപ്പിട സൗകര്യത്തിലും ചികത്സ, വിദ്യാഭ്യാസ സൗകര്യത്തിൻെറ കാര്യത്തിലും പിന്നോക്കാവസ്ഥയാണ് നിലവിലുള്ളത്. നാണ്യ വിളകളിലൂടെ നല്ലൊരു ശതമാനം വിദേശനാണ്യം നേടിത്തരുന്ന ഈ മേഖലയിൽ കേന്ദ്ര, സംസ്ഥാന ഗവൺമെൻറുകളുടെ പ്രത്യേക ശ്രദ്ധ പതിക്കേണ്ടത് അത്യാവശ്യമാണ്. ചെറുകിട തോട്ടം മേഖലയിൽ പണിയെടുക്കുന്ന നല്ലൊരു വിഭാഗം ജനങ്ങൾക്ക് സേവനവേതന സ്ഥിരത ലഭിയ്ക്കുന്നില്ല.

**പ്രശ്നങ്ങൾ**

1. പുതിയ വ്യവസായ സംരഭങ്ങൾക്ക് സ്ഥലം ലഭിയ്ക്കുന്നതിലുള്ള ബുദ്ധിമുട്ട്.
2. വൈദ്യുതി ക്ഷാമം.
3. പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാൻ നേരിടേണ്ടിവരുന്ന നിയമ സാങ്കേതിക തടസ്സങ്ങൾ.
4. വിദ്ഗധ തൊഴിലാളികളുടെ അഭാവം.
5. സേവന വേതന വ്യവസ്ഥയിൽ കാലാനുസൃത മാറ്റമില്ലായ്മ.
6. വിപണന കേന്ദ്രത്തിൻെറ അഭാവം.
7. അഭ്യസ്ഥ വിദ്യരായ യുവതിയുവാക്കൾക്ക് തൊഴിൽ പരിശീലനത്തിനുള്ള സാദ്ധ്യതകളുടെ അഭാവം.

**നിർദ്ദേശങ്ങൾ**

1. ഈ പഞ്ചായത്തിൻെറ 12 തേയില ഫാക്ടറികളിൽനിന്നും ലഭ്യമാകുന്ന തേയില വേസ്റ്റ് കൊണ്ട് കഫിൻ നിർമ്മാണം സാദ്ധ്യാമാക്കാവുന്നതാണ്.
2. ഏലം, കാപ്പി എന്നിവയുടെ സംസ്കരണവും, വിപണനവും നടപ്പിലാക്കാവുന്നതാണ്. ഇതുമൂലം ധാരാളം പേർക്ക് തൊഴിൽ ലഭിക്കുന്നതും, കള്ളക്കടത്തും, നികുതിവെട്ടിപ്പും തടയുവാനും, ഇടത്തട്ടു ചൂഷണം ഒഴിവാക്കാനും കഴിയും.
3. ചെറുകിട വ്യവസായം എന്ന നിലയിൽ കാപ്പിപ്പൊടി നിർമ്മാണം, കറിപ്പൗടറുകൾ റെഡിമെയ്ഡ് വസ്ത്രങ്ങൾ എന്നിവയുടെ ഉൽപ്പാദനം, വിപണനം, ഈറ കൊണ്ടുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം, വിപണനം എന്നിവ സാദ്ധ്യാമാക്കാവുന്നതാണ്.
4. ഹോളോ ബ്രിക്സ്, സിമൻറ് ഇഷ്ടിക തുടങ്ങിയ കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നതിനുവേണ്ട അസംസ്കൃത വസ്തുക്കൾ ലഭിയ്ക്കുന്നത് കൊണ്ട് കെട്ടിടനിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന ഫാക്ടറികൾ ആരംഭിക്കാവുന്നതാണ്.
5. മെറ്റൽ ക്രഷർ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിക്കുവാൻ സാദ്ധ്യതയുണ്ട്.
6. സ്റ്റീൽ, തടി എന്നിവകൊണ്ടുള്ള ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.
7. മോൾഡിംഗ് വർക്ക്സ്, പാൽ സംസ്കരണ യൂണിറ്റ്, ആഗ്രോ ക്ലിനിക്കുകൾ എന്നിവ സ്ഥാപിക്കാവുന്നതാണ്.
8. പട്ടുനൂൽപ്പുഴു വളർത്തൽ പ്രോൽസാഹിപ്പിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.
9. സഹകരണ അടസ്ഥാനത്തിൽ ചെറുകിട തേയില ഫാക്ടറികൾ ആരംഭിക്കാവുന്നതാണ്.



10. ലോകപ്രശ്സത ടൂറിസ്റ്റ് കേന്ദ്രമായ തേക്കടിയുടെ പ്രവേശന കവാടവും, പ്രാന്തപ്രദേശമായ നിരവധി പ്രദേശങ്ങളുണ്ട്. പെരിയാർ നദിയിൽ വള്ളക്കടവ് ഭാഗത്ത് ബോട്ടിംഗ് നടത്തുവാൻ അനുയോജ്യമായ ജലാശയങ്ങളുണ്ട്. പെരിയാർ വന്യമൃഗസംരക്ഷണ കേന്ദ്രത്തിന്റെ ഡോർമിറ്ററി ഹാളുകൾ, ബോട്ടിംഗ് മറ്റ് ടൂറിസ്റ്റ് വികസന സ്കീമുകളും നിലവിലുണ്ട്.
11. കൂടാതെ പ്രകൃതിരമണീയമായ പ്രദേശമാണിത്. ഇതിനും പുറമെ 8, 13-ാം വാർഡുകളിൽ സ്വകാര്യ എസ്റ്റേറ്റ് വക ടൂറിസത്തിന് അനുയോജ്യമായ ജലാശയങ്ങളുണ്ട്. തീർത്ഥാടന കേന്ദ്രമായ ശബരിമലയുടെ സമീപപ്രദേശമായ മൗണ്ട്, ശബരിമല കൊക്ക ഭാഗങ്ങൾ പ്രകൃതി സൗന്ദര്യംകൊണ്ട് അനുഗ്രഹീതമാണ്. ഗ്രാമ്പി വനങ്ങളും താഴ്വരകളും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പര്യാപ്തമായ പ്രദേശങ്ങളാണ്. തൊട്ടടുത്ത ഏലപ്പാറ, പീരുമേട് എന്നീ പഞ്ചായത്ത് പ്രദേശങ്ങളും ടൂറിസത്തിന് സാദ്ധ്യതയുള്ളതിനാൽ ഈ പ്രദേശം ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമാക്കാനുള്ള സാദ്ധ്യതകളേറെ.
12. വൻകിട തോട്ടമുടമകളുടെ കൈവശമുള്ള തരിശ്ഭൂമികൾ വ്യവസായിക ആവശ്യത്തിനായി വിട്ടുകൊടുക്കുന്നതിനുള്ള നിയമനടപടികൾ ഉണ്ടാകേണ്ടതുണ്ട്

''ആത്മ ശക്തികൊണ്ട്
ഏതുസൈനിക ശക്തിയേയും
മുട്ടുകുത്തിക്കാനാവും''
ഗാന്ധിജി



# ഊർജ്ജം, ഗതാഗതം മാർക്കറ്റ്

**ഊർജ്ജം**

പഞ്ചായത്തിൻെറ ഭൂരിഭാഗവും തോട്ടം മേഖലയാണ്. ഭൂരിഭാഗം ജനങ്ങളും അധിവസിക്കുന്നത് എസ്റ്റേറ്റ് വക ലയൻസിലണ്. ഒരു ലയത്തിൽ 5 മുതൽ 7 വരെ മുറികളുണ്ട്. ഇവയിലോരോന്നിലും ഒന്നും അതിലധികവും കുടുംബങ്ങൾ താമസിക്കുന്നുണ്ട്. തോട്ടമുടമകളുടെ അനാസ്ഥമൂലം ഏറിയപങ്ക് വീടുകളും വൈദ്യുതീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ ആകെ 12067 കുടുംബങ്ങളുള്ളതിൽ 4404 കുടുംബങ്ങൾക്ക് മാത്രമാണ് വൈദ്യുതി ലഭിച്ചിട്ടുള്ളത്. കാർഷിക മേഖലയോട് ചേർന്ന് 20 പട്ടികജാതി കോളനികളും 2 പട്ടികവർഗ്ഗ കോളനികളും നിലവിലുണ്ട്. ഇവയിൽ 7 പട്ടികജാതി കോളനികളിൽ വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും എല്ലാവർക്കും കണക്ഷൻ ലഭിച്ചിട്ടില്ല. കാർഷിക മേഖലയിൽ ഏറിയപങ്കും വൈദ്യുതി ലഭിച്ചിട്ടില്ലാത്തവരാണ്.

ഭൂരിഭാഗം ജനങ്ങളും പാചകത്തിന് വിറകും വെളിച്ചത്തിന് മണ്ണെണ്ണ വിളക്കുകളുമാണ് ഉപയോഗിക്കുന്നത്. ഇത് കുട്ടികളുടെ പഠനത്തെ പ്രതികൂലമായ് ബാധിക്കുന്നു. പാചകവാതകം (L.P.G) ഉപയോഗിക്കുന്നവർ 430 കുടുംബങ്ങളാണ്. ഗോവർഗ്യാസ് ഉപയോഗിക്കുന്നവർ വളരെ വിരളമാണ്.

കന്നുകാലിവളർത്തൽ പ്രോത്സാഹിപ്പിക്കുകയും ബയോഗ്യാസ് പ്ലാൻറുകളുടെ പ്രാധാന്യം ബോധ്യപ്പെടുത്തുകയും ചെയ്താൽ ഊർജ്ജ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമാകും. ആയതിലേക്കായി പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളുടെയും സർക്കാരിൻെറയും സഹായം ആവശ്യമാണ്. പൊതു വിതരണ സ്ഥാപനങ്ങളിൽ നിന്നും മണ്ണെണ്ണ ആവശ്യത്തിന് ലഭിയ്ക്കാത്തതിനാൽ സ്വകാര്യ കച്ചവടക്കാരിൽ നിന്നും കൂടുതൽ വിലകൊടത്ത് മണ്ണെണ്ണ വാങ്ങേണ്ടിവരുന്നു. പരിഷത്ത് അടുപ്പുകൾ കൂടുതൽ പ്രചരിപ്പിക്കേണ്ടതുണ്ട്. അതിനുള്ള ബോധവൽക്കരണം സന്നദ്ധ സംഘടനകളുടെ സഹകരണത്തോടു കൂടി നടത്തേണ്ടതുണ്ട്. പഞ്ചായത്തിലാകെ 235 ബൾബുകളും, 97 ട്യൂബ് ലൈറ്റുകളും, 4 സോഡിയം വേപ്പർ ലാമ്പുകളും ഉൾപ്പെടെ 336 തെരുവിളക്കുകളുണ്ട്.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിൻെറ പകുതിയിലേറെ ഭാഗത്തും വൈദ്യുതി എത്തിയിട്ടില്ല. കടുത്ത വോൾട്ടേജ് ക്ഷാമവും നിലവിലുണ്ട്.
2. തോട്ടമുടമുകളുടെ നിസ്സഹരണം മൂലം തോട്ടം മേഖലയിലെ കുടുംബങ്ങൾക്ക് വൈദ്യുതി, ലഭിക്കുന്നതിന് തടസ്സമുണ്ടാകുന്നു.
3. പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിൽ അധികവും വൈദ്യുതി എത്തിച്ചേരാത്തവയാണ്. ഗവൺമെൻറ് ദത്തെടുത്ത കോളനികളിൽപ്പോലും വൈദ്യുതി ലഭ്യമായിട്ടില്ല.
4. ആവശ്യത്തിന് തെരുവ് വിളക്കുകളില്ല.
5. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കണം.
6. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കണം.
7. വിറകിൻെറ അമിതവിലയും ദൗർലഭ്യവും.
8. പൊതുവിതരണ കേന്ദ്രങ്ങൾ വഴി ആവശ്യത്തിനു മണ്ണെണ്ണ ലഭിയ്ക്കുന്നില്ല.
9. പെരിയാർ നദിയിൽ നിന്നും വൻകിട തോട്ട വ്യവസായികൾ യാതൊരു തത്വധീക്ഷയുമില്ലാതെ വെള്ളം വൻ പമ്പ് സെറ്റുകൾ സ്ഥാപിച്ച് തോട്ടങ്ങൾ നനയ്ക്കുവാൻ ഉപയോഗിക്കുന്നു. തന്മൂലം ഇടുക്കി ഡാമിലേയ്ക്ക് ഒഴുകി എത്തേണ്ട ജലസമ്പത്തിനു കുറവ് സംഭവിയ്ക്കുന്നു. ഈ വൻകിട തോട്ട ഉടമകൾ ഒരു മണിക്കൂറിൽ ചോർത്തി എടുക്കുന്ന വെള്ളം നമ്മുടെ പഞ്ചായത്തിൽ ഒരു ദിവസത്തെ കുടിവെള്ള ആവശ്യം നിറവേറ്റാൻ ഉതകുന്നതാണ്. തോട്ട വ്യവസായികൾ അവരുടെ തോട്ടങ്ങളിലുള്ള നീർമറി പ്രദേശങ്ങളിൽ കുളങ്ങൾ സ്ഥാപിച്ച് കാർഷിക ആവശ്യത്തിനു ഉപയോഗിക്കാവുന്നതാണ്.

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിൻെറ 9, 15 വാർഡുകളിൽ കാറ്റാടിയന്ത്രം സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് സാദ്ധ്യതയുണ്ട്.

2. വണ്ടിപ്പെരിയാർ ഇലക്ട്രിക്കൽ സബ്ബ് സ്റ്റേഷനു സമീപം 5 മെഗാ വാട്ട് ശേഷിയുള്ള ഡീസൽ വൈദ്യുതി നിലയം സ്ഥാപിക്കാവുന്നതാണ്. ഇതിന് ഉദ്ദേശം 7½ കോടി രൂപാ ചെലവു പ്രതീക്ഷിക്കുന്നു. ഇത് പ്രാവർത്തികമായാൽ വണ്ടിപ്പെരിയാർ കുമിളി മേഖലയ്ക്ക് ഇന്നത്തെ നിലയിൽ പൂർണ്ണമായി വൈദ്യുതി വിതരണത്തിന് സാധിക്കുന്നതാണ്. ഇതിനുവരുന്ന മുടക്കുമുതൽ 7 വർഷം കൊണ്ട് തിരികെ കിട്ടുന്നതാണ്. കൂടാതെ 20 പേർക്ക് സ്ഥിര ജോലി നൽകാൻ കഴിയും. 2 ഏക്കർ സ്ഥലം മതിയാകുന്ന ഈ പദ്ധതി പണി ആരംഭിച്ചു ഉദ്ദേശം 2 വർഷത്തിനുള്ളിൽ പ്രവർത്തന സജ്ജമാക്കാവുന്നതാണ്. കോട്ടയത്തുനിന്നുവരുന്ന 66 KV ഫീഡർ മാത്രം ഉപയോഗിച്ചാണ് K.S.E.B ഇവിടെ വൈദ്യുതി നൽകുന്നത്. ഈ ലൈനിൽ തകരാറുവന്നാൽ മറ്റു സ്ഥലങ്ങളിൽ ചെയ്യുന്നതുപോലെ വൈദ്യുതി എത്തിക്കുവാൻ ഇവിടെ മാർഗ്ഗമില്ല. ആയതിനാൽ വണ്ടിപ്പെരിയാർ കുമിളി പ്രദേശങ്ങളുടെ വികസനത്തിന് ഈ നിലയം അത്യന്താപേക്ഷിതമാണ്.

"ലോകരെ
മുഴുവൻ
സന്തോഷിപ്പിക്കുവാൻ
വേണ്ടിയാണെങ്കിൽ കൂടി
വഞ്ചന
കാണിക്കരുത്"

ഗാന്ധിജി

# ഗതാഗതം

വിസ്തൃതമായ ഈ പഞ്ചായത്തിൽ ഗതാഗതസൗകര്യം വളരെ കുറവാണ്. പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനും ചികിത്സയ്ക്കും കിലോമീറ്റർ ദൂരത്തിലുള്ള വണ്ടിപ്പെരിയാറിനെയാണ് ആശ്രയിക്കുന്നത്. റോഡുകളിൽ ഭൂരിഭാഗവും വൻകിട തോട്ടമുടമകളുടെ കൈവശത്തിലാണ്. കാലാകാലങ്ങളിൽ ഈ റോഡുകൾ ടാർ ഇടുകയോ ചെയ്യാറില്ല. ഈ റോഡുകൾ സർക്കാരിനോ, പഞ്ചായത്തിനോ കൈമാറാൻ തോട്ടമുടമകൾ തയ്യാറാകുന്നില്ല. തോട്ടം മേഖലയോടു ചേർന്നു കിടക്കുന്ന കാർഷിക മേഖലകളിൽ എത്തിപ്പെടുന്നതിന് മതിയായ സൗകര്യങ്ങളില്ല. ഇവിടങ്ങളിൽ ഗതാഗത യോഗ്യമായ റോഡുകൾ നിർമ്മിക്കുന്നതിന് തോട്ടം ഉടമകൾ തടസ്സം നിൽക്കുന്നു. വലിയ ഒരു അളവുവരെ ഈ അവസ്ഥ പഞ്ചായത്തിന്റെ എല്ലാത്തരത്തിലുമുള്ള വികസനത്തിന് മുഖ്യ തടസ്സമായി മാറിയിട്ടുണ്ട്.

ജന പങ്കാളിത്തത്തോടുകൂടി നിലവിലുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുകയും കാർഷികമേഖലയിലേക്ക് പുതിയ റോഡുകൾ നിർമ്മക്കുകയും ചെയ്തുകൊണ്ട് ഈ പഞ്ചായത്തിലെ ഈ ദുരവസ്ഥയ്ക്ക് മാറ്റം ഉണ്ടാക്കാൻ കഴിയും. പഞ്ചായത്തിലെ മിക്കവാറും എല്ലാ വാർഡുകളിലും രോഗികളുടെ ചികത്സയ്ക്കുപോലും കിലോമീറ്ററുകൾ താങ്ങി പഞ്ചായത്ത് ആസ്ഥാനത്തുള്ള ആശുപത്രികളിലെത്തിക്കുകയാണ് പതിവ്. രോഗം വന്ന് അവശരായവരെ ഇന്നും പ്രാചീനരീതിയിൽ കസേരകളിലിരുത്തി ചുമന്ന് ആശുപത്രിയിലെത്തിക്കുന്ന അവസ്ഥ ഇന്നും ഉണ്ട്. തോട്ടം മേഖലയിലെ റോഡുകൾ നന്നെ വീതി കുറഞ്ഞവയാണ്. ഈ റോഡുകൾ ബസ് സർവ്വീസിന് ഉപയുക്തമല്ല. മാത്രമല്ല തോട്ടം ഉടമകൾ അതുവഴി കടന്നുപോകുന്ന വാഹനങ്ങൾക്ക് ടോൾ പിരിവ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം റോഡുകളിൽ പോലും ചില സ്ഥലങ്ങളിലേക്ക് പരിമിതമായ തോതിൽ ബസ് സർവ്വീസും ഉണ്ട്. അധികം ജനങ്ങളും ഗതാഗതത്തിന് ജീപ്പിനെയാണ് ആശ്രയിക്കുന്ന 100 ലധികം ജീപ്പുകളും, ഓട്ടോ റിക്ഷകളും ഉണ്ടെങ്കിലും ഇവ പാർക്ക് ചെയ്യുന്നതിന് ആവശ്യമായ ടാക്സി സ്റ്റാൻറുകളോ ഇല്ല.

**പ്രശ്നങ്ങൾ**

1. എല്ലാവാർഡുകളിലും നിലവിലുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുകയും പുതിയവ നിർമ്മിക്കുകയും ചെയ്യണം.
2. റോഡുകൾക്ക് ഓടകൾ നിർമ്മിച്ച് വശങ്ങൾ കെട്ടി ബലപ്പെടുത്തണം.
3. തോട്ടം മേഖലയിലെ റോഡുകൾ യഥാസമയം ഗതാഗതയോഗ്യമാക്കുകയോ, സർക്കാരിനോ, പഞ്ചായത്തിനോ കൈമാറുകയോ ചെയ്യണം.
4. കാർഷിക മേഖലയിൽ ഗതാഗതത്തിനു ജനപങ്കാളിത്തത്തോടും തോട്ടം ഉടമകളുടെ സഹകരണത്തോടും പുതിയ റോഡുകൾ നിർമ്മിക്കണം.
5. ടാക്സി ഓട്ടോറിക്ഷ സ്റ്റാൻറുകൾ പ്രത്യേകമായും നിർമ്മിക്കണം.
6. വെയിറ്റിംഗ് ഷെഡ്, മൂത്രപ്പുര ഇവ നിർമ്മിക്കണം.
7. കലുങ്കുകൾ, ചപ്പാത്തുകൾ, പാലങ്ങൾ, നടപ്പാലങ്ങൾ എന്നിവ നിർമ്മിക്കണം.
8. **റോഡുകൾ പ്രശ്നങ്ങൾ പരിഹാരങ്ങൾ**

വണ്ടിപ്പെരിയാർ തേങ്ങാക്കൽ റോഡ് ഈ പഞ്ചായത്തിലെ പ്രധാന റോഡുകളിൽ ഒന്നാണ്. ഇതിന്റെ ദൈർഘ്യം പതിനാലു കി.മീറ്ററാണ്.

വണ്ടിപ്പെരിയാർ ചെങ്കര റോഡ് 15 കി: മീ:

വണ്ടിപ്പെരിയാർ ശബരിമല സത്രം റോഡ് 15 കി: മീ:

അരണക്കൽ ഗ്രാമ്പി റോഡ് 4 കി: മീ: ഈ റോഡുകൾ P.W.D ഏറ്റെടുക്കണം. ഇതിൽ വണ്ടിപ്പെരിയാർ ശബരിമല സത്രം റോഡ് P.W.D ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കിയാൽ നിലവിൽ വണ്ടിപ്പെരിയാറിൽ നിന്നും വള്ളക്കടവ് ഉപ്പുപാറ വഴി ശബരിമല സന്നിധാനത്തിലേയ്ക്ക് പോകുന്നതിനുള്ള യാത്രാ ദൂരം ഗണ്യമായി കുറയ്ക്കുവാനും തിരക്ക് ഒഴിവാക്കുവാനും കഴിയും

നൂറ്റാണ്ടുകൾ പഴക്കമുള്ള K.K റോഡിലെ പ്രധാനപാലങ്ങളിൽ ഒന്നാണ് വണ്ടിപ്പെരിയാർ പാലം. ലോക പ്രശസ്ത ടൂറിസ്റ്റ് കേന്ദ്രമായ തേക്കടിയിലേയ്ക്ക് ആകെയുള്ള ഗതാഗതമാർഗ്ഗമായതിനാൽ ദിനംപ്രതി നൂറുകണക്കിന് വാഹനങ്ങൾ ഈ പാലത്തിലൂടെ കയറി ഇറങ്ങുന്നു. കൂടാതെ അതിർത്തിപ്രദേശമായ തമിഴ്നാട്ടിൽ നിന്നുള്ള



പച്ചക്കറി മറ്റ് ഭക്ഷ്യസാധനങ്ങൾ കൊണ്ടുവരുന്ന വാഹനങ്ങളും ഈ പാലത്തിലൂടെ കയറിയിറങ്ങുന്നു. ശബരിമല സന്നിധാനത്തിലേയ്ക്കുള്ള പ്രധാനയാത്ര മാർഗ്ഗവും കൂടിയാണ്. എല്ലാ സമ്മർദ്ദങ്ങളും ഏറ്റുവാങ്ങുകയും, കാലപഴക്കം മൂലവും പാലം തകർച്ചയുടെ വക്കിലാണ്. അടിയന്തരമായും പകരം സംവിധാനം ഉണ്ടാകേണ്ടതുണ്ട്.
വണ്ടിപ്പെരിയാർ ടൗണിനു ചുറ്റുമുള്ള സ്ഥലങ്ങൾ സ്വകാര്യ ഭൂ ഉടമകളുടെ കൈവശത്തിലായതിനാൽ ഏറി വരുന്ന ജനസാന്ദ്രതയനുസരിച്ച് പാർപ്പിട സൗകര്യങ്ങളോ മറ്റ് വികസന പ്രവർത്തനങ്ങളോ നടത്തുന്നതിനു സാധിക്കുന്നില്ല. വ്യാപാരികളും അതിനോടു ബന്ധപ്പെട്ടവരുമായ പതിനായിരങ്ങൾ ടൗണിനോടു ചേർന്ന് അധിവസിക്കുന്നു. പാർപ്പിട സൗകര്യങ്ങൾ കുറവായതിനാൽ ഇവർ റോഡു പുറമ്പോക്കുകളിൽ കുടിലുകൾ കെട്ടി താമസിച്ചുവരുന്നു.

കെ.കെ.റോഡിനോടു ചേർന്ന് കിടക്കുന്ന ചോറ്റുപാറ പെരിയാർ തോട് നികത്തി കുടിൽ കെട്ടുകയും മറുവശത്ത് സ്വകാര്യ തോട്ടമുടമകൾ ഈ തോടിന്റെ വശങ്ങൾ കെട്ടി ഉയർത്തിയതിനാലും വർഷകാലങ്ങളിൽ വെള്ളപൊക്കം ഉണ്ടാവുകയും പെരിയാർ നെല്ലിമല വരെയുള്ള 2 കി.മീ. ദൂരം റോഡിൽ വെള്ളം കയറി ദിവസങ്ങളോളം ഗതാഗത തടസ്സം ഉണ്ടാവുകയും റോഡ് പൊട്ടിപൊളിഞ്ഞ് ഗതാഗതം ദുസ്സഹമാകുകയും ചെയ്യുന്നു. ഈ അവസ്ഥയ്ക്ക് ശാശ്വതമായ പരിഹാരം കാണുന്നതിനു സർക്കാരും പഞ്ചായത്തും അടിയന്തിരമായും പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ആയതിനു റോഡു പുറമ്പോക്കിലുള്ളവരെ പുനരധിവസിപ്പിക്കുകയും തോടിന്റെ വീതി കൂട്ടാൻ നടപടി സ്വീകരിക്കുകയും ചെയ്യുക.

വിസ്തൃതമായ ഈ പഞ്ചായത്തിൽ പഞ്ചായത്തു വക റോഡു 54.654 കി.മീ. ആണ്. ജനവാസസ്ഥലങ്ങളിലേയ്ക്കും വിവിധ പട്ടികജാതി കോളനികളിലേയ്ക്കും ലിങ്ക് റോഡുകൾ നിർമ്മിക്കേണ്ടത് അനിവാര്യമാണ്. നിലവിലുള്ള പഞ്ചായത്ത് റോഡുകളുടെ വാർഷിക അറ്റകുറ്റ പണികൾ കാര്യക്ഷമമായി നടത്തുന്നതിനു പഞ്ചായത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ല. ആയതിനു പരിഹാരം കാണേണ്ടതുണ്ട്.

പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിലേക്കുള്ള തടിപാലങ്ങൾക്ക് കാലാകാലങ്ങളിലായി നല്ലൊരു തുക ചിലവഴിക്കുന്നുണ്ടെങ്കിലും സ്ഥായിയായ പരിഹാരം ഇന്നുവരെ ഉണ്ടായിട്ടില്ല. ഈ തടിപാലങ്ങൾ മാറ്റി പകരം ജനപങ്കാളിത്തത്തോടുകൂടി ചിലവ് കുറഞ്ഞ കോൺക്രീറ്റ് നടപ്പാലങ്ങൾ പണിയുന്നതിലൂടെ ഓരോ വർഷവും ഉണ്ടാവുന്ന ദുർ ചിലവ് ഇല്ലാതാക്കാൻ കഴിയും.

**മാർക്കറ്റ്**

നിലവിൽ പഞ്ചായത്തിന്റെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന കന്നുകാലി പൗണ്ട് മാറ്റി സ്ഥാപിക്കുകയും മേൽപ്പടി സ്ഥലത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണി കഴിപ്പിക്കാവുന്നതുമാണ്.

**സ്ലോട്ടർ ഹൗസ്**

ഈ പഞ്ചായത്തിൽ നിലവിൽ സ്ലോട്ടർ ഹൗസ് ഇല്ല. സ്ലോട്ടർ ഹൗസിനു സ്ഥലം ലഭ്യമാക്കി സ്ലോട്ടർ ഹൗസുകൾ നിർമ്മിക്കണം. ഇതുമൂലം ലക്ഷക്കണക്കിനു രൂപ പഞ്ചായത്തിനു വരുമാനം ലഭിയക്കുന്നതാണ്.

# പൊതുജനാരോഗ്യവും കുടിവെള്ളവും

ഏതൊരു പ്രദേശത്തേയും ആരോഗ്യപ്രശ്നം വിലയിരുത്തപ്പെടേണ്ടത് മരണനിരക്ക്, ജനനനിരക്ക്, ശിശുമരണനിരക്ക് എന്നിവയെ ആധാരമാക്കിയാണ്. പഞ്ചായത്തിൽ ആകെ മൂന്ന് ആശുപത്രികൾ ഉള്ളതിൽ രണ്ടെണ്ണം സ്വകാര്യമേഖലയിലും ഒരു പ്രൈമറി ഹെൽത്ത്സെൻററുമാണ്. കൂടാതെ ഒരു ആയുർവേദ ആശുപത്രിയും പ്രവർത്തിച്ചുവരുന്നു. പതിനായിരത്തിലധികം വരുന്ന തോട്ടം തൊഴിലാളികൾ ഉള്ള R.B.T. എസ്റ്റേറ്റിന് ഒരു ആശുപത്രിമാത്രമാണ് ഉള്ളത്. ഇവിടങ്ങളിൽ പ്രാഥമിക ചികത്സ മാത്രമാണ് നല്കുന്നത്. എസ്റ്റേറ്റിൻെറ വിവിധ ഡിവിഷനുകളിൽ ചികത്സയുള്ള ചെറു ഡിസ്പെൻസറികളിൽ ഡോക്ടർമാരോ വിദഗ്ദ പരിശീലനം ലഭിച്ച ജീവനക്കാരോ ഇല്ല. ഈ സ്ഥാപനങ്ങളിൽ ആവശ്യമായ മരുന്നുകളും ലഭ്യമല്ല. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും കോട്ടയം, മധുര എന്നീ മെഡിക്കൽ കോളേജുകളെയാണ് ആശ്രയിക്കുന്നത്. നിർദ്ദനരായ ജനവിഭാഗങ്ങളുടെ ആശ്രയകേന്ദ്രമായ പ്രൈമറി ഹെൽത്ത് സെൻററിന് പോരായ്മകൾ ഏറെയുണ്ട്. ഏക ആയൂർവേദാശുപത്രിക്ക് സ്വന്തമായ കെട്ടിടമോ മരുന്നുകളോ ഇല്ല. ചികത്സാ സൗകര്യത്തിൻെറ കാര്യത്തിൽ ഈ പഞ്ചായത്തിന് ഇല്ലായ്മകളാണ് പറയുവാനുള്ളത്. പഞ്ചായത്തിൻെറ വിവിധ വാർഡുകളിലുള്ള I.D.P. സെൻററുകളോടനുബന്ധിച്ച് ഡിസ്പെൻസറികൾ ആരംഭിക്കുകയും ജീവനക്കാരെ നിയമിക്കുകയും ചെയ്യേണ്ടതാണ്.

| ജനന മരണ വിവരങ്ങൾ | | | |
|---|---|---|---|
| വർഷം | ജനനം | മരണം | ശിശുമരണം |
| 1994 | 479 | 158 | |
| 1995 | 427 | 146 | |

ശുദ്ധജലത്തിൻെറ ദൗർലഭ്യം മൂലം വിവിധങ്ങളായ പകർച്ചവ്യാധികൾ ഉണ്ടാകാറുണ്ട്. ഈ പഞ്ചായത്തിൽ 7, 5 വാർഡുകളിൽ മാത്രമാണ് പൊതുജലവിതരണ സംവിധാനം ഉള്ളത്. ഉപഭോക്താക്കളുടെ ആവശ്യമനുസരിച്ച് ജലവിതരണം നടക്കുന്നില്ല. പഞ്ചായത്തിൻെറ മറ്റ് വാർഡുകളിൽ കുടിവെള്ളത്തിനായി കിലോമീറ്ററുകളോളം സഞ്ചരിക്കേണ്ടിവരുന്നു. പെരിയാർ നദിക്ക് കുറുകെ അങ്ങിങ്ങായി തടയണകൾ നിർമ്മിച്ച് ജലം സംഭരിച്ച് കൃഷിയ്ക്കും കുടിവെള്ളത്തിനും ഉപയോഗിക്കാവുന്നതാണ്.

പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ രണ്ട് ആശുപത്രിയും, മൂന്ന് ക്ലിനിക്കുകളും സർക്കാർ വക പ്രൈമറി ഹെൽത്ത് സെൻററും ഒരു ആയൂർവേദാശുപത്രിയും പ്രവർത്തിച്ചുവരുന്നു.

**സ്ഥാപനപരമായ പ്രശ്നങ്ങൾ**

**P.H.C. വണ്ടിപ്പെരിയാർ**

ഈ സ്ഥാപനത്തിൻെറ പ്രവർത്തന പരിധി വളരെ വിസ്തൃതമാണെങ്കിലും മതിയായ കെട്ടിട സൗകര്യങ്ങൾ ഇല്ല. അൻപതിനായിരത്തോളം വരുന്ന തദ്ദേശവാസികളും പ്രാന്തപ്രദേശങ്ങളിൽ ഉള്ളവരും നിത്യേന ചികത്സയ്ക്കായ് ഈ ആശുപത്രിയിൽ എത്താറുണ്ട്. ആവശ്യത്തിന് ഡോക്ടർമാർ ഇല്ല. സർക്കാറിൽ നിന്നും ലഭിയ്ക്കുന്ന മരുന്നുകൾ തീർത്തും അപര്യാപ്തമാണ്. പഞ്ചായത്തിലെ ജനസംഖ്യയും സമീപ പ്രദേശങ്ങളിലെ ചികത്സാസൗകര്യക്കുറവും പരിഗണിച്ച് ഈ ആശുപത്രി വികസിപ്പിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. വിദഗ്ദ ചികത്സാ സൗകര്യം ഏർപ്പെടുത്തുന്നതിൻെറ ഭാഗമായി ഒരു എക്സ-റേ യൂണിറ്റ് ഇവിടെ അനുവദിക്കേണ്ടതാണ്. വിദഗ്ദ ചികത്സാ സൗകര്യങ്ങൾ നിലവിൽ ലഭ്യമാകുന്നത് കോട്ടയം, മധുര എന്നീ മെഡിക്കൽ കോളജുകളിൽ നിന്നാണ്. ഈ പ്രദേശങ്ങൾ പഞ്ചായത്തിൽ നിന്നും നൂറു മുതൽ നൂറ്റിയമ്പതു കിലോ മീറ്റർ അകലെയാണ്. വർധിച്ചുവരുന്ന വാഹാനാപകടങ്ങൾക്കും

അതുപോലെതന്നെ പകർച്ചവ്യാധികൾക്കും അത്യാവശ്യ സമയങ്ങളിൽ ചികത്സ ലഭിയ്ക്കാതിരിക്കുന്നത് സർവ്വ സാധാരണമാണ്. അത്യാവശ്യമരുന്നുകളുടെ ലഭ്യത കുറവും പലപ്പോഴും പ്രശ്നമാകാറുണ്ട്. കേരളം, തമിഴ്നാട് സംസ്ഥാനങ്ങളുടെ അതിർത്തി പ്രദേശമായതുകൊണ്ടും തേക്കടി വിനോദ സഞ്ചാരകേന്ദ്രമുള്ളതുകൊണ്ടും സന്ദർശകരായി എത്തുന്നവരും തദ്ദേശവാസികളുമായ ആയിരങ്ങൾക്ക് പ്രയോജനമാകുംവിധം വണ്ടിപ്പെരിയാർ P.H.Centre ഉയർന്നുവരേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിന് സംസ്ഥാന സർക്കാറും വണ്ടിപ്പെരിയാർ പഞ്ചായത്തും മുൻഗണന നൽകേണ്ടതാണ്. ഒരു ലേഡി ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും P.H.C. യെ താലൂക്കാശുപത്രിയുടെ ഗ്രേഡിലേയ്ക്ക് ഉയർത്തി കെട്ടിട സൗകര്യം ഉൾപ്പടെയുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

**ആയുർവേദ ഡിസ്പെൻസറി**

ഈ പഞ്ചായത്തിൽ 13-ാം വാർഡിൽ പ്രവർത്തിച്ചുവരുന്ന ആയുർവേദ ഡിസ്പെൻസറി നാമമാത്രമായ ഒരു സർക്കാർ സ്ഥാപനമാണ്. ഈ സ്ഥാപനത്തിന് സ്വന്തമായ കെട്ടിടം ഇല്ല. പരിമിതികൾ മാത്രം കൈമുതലായുള്ള ഈ ആശുപത്രി ഫലപ്രദമായി പ്രവർത്തിയ്ക്കുന്നതിലേയ്ക്കു കെട്ടിട സൗകര്യവും രോഗികളെ കിടത്തി ചികത്സിക്കുന്നതിന് ആവശ്യമായ സജ്ജീകരണങ്ങളും ഏർപ്പെടുത്തേണ്ടതാണ്. അതോടൊപ്പം ആശുപത്രിയ്ക്ക് ആവശ്യമായ മരുന്നുകൾ നൽകേണ്ടതുമുണ്ട്. ഈ പഞ്ചായത്തിലോ സമീപ പ്രദേശങ്ങളിലോ ആയുർവേദ ചികത്സാ സൗകര്യങ്ങൾ ഇല്ലാ എന്നുള്ളതിനാൽ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിക്കേണ്ടത് ആവശ്യമാണ്.

വണ്ടിപ്പെരിയാർ പ്രൈമറി ഹെൽത്ത് സെൻററിൻെറ സ്ഥാപനപരമായ ചരിത്രത്തിൽ അവിസ്മരണീയരാണ് മുൻ പഞ്ചായത്ത് പ്രസിഡൻറും യശശരീരനുമായ ശ്രീ.എം.എം.സുന്ദരം. അതുപോലെ തന്നെ ഓർമ്മിക്കപ്പെടേണ്ട വ്യക്തിയാണ് ടി സ്ഥാപനത്തിന് സ്ഥലം നൽകുന്നതുൾപ്പെടെ ആരംഭകാലപ്രവർത്തനങ്ങളിൽ സഹായിച്ചിട്ടുള്ള ശ്രീ.ചുരക്കുളം സ്വാമി. ഈ പഞ്ചായത്തിൽ നിലവിലുള്ള എല്ലാ വികസന പ്രവർത്തനങ്ങൾക്കും തുടക്കംമുതലുള്ള നടപടികളിൽ ശ്രീ.എം.എം.സുന്ദരം വഹിച്ചിട്ടുള്ള പങ്ക് അവിസ്മരണീയമാണ്. പഞ്ചായത്താഫീസ് കം ഷോപ്പിംഗ് സെൻററിനുള്ള സ്ഥലമെടുപ്പ്, പഞ്ചായത്ത് ഹൈസ്ക്കൂളിനു വേണ്ട സ്ഥലമെടുപ്പ്, പ്രാരംഭ പ്രവർത്തനങ്ങൾ എന്നിവ എടുത്തു പറയേണ്ടവയാണ്. ആശുപത്രിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ചുരക്കണ്ടം എസ്റ്റേറ്റ് വക കെട്ടിടത്തിൽ ആരംഭിക്കുകയും ക്രമേണ സ്ഥലം ലഭ്യമാക്കി ഇന്നുള്ള അവസ്ഥയിൽ പ്രവർത്തനക്ഷമമാക്കുകയും ചെയ്തു.



പട്ടിക-3

| അമ്മമാരുടെ എണ്ണം കുട്ടികളുടെ എണ്ണത്തിൻെറ അടിസ്ഥാനത്തിൽ | | |
|---|---|---|
| a | 1 കുട്ടി | 728 |
| b | 2 കുട്ടികൾ | 2310 |
| c | 2 ൽ കൂടുതൽ കുട്ടികൾ | 1428 |

പട്ടിക-4

| കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ | | |
|---|---|---|
| a | 1 കുട്ടി | 280 |
| b | 2 കുട്ടികൾ | 1750 |
| c | 2 ൽ കൂടുതൽ കുട്ടികൾ | 1428 |

പട്ടിക-5

| സ്ഥായിയായ രോഗബാധിതർ | | |
|---|---|---|
| a | രക്ത സമ്മർദ്ദം | 280 |
| b | പ്രമേഹം | 15 |
| c | കാൻസർ | 5 |
| d | കുഷ്ടം | 17 |
| e | ക്ഷയരോഗികൾ | 3 |
| f | ഹൃദ്രോഗം | 10 |

പട്ടിക-4

| | | |
|---|---|---|
| a | ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം | 377 |
| b | പ്രതിരോഗ കുത്തിവയ്പ് നടത്തിയവർ | 369 |
| c | ആകെ ഗർഭിണികൾ | 409 |

**പരിസര മാലിന്യം**

വണ്ടിപ്പെരിയാർ ടൗൺ സ്ഥിതിചെയ്യുന്നത് ഈ പഞ്ചായത്തിലെ 5, 7 വാർഡുകളിലാണ് കെ.കെ.റോഡിനോട് ചേർന്നുകിടക്കുന്ന ഭാഗങ്ങൾ വ്യാപാര കേന്ദ്രങ്ങളും ജനങ്ങൾ ഇടതിങ്ങി താമസിക്കുന്ന പ്രദേശങ്ങളുമാണ്. പഞ്ചായത്തിലെ പൊതുമേഖലാ സ്ഥാപനത്തിലധികവും ഈ വാർഡുകളിലാണ് പ്രവർത്തിച്ചുവരുന്നതും. ഇവയിൽ പഞ്ചായത്ത് ഹൈസ്ക്കൂൾ, ഗവ:യു.പി.സ്ക്കൂൾ, ഗവ:എൽ.പി.സ്ക്കൂൾ എന്നിവ ഉൾപ്പെടുന്നു. അക്കാരണത്താൽതന്നെ വണ്ടിപ്പെരിയാർ ടൗൺ ജനനിബിഡവും, തിരക്കുള്ളതുമായിതീരുന്നു. ഇടതിങ്ങിയുള്ള താമസവും, വ്യാപാര സ്ഥാപനങ്ങളും ചെറിയ ടൗണിനെ തിരക്കുള്ളതാക്കുന്നു. തകർന്ന റോഡുകളും വഴിയോര വ്യാപാരവും, പുറംപോക്കുനിവാസികളും സാധാരണ ജീവിതത്തേയും, ഗതാഗതത്തേയും ബാധിക്കുന്നു. ജനനിബിഡമായ ടൗണിൽ മാലിന്യങ്ങൾ ഒഴുകിപോകുന്നതിനു ഓടകൾ നാമമാത്രമായി പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവ കാലാകാലങ്ങളിൽ വൃത്തിയാക്കുകയോ, കേടുപാടുകൾ പോക്കുകയോ ചെയ്യുന്നില്ല. 50000ത്തോളം ജനങ്ങൾ ദൈനദിന ആവശ്യങ്ങൾക്കുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിന് ഈ ടൗണിനെയാണ് ആശ്രയിക്കുന്നത്. ടൗണിലെ പച്ചക്കറിവ്യാപാരികൾ ഉൾപ്പെടെയുള്ള വ്യാപാര വ്യാവസായ സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ നടത്തുന്നതിൽ പഞ്ചായത്ത് വളരെ പിന്നോക്കം നില്ക്കുന്നു.

വണ്ടിപ്പെരിയാർ ടൗണിലെ മിക്ക ഓടകളും വഴിയോര കച്ചവടക്കാർ കയ്യേറി ഷെഡുകൾ വച്ചുവരുന്നുവെന്നുള്ളതും മാലിന്യങ്ങൾ കെട്ടികിടക്കുന്നതിന് ഇടയാക്കുന്നു. വൻകിട വ്യാപാരികൾ തങ്ങളുടെ സ്ഥാപനങ്ങൾക്കു മുൻപിൽ ഉള്ള ഓടകൾ സ്ലാബുകൾ ഇട്ടുമൂടിയിരിക്കുന്നതു മാലിന്യം നീക്കം ചെയ്യുന്നതിന് തടസ്സമാകുന്നു.

വണ്ടിപ്പെരിയാർ ടൗണിൽ മുസ്ലിം പള്ളിയോടു ചേർന്നു കിടക്കുന്നതുൾപ്പെടെ കെ.കെ.റോഡിൽ വലതുവശത്തുള്ള ഭാഗം ഇടതിങ്ങി വ്യാപാരികൾ വീടുകൾ വച്ചു താമസിക്കുന്നു. ഇവിടങ്ങളിലും പൊതുഓടകൾ നാമമാത്രവും ഉപയോഗശൂന്യമായിട്ടുള്ളതാണ്. ഇവിടെ അണ്ടർ ഗ്രൗണ്ട് ഡ്രൈനേജ് സിസ്റ്റം ഏർപ്പെടുത്തേണ്ടതാണ്.

നിലവിലുള്ള ശുചീകരണ ജോലികൾ തൃപ്തികരമല്ല. ആവശ്യമെങ്കിൽ ഈ ആവശ്യത്തിന് കൂടുതൽ ജീവനക്കാരെ നിയമിച്ച് ശുചീകരണം നടത്തേണ്ടതാണ്. കൂടാതെ ജനനിബിഡമായ ഈ പ്രദേശത്ത് നിത്യേന ഫിനോയിൽ, ബ്ലീച്ചിംഗ് പൗഡർ തുടങ്ങിയ മരുന്നുകൾ തളിക്കേണ്ടതും ആവശ്യമാണ്.

ഈ പഞ്ചായത്തിൽ ഒരു സ്ലോട്ടർ ഹൗസ് നിലവിൽ ഇല്ല. എന്നിരുന്നാലും 10-ൽ അധികം അനധികൃത കശാപ്പുശാലകൾ ഇവിടെ പ്രവർത്തിച്ചുവരുന്നു. ഇവയെല്ലാം തന്നെ ജനനിബിഡമായ സ്ഥലങ്ങളിലും, റോഡു പുറംപോക്കിലുമാണ് നടത്തപ്പെടുന്നത്. കശാപ്പുശാലയിലെ മാലിന്യങ്ങൾ ചോറ്റുപാറ തോട്ടിലൂടെ പെരിയാർ നദിയിൽ എത്തുന്നു. കാരണം ചോറ്റുപാറത്തോട് പുറംപോക്കിൽവച്ചാണ് മൃഗങ്ങളെ കശാപ്പുചെയ്യുന്നത്. മൃഗങ്ങളുടെ എല്ലാവിധ മാലിന്യങ്ങളും ടി തോട്ടിലേക്ക് ഒഴുകിപോകുന്നതിന് ഉതകുംവിധമാണ് ടി കശാപ്പുശാലകൾ നിർമ്മിച്ചിട്ടുള്ളത്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിന് അടിയന്തിരമായി പഞ്ചായത്തു സ്ലോട്ടർ ഹൗസുകൾ നിർമ്മിക്കേണ്ടതുണ്ട്. ഇതോടൊപ്പം ജനോപകാരപ്രദമായി മാംസം വ്യാപാരം ചെയ്യുന്നതിന് ഉതകുംവിധം നടപടികളും സ്വീകരിക്കേണ്ടതുണ്ട്.

വണ്ടിപ്പെരിയർ ടൗൺ സെപൻസർ ജംഗ്ഷൻ മുതൽ വാളാർഡിവരെയുള്ള 4 കിലോമീറ്റർ ഭാഗത്ത് ശുചീകരണം അനിവാര്യമായിരിക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തിൻെറ അടിയന്തിരശ്രദ്ധയും നടപടികളും ഉണ്ടാകണം.

**ജൈവ വളനിർമ്മാണം**

വണ്ടിപ്പെരിയാർ ടൗണിൽ നിന്നും നിത്യേന നീക്കം ചെയ്യേണ്ട ചപ്പുചവറുകൾ സ്റ്റോർ ചെയ്ത് ജൈവവളം നിർമ്മിക്കാവുന്നതാണ്. ഇക്കാര്യത്തിന് പഞ്ചായത്തും, സ്റ്റേറ്റ് വെജിറ്റബിൾ ഫാമും സംയുക്തമായി പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. വെയിസ്റ്റ് റീ സൈക്കിളിങ്ങ് പ്ലാൻറ് തുടങ്ങുന്നതിനെകുറിച്ച് ആലോചിക്കാവുന്നതാണ്.



**കുടിവെള്ളം**

പഞ്ചായത്തിൽ ഭൂരിഭാഗം വരുന്ന തോട്ടം മേഖലയിലും കാർഷികമേഖലയിലും കുടിവെള്ളത്തിന് വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. കുന്നിൻ മുകളിൽ നിന്നും കിലോമീറ്ററുകൾ നടന്നു താഴ്‌വരകളിലെത്തി വെള്ളം ശേഖരിച്ചുകൊണ്ടുപോകുന്ന അവസ്ഥയാണ് നിലവിലുള്ളത്. വേനൽകാലത്ത് തോട്ടം മേഖലയിലെ സ്ത്രീ തൊഴിലാളികൾ ജോലി സമയം കഴിഞ്ഞതിന് ശേഷം വെള്ളം ശേഖരിക്കുന്നതിന് മണിക്കൂറുകൾ ചിലവഴിക്കുന്നു. വണ്ടിപ്പെരിയാർ ടൗണിൽ വെള്ളത്തിനുള്ള ഏക ആശ്രയം വാട്ടർ അതോരിറ്റിയുടെ പൊതുജല വിതരണ സംവിധാനം മാത്രമാണ്. വർദ്ധിച്ചുവരുന്ന ഉപഭോക്താക്കളുടെ ആവശ്യാനുസരണം വെള്ളം ലഭിക്കുന്നില്ല. പഞ്ചായത്തിൻെറ 15 വാർഡുകളിലെയും പൊതു അവസ്ഥ ഇത് തന്നെയാണ്.

**പ്രശ്നങ്ങൾ - പരിഹാരങ്ങൾ**

**വാർഡ് I - മൂങ്കലാർ**

മൂങ്കലാർ എസ്റ്റേറ്റിനോട് ചേർന്നുകിടക്കുന്ന കാർഷികമേഖലയായ കീരിക്കര പുതുവൽ, 60 അടിപ്പാലത്തിനു സമീപമുള്ള 10 -ാം നമ്പർ കോളനി എന്നീ പ്രദേശങ്ങളിൽ പൊതുവെ എല്ലാ കാലത്തും കുടിവെള്ളത്തിന് നന്നേ ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

മൂങ്കലാർ തോടിനു കുറുകെ ചെക്ക് ഡാമം നിർമ്മിച്ച് വെള്ളം സംഭരിച്ച് സമീപ പ്രദേശങ്ങളിൽ മോട്ടോർ പമ്പ് ഉപയോഗിച്ച് വെള്ളം എത്തിക്കാവുന്നതാണ്.

**വാർഡ് II - ഡൈമുക്ക്**

വാർഡിൻെറ ഭൂരിഭാഗം പ്രദേശവും കുന്നുകളും മലഞ്ചെരിവുകളുമാണ്. 24 ഭാഗം അമ്പലമേട് കോളനി, കുരുശുമേട് അംബേദ്കർ കോളനി, S.P. കോളനി, 8 ഏക്കർ ഭാഗങ്ങളിലുള്ള ജനങ്ങൾ കുടിവെള്ളത്തിനായി 4 കി.മീറ്റർ വരെ ദൂരം സഞ്ചരിച്ച് വെള്ളം ശേഖരിക്കുന്ന അവസ്ഥയാണ്.

ഈ വാർഡിനു H.M.L. എസ്റ്റേറ്റ് വക ചതുപ്പ് സ്ഥലങ്ങളിലും ചേറാടി വർക്കിച്ചൻ എന്നയാളുടെ പുരയിടത്തിലും വെള്ളം കിട്ടാൻ സാദ്ധ്യതയുണ്ട്. ഇവിടങ്ങളിൽ കിണർ കുഴിച്ച്, മോട്ടോർ പമ്പ് സ്ഥാപിച്ച് മറ്റ് പ്രവർത്തനങ്ങളിലേക്ക് വെള്ളം വിതരണം ചെയ്യാവുന്നതാണ്. കൂടാതെ പെരിയാർ നദിയിൽ നിന്നും വെള്ളം പമ്പ് ചെയ്തു അമ്പലമേട് കുന്നിൻ മുകളിൽ ടാങ്ക് പണിത് വെള്ളം ശേഖരിച്ച് പൈപ്പ് വഴി വിതരണം ചെയ്യാവുന്നതാണ്.

**വാർഡ് III - വാളാർഡി**

പഞ്ചായത്തിലെ ലക്ഷം വീട് കോളനിയിലും കോളനിയോട് ചേർന്നു കിടക്കുന്ന വാളാർഡി I-ാം ഡിവിഷൻ പുതുവൽ, കണിയാർചോല, വാളാർഡി ഗിരിജൻ കോളനി എന്നീ പ്രദേശങ്ങളിൽ കുടിവെള്ളത്തിൻെറ ലഭ്യത വളരെ കുറവാണ്. വെള്ളത്തിനായ് 3. കി.മീറ്ററോളം സഞ്ചരിച്ചുവേണം ജലം സംഭരിക്കുവാൻ.

വാളാർഡി ഗിരിജൻ കോളനിയുടെ മുകൾവശു നിന്നും ആരംഭിക്കുന്ന തോട്ടിലൂടെ ഒഴുകി പാഴായിപ്പോകുന്ന വെള്ളം ചെക് ഡാം നിർമ്മിച്ചു സംഭരിക്കുകയും താഴ്ന്ന പ്രദേശത്ത് താമസിക്കുന്ന പട്ടിക വർഗ്ഗക്കാരായ 45 കുടുംബങ്ങൾക്ക് വിതരണം ചെയ്യാവുന്നതാണ്. കന്നിമാർ ചോലയിലുള്ള പഞ്ചായത്തു കിണർ ആഴംകൂട്ടി വാട്ടർ ടാങ്കിൽ ശേഖരിച്ച് ഈ പ്രദേശങ്ങളിൽ വെള്ളം സപ്ലൈ ചെയ്യാവുന്നതാണ്. വാളാർഡി പുതുവൽ പ്രദേശത്ത് മത്തായി വക സ്ഥലത്ത് കിണർ കുഴിക്കാൻ സാദ്ധ്യതയുണ്ട്. പല കുടുംബങ്ങൾക്ക് വെള്ളം ലഭിയ്ക്കുന്നു.

**വാർഡ് IV - ചുരക്കുളം**

നെല്ലിമല, ചുരക്കുളം പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. വേനൽകാലങ്ങളിൽ 2 മുതൽ 4 കി.മീറ്റർ വരെ നടന്ന് വെള്ളം ശേഖരിക്കുന്നു.

നെല്ലിമല പുതുവലിൽ ടാങ്ക് നിർമ്മിച്ച് പെരിയാറ്റിൽ നിന്നും വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യുകയും അതുവഴി കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. ഭാഗികമായി പണി കഴിപ്പിച്ച വാട്ടർ ടാങ്കിൻെറ പണി പൂർത്തിയാക്കണം. രണ്ട് കുഴൽ കിണറുകൾ നിർമ്മിക്കേണ്ടതുണ്ട്.

**വാർഡ് VI - തങ്കമല**

വാർഡിലെ എല്ലാ പ്രദേശത്തും വ്യാപകമായ കുടിവെള്ളക്ഷാമം ഉണ്ട് എസ്റ്റേറ്റ് മേഖലയിൽ തൊഴിലാളികൾക്കാവശ്യമായ തോതിൽ ജലം എത്തിക്കുന്നതിൽ തോട്ട ഉടമകൾ അശ്രദ്ധ കാണിക്കുന്നു.

മാട്ടുപ്പെട്ടിയിൽ കുളം നിർമ്മിച്ച് തങ്കമലയിൽ ടാങ്ക് പണുതു വെള്ളം വിതരണം ചെയ്യാവുന്നതാണ്. രമാഭായി കോളനിയിൽ കിണറു കുഴിക്കണം. ഇഞ്ചിക്കാട് ആശുപത്രി ലയം പത്താം നമ്പർ, കറുപ്പുപാലം, H.P.C തങ്കമല എന്നിവിടങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കണം. നിലവിൽ പണിപൂർത്തിയാകാതിരിക്കുന്ന കിണറുകളുടെ പണി പൂർത്തീകരിക്കണം. കിണറു കുഴിക്കുവാൻ ആഗ്രഹിക്കുന്ന കൃഷിക്കാർക്ക് ഭൂഗർഭജലം കണ്ടെത്താൻ ആവശ്യമായ സങ്കേതിക സഹായം നൽകണം.

**വാർഡ് VII - വണ്ടിപ്പെരിയാർ**

57-ാം മൈൽ കുട്ടികോളനിയിലും, U.P സ്കൂളിന് സമീപത്തും ചുരക്കുളം U.D യിലും. മഞ്ചുമല L.D തോട്ടം മേഖലയിലും, കുടിവെള്ള പ്രശ്നം രൂക്ഷമാണ്. വണ്ടിപ്പെരിയാർ ഇലക്ട്രിക് സബ് സ്റ്റേഷനോട് ചേർന്നു കിടക്കുന്ന ചതുപ്പുപ്രദേശത്ത് കുളം നിർമ്മിച്ച് കുട്ടിക്കോളനി പ്രദേശത്ത് ടാങ്കു നിർമ്മിച്ച് വെള്ളം സ്റ്റോറുചെയ്താൽ 7,11 വാർഡുകൾ ഉൾപ്പെടുന്ന ഒരുപാടു കുടുംബങ്ങൾക്ക് വെള്ളം ലഭ്യമാകും. ചുരക്കുളം U.D യിൽ ചതുപ്പുനിലത്തിൽ കുളം നിർമ്മിക്കുക.

**വാർഡ് VIII - വള്ളക്കടവ്**

കാർഷികമേഖലയായ ഈ പ്രദേശത്ത് വേനൽ കാലത്ത് കുടിവെള്ളപ്രശ്നം രൂക്ഷമാണ്.

താഴ്ന്ന പ്രദേശങ്ങളിൽ കിണർ കുഴിക്കണം. ഉയർന്ന പ്രദേശമായ A.V.T കമ്പനി വക അപ്പാവുകണ്ടത്തുള്ള വൻകുളത്തിൽ നിന്നും വെള്ളം പമ്പ് ചെയ്ത് വിവിധമേഖലയിലുള്ള സ്റ്റോറേജു ടാങ്കുകളിൽ വെള്ളം സ്റ്റോറുചെയ്താൽ വളരെയേറെ കുടുംബങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. ട്രൈബൽ U.P സ്കൂളിന് സമീപമുള്ള ഉയർന്ന പ്രദേശത്ത് കുളം നിർമ്മിക്കുവാൻ സാധ്യതയുണ്ട്. ചെറുതോടുകളിൽ തടയണ നിർമ്മിച്ച് കുടിവെള്ളപ്രശ്നം പരിഹരിക്കാം.

**വാർഡ് IX - ഗ്രാമ്പി**

ഈ വാർഡിൽ പരുന്തൻ പാറ പട്ടിക ജാതികോളനി, പ്രിയദർശിനികോളനി, പാണ്ടവർമേട് പുതുവൽ, എന്നി കാർഷിക മേഖലകളിലും ഗ്രാമ്പി No.I, No.II എന്നീ തോട്ടം മേഖലകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

തോട്ടം മേഖലയിൽ കുടിവെള്ളം എത്തിക്കുവാൻ വാട്ടർടാങ്കുകളും പമ്പിങ്ങ് സൗകര്യവും ഉണ്ടെങ്കിലും കാര്യമായി പ്രവർത്തിക്കുന്നില്ല.

പരുന്തൻ പാറ ഹരിജൻ കോളനിയിൽ നാലു കിണറുകളും, ആർ.വിശ്വനാഥൻ, ചെല്ലമ്മ, ജയരാമൻ, ശിഖാമണി എന്നിവരുടെ പുരയിടത്തിലും, പ്രിയദർശിനി കോളനിയിൽ മൂന്നും, പാണ്ടവർമേട് പുതുവലിൽ രണ്ടും കിണറുകൾ കുഴിച്ച് കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കാവുന്നതാണ്.

ഇതിനായി ഈ പ്രദേശങ്ങളിൽ ജലം ലഭിയ്ക്കുന്ന സ്ഥലം ശാസ്ത്രീയമായ രീതിയിൽ കണ്ടെത്താൻ സഹായങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**വാർഡ് X - അരണക്കൽ**

അരണക്കൽ എ.കെ.ജി കോളനി, കുരിശുമല ഭാഗങ്ങളിൽ കുടിവെള്ളത്തിന് ക്ഷാമമുള്ള സ്ഥലങ്ങളാണ്.

എ.കെ.ജി കോളനിയിൽ കിണറു കുഴിക്കുകയും 6-ാം നമ്പർ ഭാഗത്ത് ചെക്ക് ഡാം നിർമ്മിച്ച് കുരിശുമല ഭാഗത്തുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

### വാർഡ് XI - മഞ്ചുമല

തോട്ടം മേഖലയും, കാർഷിക മേഖലയും ഉൾപ്പെട്ട പ്രദേശമാണ്. കുടിവെള്ള പ്രശ്നം അതിരൂക്ഷമായ മഞ്ചുമല I.H.D.P കോളനി, കുട്ടികോളനി, രമാഭായി അംബേദ്ക്കർ കോളനി, രാജമുടി കോളനി തുടങ്ങിയ സ്ഥലങ്ങൾ വാർഡിൽ ഉൾപ്പെട്ടതാണ്.

മഞ്ചുമല I.H.D.P കോളനിക്ക് സമീപം താഴ്ന്ന പ്രദേശത്ത് RBT വക തോട്ടത്തിലുള്ള ചതുപ്പുനിലത്തിൽ കുളം കുഴിക്കാൻ സാധ്യതയുണ്ട്. കുളം നിർമ്മിക്കുകയും I.H.D.P കോളനിയിൽ വാട്ടർ ടാങ്കു പണുത് വെള്ളം ശേഖരിച്ച് വിതരണം ചെയ്യാവുന്നതാണ്. കൂടാതെ പുതുവലിൽ കിണർ കുഴിക്കുവാനും സാധ്യതയുണ്ട്. മഞ്ചുമല തോടിലും. രാജമുടി തോടിലും തടയണകൾ നിർമ്മിക്കാവുന്നതാണ്. കുട്ടിക്കോളനിയിൽ വെള്ളം എത്തിക്കുന്നതിന് എസ്റ്റേറ്റ് വക ചതുപ്പു നിലത്തിൽ കുളം നിർമ്മിച്ച് പമ്പു ചെയ്ത് ടാങ്കിൽ ശേഖരിച്ച് ജലവിതരണം നടത്താവുന്നതാണ്.

### വാർഡ് XII - പശുമല

വാർഡിൽ കുന്നിൻ പ്രദേശങ്ങളാണധികവും. തോട്ടം മേഖലയും കാർഷികമേഖലയും ഒരുപോലെ കുടവെള്ള ക്ഷാമം രൂക്ഷമായി അനുഭവിക്കുന്നുണ്ട്.

RBT കമ്പനി വക 13-ാം നമ്പർ തേയില തോട്ടത്തിലെ ചതുപ്പുനിലത്തിൽ കുളം നിർമ്മിച്ച് ഉയർന്ന പ്രദേശത്ത് ടാങ്കിൽ ശേഖരിച്ച് വിതരണം ചെയ്യാവുന്നതാണ്. പശുമല ആറ്റോരത്ത് കുളം നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് ടാങ്കിൽ ശേഖരിച്ച് തോട്ടം മേഖലയിലും, കാർഷിക മേഖലയിലും വിതരണം ചെയ്യാവുന്നതാണ്. പശുമല അംബേദ്കർ കോളനിയിലും തവാർണ്ണ ഭാഗത്ത് കിണർ കുഴിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ ഉണ്ട്. ഇവിടെ കിണർ കുഴിക്കാവുന്നതാണ്. പശുമല മത്തായിക്കുന്നിൽ നിന്നും ഒഴുകുന്ന കൈത്തോട്ടിൽ തടയണ നിർമ്മിക്കാവുന്നതും ജലം സംഭരിക്കാവുന്നതുമാണ്. പശുമല പുതുവലിലുള്ള കൈത്തോത്തട്ടിൽ തടയണ നിർമ്മിക്കാവുന്നതാണ്.

### വാർഡ് XIII - മ്ലാമല

വാർഡിൽ കീരിക്കര, മ്ലാമല, ശ്രീകൃഷ്ണപുരം കോളനി, മ്ലാമല I.H.D.P കോളനി തുടങ്ങിയ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്.

കീരിക്കരയിൽ കുഴൽകിണറുകൾ സ്ഥാപിക്കുക. മ്ലാമല I.H.D.P കോളനിയിൽ കുളം നിർമ്മിച്ച് ടാങ്കിൽ ശേഖരിച്ച് വിതരണം ചെയ്യാവുന്നതാണ്. മ്ലാമല ശ്രീകൃഷ്ണപുരം കോളനിയിൽ വെള്ളം എത്തിക്കുന്നതിന് മ്ലാമല 100 അടിപ്പാലത്തിന് സമീപം കുളം നിർമ്മിച്ച് ഉയർന്ന പ്രദേശമായ കോളനിയിൽ സ്റ്റോറേജ് ടാങ്ക് പണിയുകയും വെള്ളം പമ്പ്ചെയ്തു വിതരണം ചെയ്യുകയും അതുവഴി കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതുമാണ്. വാർഡിലുള്ള കൈത്തോടുകളിൽ തടയണ നിർമ്മിച്ച് ജലം സംഭരിക്കുക. വാർഡിലെ എല്ലാ പ്രദേശത്തും കിണർ കുഴിക്കുവാൻ സാധ്യതയുണ്ട്. അവിടങ്ങളിൽ കിണർ കുഴിക്കാവുന്നതാണ്.

### വാർഡ് XIV - തേങ്ങാക്കൽ

വാർഡിൽ കാർഷികമേഖലയിലും, കോളനികളിലും കുടിവെള്ളത്തിന് രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്നുണ്ട്. തേങ്ങാക്കൽ, ഇണ്ടൻചോല, 110 കോളനികളിൽ കിണർ, കുളം നിർമ്മിക്കുന്നു. ഇണ്ടൻചോല പുതുവലിലുള്ള തോടിനു കുറുകെ തടയണ നിർമ്മിച്ച് വെള്ളം സംഭരിക്കുക. തേങ്ങാക്കൽ, ശാന്തിനികേതൻ കോളനിയിൽ തേങ്ങാക്കൽ, കോഴിക്കാനം റോഡിന്റെ മുകൾവശത്ത് വെള്ളം കിട്ടാൻ സാദ്ധ്യതയുള്ള ചതുപ്പുനിലമുണ്ട്. ഇവിടെ കുളം നിർമ്മിച്ച് കോളനിയുടെ വിവിധ ഭാഗങ്ങളിൽ സേറ്റാറേജ് ടാങ്ക് പണിയുകയും പൈപ്പുവഴി ഈ ടാങ്കിൽ വെള്ളം എത്തിക്കാവുന്നതുമാണ്. തേങ്ങാക്കൽ, ശാന്തിനികേതൻ കോളനിയിൽ മലമുകളിലുള്ള പാറ ഇടുക്കുകളിൽ നീരുറവ ഉണ്ട്. അവ ടാങ്കുകെട്ടി പൈപ്പു വഴി താഴ്ന്ന സ്ഥലങ്ങളിൽ എത്താക്കാവുന്നതാണ്.

### വാർഡ് XV - മൗണ്ട്

വാർഡിൽ എ.കെ.ജി.കോളനി, സിലോൺ കോളനി, 20 ഏക്കർ കൃഷിമേഖല, പൊൻ നഗർ കോളനി എന്നിവിടങ്ങളിൽ കുടിവെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്നുണ്ട്.എ.കെ.ജി.കോളനിയിൽ പണികഴിപ്പിച്ചിട്ടുള്ള E A S കുളത്തിൽ നിന്നും 200 മീറ്റർ ദൂരത്തിൽ ഒരു സ്റ്റോറേജ് ടാങ്കു പണിതു പൈപ്പുവഴി വെള്ളം വിതരണം ചെയ്യാവുന്നതാണ്. 20 ഏക്കർ ഭാഗത്ത് ഒരു കുളം നിർമ്മിക്കാവുന്നതാണ്. സിലോൺ കോളനിയിൽ ഉയർന്ന സ്ഥലത്ത് പണികഴിപ്പിച്ചുവരുന്ന E A S കുളത്തിന്റെ പണി പൂർത്തിയാക്കുകയും സ്റ്റോറേജ് ടാങ്കു നിർമ്മിച്ച് വെള്ളം എത്തിക്കാവുന്നതുമാണ്. വള്ളക്കടവ് പൊൻനഗർ കോളനിയിൽ ഒരു കിണർ നിർമ്മിക്കേണ്ടതാണ്.



# വിദ്യാഭ്യാസം

തോട്ടം മേഖലയ്ക്ക് മുൻതൂക്കമുള്ള ഈ പഞ്ചായത്തിൽ ആദ്യ കാലങ്ങളിൽ വിദ്യാഭ്യാസത്തിന് യാതൊരു സൗകര്യങ്ങളും ഇല്ലായിരുന്നു. 1950-ൽ ആണ് ആദ്യത്തെ എൽ.പി.സ്കൂൾ നിലവിൽ വരുന്നത്. അതിനു മുൻപ് ആകെ ഒരു കുടിപ്പള്ളിക്കൂടമായിരുന്നു പ്രവർത്തിച്ചിരുന്നത്. അതിനു ശേഷം ഒരു യു.പി.സ്കൂളും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഒരു ഹൈസ്ക്കൂൾ നിലവിൽ വന്നു. 15 കിലോമീറ്റർ വീതം വിവിധ പ്രദേശങ്ങളിൽ നിന്നും കുട്ടികൾ ടൗണിൽ നിന്നും കുട്ടികൾ ടൗണിൽ സ്ഥിതിചെയ്തിരുന്നു സ്കൂളുകളിൽ കാൽനടയായി എത്തിയാണ് പഠനം നടത്തിയിരുന്നത്. ഇപ്പോൾ നിലവിൽ പരിമിതമെങ്കിലും വാഹന ഗതാഗത സൗകര്യമുണ്ടെങ്കിലും വാഹന ഗതാഗത സൗകര്യമുണ്ടെങ്കിലും എൽ.പി. വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾ ഇപ്പോഴും 5 കി.മീ. അധികം നടന്നു വന്നാണ് അധ്യയനം നടത്തുന്നത്. നിലവിൽ പഞ്ചായത്തിൽ 6 എൽ.പി. സ്കൂളും, 3 യു. പി. സ്കൂളും 2 ഹൈസ്കൂളും പ്രവർത്തിച്ചുവരുന്നു.

ഈ സ്കൂളുകളുടെ ആവിർഭാവത്തോടെ പഞ്ചായത്തിലെ ജനങ്ങളുടെ സാമൂഹികവും, സാംസ്കാരികമായ രംഗങ്ങളിൽ ഒരു മാറ്റത്തിന് നിദാനമായി. തോട്ടം മേഖലകളിൽ പ്രാധമിക വിദ്യാഭ്യാസത്തിന് പേരിന് സ്കൂളുകൾ ഉണ്ടെങ്കിലും അധ്യയന നിലവാരം മോശമാണ്.

പഞ്ചായത്തിന്റെ മേൽനോട്ടത്തിലുള്ള ഹൈസ്കൂളുകളിലും പഞ്ചായത്തിലെ എൽ.പി., യു. പി. വിഭാഗത്തിൽപ്പെടുന്ന സ്കൂളുകളിലും ഭൗതിക സാഹചര്യങ്ങൾ വളരെ മോശമാണ്. 1700 ഓളം വിദ്യാർത്ഥികൾ പഞ്ചായത്ത് ഹൈസ്കൂളിൽ ആവശ്യത്തിന് കെട്ടിടമില്ലാത്തതും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ലാത്തതും വലിയ പോരായ്മായായിത്തന്നെ തുടരുന്നു. പഞ്ചായത്തിലെ ഭൂരിപക്ഷം വരുന്ന തോട്ടം തൊഴിലാളികളുടെ കുട്ടികളും ആശ്രയിക്കുന്നതും ഈ സ്കൂളിനെയാണ്. തമിഴ് വിഭാഗം ക്ലാസ്സുകളിൽ 90 മുതൽ 120 വരെ കുട്ടികളാണ് ഒരു ക്ലാസ്സിൽ ഇരുന്ന് പഠിക്കുന്നത്. ഈ പ്രതികൂല സാഹചര്യത്തിലും ഈ സ്കൂളുകൾക്ക് ഉന്നത വിജയശതമാനം നേടുവാൻ സാധിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിന്റെ വിസ്തൃതിയുടേയും ജനസംഖ്യയുടേയും അടിസ്ഥാനത്തിൽ പരിശോധിച്ചാൽ സ്കൂളുകൾ പരിമിതമാണ്. S.S.L.C വിദ്യാഭ്യാസത്തിനു ശേഷമുള്ള ഉന്നത പഠനത്തിന് വേണ്ടി മറ്റ് ജില്ലകളേയും, തമിഴ് നാട്ടിലേയോ, തിരുവനന്തപുരം ജില്ലയിലെ കോളേജുകളേയോ ആശ്രയിക്കേണ്ടിവരുന്നു. ഇത് ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയെ കൂടുതൽ രൂക്ഷമാക്കുന്നു.

ഇതോടൊപ്പം തൊഴിലധിഷ്ഠിത, സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ഇതേ അവസ്ഥ തുടരുകയാണ്. ഈ അവസ്ഥയ്ക്ക് പ്രത്യക്ഷത്തിൽ മാറ്റമുണ്ടാകുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ആവശ്യമാണ്. ഈ താലൂക്കിൽ കുട്ടിക്കാനത്ത് തൊഴിലാളികളുടെ അദ്ധ്വാനഫലമായി ഉയർന്നുവന്ന I.H.R.D കോളേജ് ഈ മേഖലയ്ക്ക് ഒരു അനുഗ്രഹമാണെങ്കിലും ഈ നാട്ടിലെ കുട്ടികൾക്ക് ഉന്നത ഫീസ് നൽകി പഠിക്കുവാൻ കഴിയാത്ത സാഹചര്യമാണ് ഉള്ളത്.

**പ്രശ്നങ്ങൾ**

1. പ്രൈമറി വിദ്യാഭ്യാസത്തിൽ താമസസ്ഥലവും സ്കൂളും തമ്മിലുള്ള ദൂരം കുട്ടികളുടെ കൊഴിഞ്ഞു പോകലിന് കാരണമാകുന്നു.
2. ഈ മേഖലയിലെ തൊഴിലാളികൾ ഉപജീവനത്തിനായി തോട്ടങ്ങളെ പരിപൂർണ്ണമായി ആശ്രയിക്കേണ്ടി വരുന്നതുമൂലം കുട്ടികളുടെ പഠനകാര്യത്തിൽ ശ്രദ്ധ ചെലുത്തുവാൻ കഴിയാതെ പോകുന്നു.
3. മിക്ക സ്കൂളുകളിലും പഠന സാമഗ്രികൾ, കെട്ടിട സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തതയുണ്ട്.
4. ആവശ്യത്തിനുള്ള അദ്ധ്യാപകരുടെ കുറവ്.
5. P.T.A കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല.
6. കായിക പരിശീലനത്തിനുള്ള സൗകര്യങ്ങളുടെ കുറവ്.
7. സ്കൂളുകളിൽ ശുദ്ധജലവിതരണം ലഭ്യമാകുന്നില്ല.
8. ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യമില്ലാത്ത ഏക താലൂക്കാണ് പീരുമേട്.



**പരിഹാര നിർദ്ദേശങ്ങൾ**

1. പ്രൈമറി വിദ്യാലയങ്ങൾ കൂടുതൽ അനുവദിക്കുകയും ദൂരകൂടുതൽ ഒഴിവാക്കാനുള്ള സംവിധാനങ്ങളും ആവിഷ്ക്കരിക്കുക.
2. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.
3. വിദ്യാർത്ഥികളുടെ കായിക പരിശീലനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുക.
4. പഞ്ചായത്തിൻെറ പരിധിക്കുള്ളിൽ ഗവ:കോളേജുകൾ സ്ഥാപിച്ച് ഉന്നത വിദ്യാഭ്യാസത്തിനുള്ള പരിമിതികൾ കുറയ്ക്കുക.
5. പഞ്ചായത്ത് ഹൈസ്കൂളിനോട് ചേർന്ന് പ്ലസ് ടു കോഴ്സ് ആരംഭിക്കുക.
6. I.T.I, പോളിടെക്നിക്കുകൾ പോലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കുക.
7. കോളേജുകളും മറ്റ് സമാന്തര സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിന് സ്ഥലപരിമിതി ഒരു പ്രശ്നമാണെങ്കിലും സാദ്ധ്യതകൾ ഉണ്ട്.

**സാദ്ധ്യതകൾ**

1. സർക്കാർ പച്ചക്കറിതോട്ടത്തിൽ ആകെയുള്ള സ്ഥല വിസ്തൃതിയിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സ്ഥലം ഉപയുക്തമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കാവുന്നതാണ്.
2. വിവിധതോട്ടം ഉടമകളുടെ കൈവശമുള്ള ഉപയോഗശൂന്യമായ തരിശു ഭൂമികൾ ഈ ആവശ്യത്തിലേയ്ക്ക് വിട്ടുകിട്ടുന്നതിനുവേണ്ടി സർക്കാർ നടപടി സ്വീകരിക്കാവുന്നതാണ്.
3. വണ്ടിപ്പെരിയാർ ടൗണിനോട് ചേർന്നു കിടക്കുന്ന തോട്ടം ഉടമകളുടെ സ്ഥലം, വിലകൊടുത്തോ പകരം സ്ഥലം നൽകിക്കൊണ്ടോ സർക്കാർ ഏറ്റെടുത്ത് കോളേജ് പണിയാവുന്നതാണ്.
4. ഗവ: എൽ. പി. സ്കൂളിൻെറ വക അന്യാധീനപ്പെട്ടുകൊണ്ടിരിക്കുന്ന സ്ഥലം അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിൽ 15-ാം വാർഡിൽ തമിഴ് മീഡിയം എൽ. പി. സ്കൂൾ ആരംഭിക്കുക.
2. വള്ളക്കടവ് ഗവ: ട്രൈബൽ യു. പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തുക.
3. അരണക്കൽ എൽ. പി. സ്കൂൾ (എയിഡഡ്) യു. പി. സ്കൂളായി ഉയർത്തുക.
4. വാർഡ് 9 - ഗ്രാമ്പിയിൽ എൽ. പി. സ്കൂൾ ആരംഭിക്കുക.
5. ഡൈമുക്ക് ലൂധരൻ എൽ. പി. സ്കൂൾ (എയിഡഡ്) യു. പി. സ്കൂളായി ഉയർത്തുക.
6. പശുമല പ്രദേശത്ത് എൽ. പി. സ്കൂൾ ആരംഭിക്കുക.

> **മതവും രാഷ്ട്രീയവും**
> **ഒരു കിളിയുടെ രണ്ട്**
> **ചിറകുകൾ പോലെയാണ്**
> **- ഗാന്ധിജി**

പട്ടിക-I

| പഠനം നിർത്തിയവരുടെ വിവരം | | | | | | |
|---|---|---|---|---|---|---|
| SC/ST | | | | മറ്റുള്ളവർ | | |
| ക്ലാസ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| I | 23 | 18 | 41 | 21 | 15 | 36 |
| II | 13. | 13 | 26 | 14 | 15 | 29 |
| III | 21 | 29 | 50 | 23 | 17 | 40 |
| IV | 12 | 26 | 38 | 18 | 22 | 40 |
| V | 1 | 1 | 2 | 3 | 1 | 4 |
| VI | 1 | — | 1 | 1 | — | 1 |
| VII | 2 | 4 | 6 | 3 | 3 | 6 |
| VIII | 36 | 11 | 47 | 27 | 5 | 32 |
| IX | 22 | 19 | 41 | 19 | 12 | 31. |
| X | | | | | | |

പട്ടിക-II

| എസ്. എസ്. എൽ. സി. വിജയശതമാനം | | | | |
|---|---|---|---|---|
| സ്കൂൾ | 92-93 | 93-94 | 94-95 | 95-96 |
| ഫാത്തിമ ഹൈസ്കൂൾ, മ്ലാമല | 61.3 % | 63.3 % | 60 % | 34 % |
| പഞ്ചായത്ത് ഹൈസ്കൂൾ, വണ്ടിപ്പെരിയാർ | 41 % | 28 % | 41.4 % | 31.45 % |

## പട്ടിക - III

### വിദ്യാർത്ഥികൾ - അദ്ധ്യാപകർ

| ക്രമ നമ്പർ | സ്കൂൾ | സർക്കാർ-സ്വകാര്യം എയ്ഡഡ്- അൺഎയ്ഡഡ് | LP UP HS | വിദ്യാർത്ഥികൾ | | | SC/ST വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | സെൻറ് മാത്യൂസ്, L.P സ്കൂൾ, വാളാർഡി | എയ്ഡഡ് | LP | 232 | 201 | 433 | 13 | 23 | 36 | -- | 9 | 9 |
| 2. | ഗവ: L.P സ്കൂൾ, വണ്ടിപ്പെരിയാർ | സർക്കാർ | LP | 459 | 379 | 838 | 243 | 209 | 452 | | | |
| 3. | ലൂധരൻ L.P സ്കൂൾ, ഡൈമുക്ക് | | | | | | | | | | | |
| 4. | ഗവ: U.P സ്കൂൾ, വണ്ടിപ്പെരിയാർ | സർക്കാർ | HS | 973 | 899 | 1872 | 555 | 489 | 1044 | 17 | 24 | 41 |
| 5. | ഫാത്തിമ ഹൈസ്കൂൾ, മ്ലാമല (L.P toU.P) | എയ്ഡഡ് | LP | 359 | 341 | 700 | 106 | 85 | 191 | 1 | 10 | 11 |
| | | | UP | 391 | 354 | 745 | 102 | 119 | 221 | 6 | 11 | 17 |
| | | | HS | 183 | 209 | 392 | 15 | 22 | 37 | 9 | 3 | 12 |
| 6. | ഗവ:ട്രൈബൽ സ്കൂൾ, വഞ്ചിവയൽ (L.P toU.P) | സർക്കാർ | LP | 257 | 254 | 514 | 37 | 39 | 76 | 4 | 5 | 9 |
| | | | UP | 130 | 106 | 236 | 70 | 60 | 130 | 4 | 4 | 8 |
| 7. | പഞ്ചായത്ത് ഹൈസ്കൂൾ, വണ്ടിപ്പെരിയാർ | എയ്ഡഡ് | HS | 930 | 848 | 1778 | 441 | 292 | 733 | 15 | 27 | 42 |
| 8. | എസ്റ്റേറ്റ് സ്കൂൾ, അർണക്കൽ | | | | | | | | | | | |

## പട്ടിക-IV

| പട്ടികജാതി/പട്ടിക വിദ്യാഭ്യാസ കണക്ക് 96-97 | | | | | | | | |
|---|---|---|---|---|---|---|---|---|
| L . P | | | U . P | | | H . S | | |
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 3280 | 1135 | 34.6 | 2853 | 1395 | 48.9 | 2170 | 770 | 35.5 |
| | | | | | | | | |

## പട്ടിക-V

| പെൺകുട്ടികളുടെ വിവരങ്ങൾ 96-97 | | | |
|---|---|---|---|
| ആകെ വിദ്യാർത്ഥികൾ | ആൺ | പെൺ | % |
| 8303 | 4335 | 3968 | 47.8. |

## പട്ടിക-VI

| അക്കാദമിക്ക് സൗകര്യങ്ങളുടെ ലഭ്യത | | |
|---|---|---|
| ഉള്ളത് | ഇല്ലാത്തത് | |
| 5 | 3. | ലൈബ്രറി |
| 3 | 5 | ലാബ് |
| 5 | 3. | പഠനോപകരണങ്ങൾ |
| 4 | 4 | റേഡിയോ |
| 5 | 3. | ടേപ്പ് റിക്കാർഡർ |
| 1 | 7 | ടെലിവിഷൻ |
| - | 8 | സിനിമാ പ്രൊജക്ടർ |
| - | 8 | സ്ലൈഡ് പ്രൊജക്ടർ |
| | | |
| | | |
| | | |
| | | |
| | | |

പട്ടിക -VII

| ഗവ: സ്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടേയും കണക്ക് | | | | | | |
|---|---|---|---|---|---|---|
| ആകെ അദ്ധ്യാപകർ | ഗവ: വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം | ഗവ: അദ്ധ്യാപകരുടെ എണ്ണം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ:സ്കൂളിലെ വിദ്യാർത്ഥികൾ | ശതമാനം | |
| 188 | 76 | 76 | 8303 | 3406 | 41.6 | |

പട്ടിക -VIII

| സാമ്പത്തിക ആനുകൂല്യം ലഭിയ്ക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം | | | | |
|---|---|---|---|---|
| മെറിറ്റ്സ്കോളർഷിപ്പ് | ലംപ്സം ഗ്രാൻറ് | മുസ്ലിം പെൺകുട്ടികളുടെ | വികലാംഗ സ്കോളർഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം |
| 36 | 4048 | 54 | 104 | |

## പട്ടിക - IX

| ഭൗതിക സാഹചര്യങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|
| സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | |
| സെൻറ് മാത്യൂസ് എൽ. പി. സ്കൂൾ, വാളാഡി. | 433. | 9 | 2 | 3 | ഉണ്ട് | ഉണ്ട് | |
| ഗവ: എൽ. പി. സ്കൂൾ, വണ്ടിപ്പെരിയാർ | 838 | 18 | – | – | ഉണ്ട് | ഉണ്ട് | |
| ലുധരൻ എൽ. പി. സ്കൂൾ, ഡൈമുക്ക് | 342 | 11 | – | – | ഉണ്ട് | – | |
| ഗവ: യു. പി. സ്കൂൾ, വണ്ടിപ്പെരിയാർ | 1872 | 41 | 3 | 2 | ഉണ്ട് | ഉണ്ട് | |
| ഫാത്തിമ ഹൈസ്കൂൾ, ഗ്ലാമല (L.P to U.P) | 1837 | 44 | 1 | 4 | ഉണ്ട് | ഉണ്ട് | |
| ഗവ: ട്രൈബൽ സ്കൂൾ, വഞ്ചിവയൽ (L.P to U.P) | 750 | 17 | 1 | 2 | – | ഉണ്ട് | |
| പഞ്ചായത്ത് ഹൈസ്കൂൾ, വണ്ടിപ്പെരിയാർ | 1228 | 42 | 3 | 2 | – | ഉണ്ട് | |
| എസ്റ്റേറ്റ് സ്കൂൾ, അരണക്കൽ | 453. | 6 | 1 | 1 | ഉണ്ട് | ഉണ്ട് | |
| | | | | | | | |

# പാർപ്പിടം

# സാമൂഹ്യക്ഷേമം

പഞ്ചായത്തിലെ ജനങ്ങളിൽ അധികവും താമസിക്കുന്നത് തോട്ടം മേഖലയിലാണ്. ഇവരിൽ സ്വന്തമായി വീടോ സ്ഥലമോ ഉള്ളവർ കുറവാണ്. തോട്ടമുടമകൾ നൽകിയിരിക്കുന്ന ലയങ്ങളിലും കോർട്ടേഴ്സുകളിലുമായിട്ടാണ് ഇവർ താമസിക്കുന്നത്. തോട്ടം മേഖലയിലെ ഈ സൗകര്യങ്ങൾ അവർക്ക് സ്ഥായിയായിട്ടുള്ളതല്ല. തോട്ടത്തിൽനിന്ന് വിരമിക്കുന്നതോടെ ലഭ്യമായ സൗകര്യം നഷ്ടമാകുന്നു. കാലാകാലങ്ങളായി ഈ വിധം തോട്ടത്തിൽ നിന്നും പിരിഞ്ഞുപോയിട്ടുള്ള ആളുകൾ ആശ്രിതരായി കഴിയുന്നത് ഈ പ്രദേശത്ത് സാധാരണയാണ്. അടുത്ത കാലത്തായി ശ്രീലങ്കയിൽ നിന്നും വളരെയധികം ആളുകൾ ഈ പഞ്ചായത്തിൽ കുടിയേറ്റക്കാരായി എത്തിയിട്ടുണ്ട്. ഇവരും പാർപ്പിടത്തിന്റെ കാര്യത്തിൽ ആശ്രിതരായി കഴിയുന്നു. ആയതു മൂലം റോഡ്, ആറ്, പുറംപോക്കുകൾ കൈയ്യേറപ്പെടുന്നു. ഈ പഞ്ചായത്തിലെ ഏക വിപണന കേന്ദ്രമായ വണ്ടിപ്പെരിയാർ ടൗൺ തേയില തോട്ടങ്ങളാൽ ചുറ്റപ്പെട്ട ഒരു താഴ്‌വരയാണ്. സ്വകാര്യ തോട്ടമുടമകൾ പൊതു ആവശ്യങ്ങൾക്ക് ഭൂമി വിട്ടുകൊടുക്കാത്തതു മൂലം ടൗൺ വികസനത്തിന് കഴിയാതെ വരുന്നു.

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം 6731 ആണ്. ഇതിൽ തോട്ടം മേഖലയിലെ ലയങ്ങൾ അഞ്ചു മുതൽ പതിനൊന്നുവരെ കുടുംബങ്ങൾക്ക് താമസിക്കുന്നതിന് പരിമിത സൗകര്യങ്ങളോടുകൂടി നിർമ്മിച്ചിട്ടുള്ളവയാണ്. ആകയാൽ പഞ്ചായത്തിലെ കുടുംബങ്ങളുടെ എണ്ണം പന്തീരായിരത്തിൽ അധികം വരുന്നു.

ഈ പഞ്ചായത്തിൽ ഹൗസിംഗ് സൊസൈറ്റികൾ ഒന്നും തന്നെയില്ല. ലക്ഷം വീട് പദ്ധതിയിൽ ഉൾപ്പെടുത്തി ഏഴു ഡ്യൂപ്ലക്സ് വീടുകൾ പഞ്ചായത്ത് പണിതു തീർത്തിട്ടുണ്ട്. ടി കോളനിയിൽ ബാക്കിയുള്ള പ്ലോട്ടുകളിൽ വീടുകൾ പണി തീർത്തിട്ടുണ്ട്. എന്നിരുന്നാലും ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ വിലയിരുത്തിയാൽ പാർപ്പിട സൗകര്യങ്ങൾ കുറവാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇരുപത്തി രണ്ട് കോളനികൾ ഉണ്ട്. കേന്ദ്ര സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടെ ഇവിടെ പാർപ്പിടങ്ങൾ നിർമ്മിച്ച് വരുന്നു. പാർപ്പിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വില വർദ്ധനയും, വർദ്ധിച്ചുവരുന്ന കൂലി നിരക്കും കാരണം ലഭ്യമാകുന്ന ധനസഹായങ്ങൾ പര്യാപ്തമാകുന്നില്ല.

വണ്ടിപ്പെരിയാർ ടൗണിനോടു ചേർന്നുള്ള പെരിയാർ ചോറ്റുപ്പാറത്തോട് ഭാഗത്തും പഞ്ചായത്തിന്റെ മിനിസ്റ്റേഡിയത്തിന്റെ സമീപം കെ. കെ. റോഡ് പുറം പോക്കും ചേരി പ്രദേശങ്ങളായി മാറിയിരിക്കുന്നു. ഇത് ഒഴിവാക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇവർക്ക് വേണ്ട പ്രത്യേക പുനരധിവാസ പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന ഈ പഞ്ചായത്തിൽ പാർപ്പിട സൗകര്യങ്ങൾ ഇല്ലാതെ കടതിണ്ണയിലും ബസ്സ്റ്റാൻറിലും പാർക്കുന്നവരും അധികമുണ്ട്. ഇതിന് പ്രധാന കാരണം അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും തൊഴിൽ തേടിയെത്തുന്നവരുടെ കുടിയേറ്റമാണ്.

**പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും**

1. ഭൂമിയുടെ ലഭ്യതക്കുറവ്
2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും ദൗർലഭ്യവും
3. വായ്പകൾ ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ടും കാലതാമസവും.
4. ദുർവ്യയമില്ലാത്ത വീടു നിർമ്മിക്കുന്നതിൽ വിദഗ്ധരുടെ അഭാവം
5. ഹൗസിംഗ് സൊസൈറ്റിയുടെ അഭാവം

തോട്ടം തൊഴിലാളികൾക്ക് ഗവൺമെന്റിന്റെയോ, മാനേജ്മെന്റിന്റെയോ, കൂട്ടായതോ ആയ ഭവന നിർമ്മാണ പദ്ധതിക്ക് രൂപം നല്കണം. ഇതിനാവശ്യമായ സ്ഥലം തോട്ടമുടമകളിൽ നിന്ന് ലഭ്യമാക്കിയാൽ ഈ പ്രദേശത്ത് ഹൗസിംഗ് കോളനികൾ നിർമ്മിക്കാവുന്നതാണ്. ഇത് ജോലിയിൽ നിന്ന് വിരമിക്കുന്നവരുടെ ഒരു പുനരധിവാസ പദ്ധതിയായി തീരണം. തോട്ടം തൊഴിലാളി മേഖലയിൽ ആവശ്യക്കാർക്ക് ഭവനനിർമ്മാണത്തിന് ആവശ്യമായ തുക ലഭിയ്ക്കുന്നതിന് മാനേജ്മെന്റിന്റെയും, ഗുണഭോക്താവിന്റെയും, ഗവൺമെന്റിന്റെയും സംയുക്തമായ സഹകരണത്തോടുകൂടി പദ്ധതികൾ ആവിഷ്കരിക്കുക. ടി ധനസഹായം പ്രതിമാസവേദനത്തിൽ നിന്നും ഗഡുക്കളായി ഈടാക്കാവുന്നതാണ്. കാർഷിക മേഖലയിൽ കർഷകതൊഴിലാളിമേഖലയിലും ചെറുകിട വ്യാപാര മേഖലയിലും ഭവനരഹിതർക്ക് വീടുകൾ നിർമ്മിക്കുന്നതിലേയ്ക്ക് പദ്ധതികൾ ആവശ്യമാണ്.



വീട്ടു ജോലികളിൽ ഏർപ്പെടുന്ന മുതിർന്ന സ്ത്രീകളുടെയും കുട്ടികളുടെയും അവസ്ഥയും വളരെ പരിതാപകരമാണ്. പ്രൈവറ്റ് ആശുപത്രികളിലും, വ്യാപാര സ്ഥാപനങ്ങളിലും മെഡിക്കൽ ഷോപ്പുകൾ ഉൾപ്പെടെയുള്ള വ്യാപാര സ്ഥാപനങ്ങളിലും പെൺകുട്ടികളെ കുറഞ്ഞ വേദനം നൽകി കൂടുതൽ മണിക്കൂറുകൾ ജോലി എടുപ്പിക്കുന്ന അവസ്ഥ നിലവിലുണ്ട്.

പരിഹാര നിർദ്ദേശങ്ങൾ

1. നിത്യേന വണ്ടിപ്പെരിയാർ ടൗണുമായി ബന്ധപ്പെടുന്ന സ്ത്രീകൾക്കും, യാത്രാക്കാർക്കും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങളോ പൊതു വെയ്റ്റിംഗ് ഷെഡോ പഞ്ചായത്തിനില്ല. ഇത് അടിയന്തിരമായും പരിഹരിക്കപ്പെടണം.
2. തോട്ടം മേഖലയിൽ സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ട്രേഡ് യൂണിയൻ രംഗത്തു സ്ത്രീകൾക്ക് നേതൃത്വപരമായ പങ്ക് നൽകുകയും ചെയ്യുക.
3. വനിതാ ക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുക.
4. അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ വേതനവും, ജോലി സമയനിർണ്ണയവും സാധ്യമാക്കുക/
5. നിർമ്മാണ രംഗത്ത് പണിയെടുക്കുന്ന സ്ത്രീതൊഴിലാളികളുടെ അമിത ജോലിഭാരം കുറയ്ക്കുകയും ന്യായമായ വേതനം ഉറപ്പുവരുത്തുകയും ചെയ്യുക.

പട്ടിക I

| അദ്ധ്യാപനം | | പ്രധാന തൊഴിൽ | | കാർഷിക തൊഴിലാളികൾ | | വ്യാപാരം വ്യവസായം | | തൊഴിൽ രഹിതർ | | നിരക്ഷരർ | |
|---|---|---|---|---|---|---|---|---|---|---|---|
| സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു |
| 116 | 91 | 8882 | 2406 | 730 | 1205 | 4722 | 2940 | 1252 | 957 | 10658 | 6971 |

കാർഷികമേഖലയിൽ ഉള്ള ഭവനരഹിതരിൽ അധികവും കൈവശം ഭൂമി ഉള്ളവരെങ്കിലും വസ്തുക്കൾക്ക് പട്ടയം ലഭിച്ചിട്ടില്ലാത്തതിനാൽ സർക്കാരിൽ നിന്നോ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ വായ്പകൾ ലഭിയ്ക്കുന്നതിന് സാധിയ്ക്കാതെ വരുന്നു. കൈവശഭൂമിയ്ക്ക് പട്ടയം നൽകി ഒരു പരിധിവരെ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

**സാമൂഹ്യക്ഷേമം**

ഈ പഞ്ചായത്തിൽ ഒരു ലക്ഷം വീട് കോളനിയും, രണ്ട് പട്ടിക വർഗ്ഗ കോളനികളും പത്തൊൻപത് പട്ടിക ജാതി കോളനികളും നിലവിലുണ്ട്. വൈദ്യുതി, കുടിവെള്ളം, റോഡ്, ഗതാഗതം, വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഈ കോളനികളിൽ ലഭ്യമായിട്ടില്ല. പഞ്ചായത്തിൽ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 3691 കുടുംബങ്ങൾ നിലവിൽ ഉണ്ട്. ഇതിൽ അധികവും പിന്നോക്ക ജനവിഭാഗങ്ങളാണ്. ഭൂരിഭാഗവും കർഷകതൊഴിലാളികളും പരിമിത കർഷകരുമാണ്. ദരിദ്ര നിർമ്മാർജ്ജന പദ്ധതികളുടെ ഗുണം കുറച്ച് പേർക്ക് മാത്രമേ ലഭിയ്ക്കുന്നുള്ളു. ട്രൈസം, D.W.C.R.A തുടങ്ങിയ പദ്ധതികളുടെ ഗുണഭോക്താക്കളും കുറവാണ്. D.W.C.R.A പദ്ധതിപ്രകാരം 65 വനിതകൾക്ക് സഹായധനം ലഭിച്ചിട്ടുണ്ട്. വിവിധ ഭവനനിർമ്മാണ പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള വീടുകളുടെ എണ്ണം 409 ആണ്. വിവിധ പദ്ധതികളിലായി അനുവദിച്ചിട്ടുള്ള കക്കൂസുകളുടെ എണ്ണം 82 മാത്രമാണ്. വിധവകളുടെ പെൺമക്കളെ വിവാഹം കഴിച്ചയക്കുന്നതിനുള്ള ധനസഹായം, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയവ വിതരണം ചെയ്യുന്നുണ്ടെങ്കിലും അർഹരായ എല്ലാവർക്കും സഹായം ലഭിയ്ക്കുന്നില്ല. സഹായ പദ്ധതിയെക്കുറിച്ചുള്ള അജ്ഞത മൂലവും പലരും അപേക്ഷിക്കുന്നുപോലുമില്ല. നിരവധി അപേക്ഷകർക്ക് പെൻഷൻ ലഭിയ്ക്കുന്നില്ലെന്ന് പരാതി മിക്കവാറും എല്ലാ ഗ്രാമസഭകളിലും ഉയർന്നു വന്നിട്ടുണ്ട്. മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യമായിട്ടില്ല. അംഗൻവാടികളിൽ വേണ്ടത്ര സൗകര്യങ്ങൾ ലഭ്യമല്ല.

സാമൂഹ്യക്ഷേമ വകുപ്പുവഴിയുള്ള വിവിധക്ഷേമ പദ്ധതികളുടെ സഹായം ഈ പഞ്ചായത്തിൽ വേണ്ട രീതിയിൽ നടപ്പാകുന്നില്ല. വിവിധ പെൻഷൻ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തി അർഹരായവർക്ക് എല്ലാവിധ ധനസഹായവും ലഭ്യമാക്കണം. പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ മാത്രമാണ് ഉള്ളത്. ഇനിയും മൂന്ന് മാവേലി സ്റ്റോറുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കേണ്ടതുണ്ട്.

**നിർദ്ദേശങ്ങൾ**

1. ആവശ്യവുമായി തട്ടിച്ചുനോക്കിയാൽ സാമൂഹ്യ ക്ഷേമ ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ നാമമാത്രവും അപര്യാപ്തവുമാണ്. ആയതിനാൽ ഇവ പരിഷ്ക്കരിക്കേണ്ടതുണ്ട്.
2. സാമൂഹ്യ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടി വിവിധ പദ്ധതികളെ സംബന്ധിച്ച് ജനങ്ങൾക്ക് അറിവ് നൽകുക.
3. ട്രൈസം തൊഴിൽ പരിശീലനം വ്യാപകമാക്കുക.
4. അംഗനവാടികൾക്ക് കെട്ടിടവും ആവശ്യമായ കളിക്കോപ്പുകളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തി വിപുലീകരിക്കുക.
5. ജനകീയ കമ്മറ്റികൾ വഴി ഗുണഭോക്താക്കളെ കണ്ടെത്തുക.
6. മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നല്കുകയും സമാജങ്ങളിൽ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.
7. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ വ്യാപകമാക്കുക. വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കുടിൽ വ്യവസായം നടത്തുവാൻ പരിശീലനവും സാമ്പത്തിക സഹായവും നല്കുക.
8. പഞ്ചായത്തിൽ പൊതു ശ്മശാനം സ്ഥാപിക്കുക.



# വനിതാക്ഷേമം

സംസ്ഥാനത്ത് ജനസംഖ്യയിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കുറവാണ്. തേയില, ഏലം, കാപ്പി തുടങ്ങിയ തോട്ടം മേഖലയിലും, കാർഷിക മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികളിൽ അധികവും സ്ത്രീകളാണ്. ഇതിൽ തോട്ടം മേഖലയിൽ സ്ത്രീകളുടെ ജോലിഭാരം പുരുഷന്മാരുടെതിനേക്കാൾ അധികവുമാണ്. തോട്ടം മേഖലയിൽ ശമ്പളത്തിൽ തുല്യത ഉണ്ടെങ്കിലും കാർഷിക മേഖലയിൽ സ്ഥിതി വ്യതസ്തമാണ്. കാർഷിക മേഖലയിൽ പുരുഷന്മാർക്ക് 60 രൂപയും സ്ത്രീകൾക്ക് 40 രൂപയും ലഭിയ്ക്കുന്നുണ്ട്. കെട്ടിട നിർമ്മാണ രംഗങ്ങളിലും സ്ത്രീകൾ പണിയെടുക്കുന്നു. വിദ്യാഭ്യാസ കാര്യത്തിൽ സ്ത്രീകൾ വളരെ പിന്നോക്കം നിൽക്കുന്നു. ആരോഗ്യ രംഗത്തും സ്ഥിതി മെച്ചമല്ല. ഉന്നത വിദ്യാഭ്യാസ രംഗത്തും സ്ത്രീകൾ വളരെ പുറകിലാണ്. തൊഴിൽ മേഖലയിൽ കൂടുതൽ സ്ത്രീകൾ അദ്ധ്വാനിക്കുന്നുണ്ടെങ്കിലും സാമൂഹിക സാംസ്ക്കാരിക സർവ്വീസ് രംഗങ്ങളിൽ ഈ പഞ്ചായത്തിലെ സ്ത്രീകളുടെ പ്രാധിനിത്യം വിരളമാണ്.

പുതിയ തലമുറയിൽ നിന്നും പെൺകുട്ടികൾ വളരെ കൂടുതൽ വിദ്യാഭ്യാസ രംഗത്ത് കടന്നുവരുന്നുണ്ട്. എന്നാൽ S.S.L.C കഴിയുന്നതോടെ രംഗം വിടുകയും ചെയ്യുന്നു. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്തത് ഒരു പ്രശ്നമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കണക്കനുസരിച്ച് പെൺകുട്ടികൾ 3904 ആൺകുട്ടികൾ 4265 ആണ്.

സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ളവരുടെ എണ്ണം 437. തൊഴിലാളി മേഖലയിൽ കുടുംബം നടത്തികൊണ്ടുപോകുന്നതിൽ സ്ത്രീകൾക്ക് ഗണ്യമായ പങ്കുണ്ട്.

അംഗൻവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല. പഞ്ചായത്തിൽ ആകെ 30 അംഗൻവാടികൾ ഉണ്ട്. ഇനിയും പുതിയവ ആരംഭിക്കേണ്ടിവരും. ഉള്ളവയുടെ പ്രവർത്തനം പൊതുജന സഹകരണത്തോടു കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. അംഗൻവാടികൾ പലതിനും സ്വന്തമായി കെട്ടിടങ്ങൾ ഇല്ല. വാടകകെട്ടിടങ്ങളിലും, വീട്ടുവരാന്തകളിലുമാണ് പ്രവർത്തിക്കുന്നത്.

പഞ്ചായത്തിലെ ആകെ ഗർഭിണികളുടെ എണ്ണം 301. ഇവരിൽ പ്രത്യേക പരിചരണം ലഭിക്കേണ്ടവർ 250, മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം 286. അനുപൂരക പോഷകാഹാരം ലഭിയ്ക്കുന്ന ഗർഭിണികളുടെ എണ്ണം 151. അനുപൂരക പോഷകാഹാരം ലഭിയ്ക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം 162 (1996 സർവ്വേയനുസരിച്ച്).

പഞ്ചായത്തിൽ 10. D.W.C.R.A. യൂണിറ്റുകൾ ആരംഭിച്ചുവെങ്കിലും ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല. ട്രൈസം തൊഴിൽ പരിശീലനം ലഭിച്ചവർ 21 ആണ്. സ്ത്രീകൾക്ക് നേരെയുള്ള ആക്രമണം പൊതുവെ കുറവാണെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങളും ഉണ്ടാവുന്നുണ്ട്. എന്നാൽ സാമ്പത്തിക മേഖലയിൽ പലതരത്തിലുള്ള ചൂഷണത്തിനു സ്ത്രീകൾ വിധേയരാകുന്നുണ്ട്. സാമ്പത്തികമായ പിന്നോക്കാവസ്ഥ മുതലെടുത്തുകൊണ്ട് ആഴ്ചപലിശക്കാർ വ്യാപകമായി സാമ്പത്തിക ചൂഷണം നടത്തുന്നുണ്ട്. ഇത് പരിഹരിക്കപ്പെടേണ്ടതാണ്, ബഹുജനസംഘടനാ രംഗത്ത് സ്ത്രീകൾക്ക് പ്രാതിനിധ്യം ഉണ്ടെങ്കിലും മൊത്തം ജനസംഖ്യയുമായി പരിശോധിക്കുമ്പോൾ തുലോം വിരളമാണ്. ട്രേഡ് യൂണിയൻരംഗമായ ഈ പഞ്ചായത്തിൽ ഈ രംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യക്കുറവ് അനുഭവപ്പെടുന്നുണ്ട്. സാമൂഹിക ചുറ്റുപാടുകൾ സാംസ്ക്കാരിക വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ ഇവയൊക്കെ സ്ത്രീകൾ ഈ രംഗങ്ങളിൽ കടന്നുവരുന്നതിനു തടസ്സമായി നിൽക്കുന്നു. ചില മഹിളാ സമാജങ്ങൾ നിലവിലുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല. വനിതകളെ സംഘടപ്പിച്ച് കൂടുതൽ മഹിളാസമാജങ്ങൾ രൂപീകരിക്കുകയും അതുവഴി അവർക്ക് സംഘടിക്കുവാനും സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കുവാനും ഒരളവുവരെ കഴിയുന്നതാണ്.

**പ്രശ്നങ്ങൾ**

1. വണ്ടിപ്പെരിയാർ ടൗണിൽ സ്ത്രീകൾക്ക് പ്രാഥമിക ആവശ്യം നിർവ്വഹിക്കുന്നതിന് യാതൊരു സൗകര്യവും ഇല്ല.
2. തോട്ടം തൊഴിൽ മേഖലയിൽ സ്ത്രീകളോട് വിവേചനപരമായ സമീപനമാണ് സ്വീകരിച്ചു വരുന്നത്.
3. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളിൽ വേണ്ടത്ര പരിഗണന ഈ വിഭാഗത്തിന് ലഭിയ്ക്കുന്നില്ല.
4. സ്ത്രീകളിൽ അധികവും പണിയെടുക്കുന്ന തോട്ടം മേഖലകളിൽ അവരുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും അവ പരിഹരിക്കുന്നതിനും, സ്ത്രീകൾക്ക് യാതൊരു പങ്കും നൽകുന്നില്ല. നിർമ്മാണ രംഗത്ത് പണിയെടുക്കുന്ന (ടാറിംഗ്, റോഡു നിർമ്മാണം, ഭവനനിർമ്മാണം) സ്ത്രീകൾക്ക് അദ്ധ്വാനഭാരം കൂടുതലും വേദനം കുറവുമാണ്. ഈ മേഖലയിൽ ഇവരെ അവിഹിതമായ ചൂഷണത്തിന് വിധേയരാക്കുന്നു. പാറമടകളിൽ പണിയെടുക്കുന്നവരുടെ കാര്യം പ്രത്യേകം എടുത്തു പറയേണ്ടതാണ്.



# സഹകരണം

ഈ പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണ ബാങ്കും രണ്ടു കൺസ്യൂമർ സഹകരണ സംഘവും ഒരു മാർക്കറ്റിംഗ് സഹകരണ സംഘവും ക്ഷീര വ്യവസായ സഹകരണ സംഘവും ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റിയും രണ്ട് സഹകരണ പ്രിൻറിംഗ് പ്രസ്സുകളും രജിസ്ട്രേഷൻ നടത്തി പ്രവർത്തിക്കുന്നുണ്ട്.

**വണ്ടിപ്പെരിയാർ സഹകരണ സംഘം**

27-4-1971 ൽ റവ:ഫാദർ ജോർജ് പരിയാരം ചീഫ് പ്രമോട്ടറായി, ടി സംഘം രജിസ്റ്റർ ചെയ്യപ്പെട്ടു. 30-5-1971 ൽ വാടകകെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. ആദ്യത്തെ പ്രസിഡൻറ് റവ:ഫാദർ ജോർജ് പരിയാരമാണ്.

നിക്ഷേപങ്ങൾ സ്വീകരിക്കുക കാർഷിക കാർഷികേതര വായ്പകൾ, സ്വർണ്ണപ്പണയ വായ്പകൾ വളം, കീടനാശിനി, വസ്ത്ര വ്യാപാരം എന്നിവയാണ് ആദ്യകാലങ്ങളിൽ ചെയ്തിരുന്നത്. വസ്ത്ര വ്യാപാരം പ്രവർത്തന നഷ്ടം മൂലം നിർത്തലാക്കി. മറ്റെല്ലാ പ്രവർത്തനങ്ങളും വിജയകരമായി നടത്തിവരുന്നു.

ബാങ്കിൻെറ പ്രവർത്തനം 25-ാം വർഷത്തിലേക്ക് കടന്നിരിയ്ക്കയാണ്. വണ്ടിപ്പെരിയാർ പഞ്ചായത്ത് സംഭാവനായായി നല്കിയ 10 സെൻറ് സ്ഥലത്ത് 15 ലക്ഷം രൂപ മുടക്കി സ്വന്തമായി ബാങ്ക് കെട്ടിടം പണിതിട്ടുണ്ട്. 1292747 രൂപ ഓഹരി മൂലധനവും 10436687 രൂപ നിക്ഷേപവും 14703143 രൂപ അംഗങ്ങൾക്ക് വായ്പയുമായി വിതരണം ചെയ്തിട്ടുണ്ട്. ജനങ്ങളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുവാൻ വിവിധതരം നിക്ഷേപ പദ്ധതികൾ വഴി നിക്ഷേപം സ്വീകരിച്ചുവരുന്നു.

നിലവിൽ ബാങ്ക് നഷ്ടത്തിലാണ്. കാരണം ബാങ്കിൻെറ പ്രവർത്തനമേഖലയിൽ ഭൂരിപക്ഷവും തേയില തോട്ടമേഖലകളായതിനാൽ വായ്പകളിൽ വർദ്ധിച്ച കുടിശ്ശിക മൂലം പ്രവർത്തന ലാഭം വർദ്ധിപ്പിക്കാൻ കഴിയുന്നില്ല. എന്നാൽ പ്രവർത്തന നഷ്ടം ഇല്ലാതെ പ്രവർത്തിക്കുന്നു.

കാർഷിക മേഖലയിൽ കുരുമുളക് കൃഷിയ്ക്കുണ്ടായ രോഗബാധയും ഏലത്തിൻെറ വിലയിടിവും ഈ മേഖലയിൽ ഭാരിച്ച കൃഷി ചിലവും കൃഷിയെ നഷ്ടമാക്കിത്തീർത്തു. ഇത് ബാങ്കിൻെറ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. വായ്പ തിരിച്ചടയ്ക്കുന്നതിൽ തൊഴിലാളികൾക്കിടയിലുള്ള അലസത കുടിശ്ശിക വരാൻ കാരണമാകുന്നു.

**ക്ഷീരോൽപ്പാദക സഹകരണ സംഘം**

ഈ സംഘം30-11-1972 ൽ രജിസ്റ്റർ ചെയ്ത്, 1-5-1973 ൽ പ്രവർത്തനം ആരംഭിച്ചു. 16850 രൂപ ഓഹരി മൂലധനവും ഉണ്ട്. അംഗങ്ങളിൽ നിന്ന് പാൽ ശേഖരിച്ച് പ്രാദേശികമായിത്തന്നെ വിറ്റഴിക്കുന്നു. കാർഷിക മേഖലയ്ക്ക് മുൻതൂക്കമില്ലാത്ത പ്രദേശമായതിനാലും സംഭരണ ശേഷി വർദ്ധിപ്പിക്കാൻ കഴിയാത്തതിനാലും പ്രവർത്തനം നഷ്ടത്തിലാണ്.

1. കറവമാടുകളുടെ രോഗബാധയും കാലിത്തീറ്റ ലഭ്യത ഇല്ലാത്തതും അത്യുൽപ്പാദനശേഷിയുള്ള കറവമാടുകളുടെ കുറവുമാണ് ഈ പ്രതിസന്ധിക്കു കാരണം.
2. ഗുണമേൽമയില്ലാത്ത പാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്ന് കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതും പ്രതിസന്ധികളിൽ ഒന്നാണ്.

**പരിഹാരം**

ഗുണമേൽമയുള്ള സങ്കരയിനം പശുക്കളെ വിതരണം നടത്തുക. രോഗപ്രതിരോധത്തിന് മൃഗസംരക്ഷണ വകുപ്പിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്താൽ കന്നുകാലി വളർത്തൽ ലാഭകരമാക്കാനും ജനോപകാരപ്രദമാക്കാനും കഴിയും.

മറ്റുസംഘങ്ങൾ

**വണ്ടിപ്പെരിയാർ കൺസ്യൂമർ സഹകരണ സംഘം**

ഭാരിച്ച പ്രവർത്തന നഷ്ടവും വ്യാപാരകുറവും മൂലം 1988 ൽ അടച്ചുപൂട്ടി. ഇപ്പോൾ പ്രവർത്തനരഹിതമാണ്.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രണ്ട് പ്രിന്റിംഗ് സഹകരണ സംഘങ്ങളിൽ ഒന്ന് അടച്ചു പൂട്ടി, മറ്റൊന്ന് പ്രവർത്തനം ആരംഭിച്ചിട്ടുമില്ല.

പീരുമേട് കാർഡമം പ്രോസസിംഗ് ആൻറ് മാർക്കറ്റിംഗ് സഹകരണ സംഘം ഭീമമായ പ്രവർത്തനനഷ്ടവും അഴിമതിയും മൂലം 1984 ൽ അടച്ചുപൂട്ടി.

ഇൻഡസ്ട്രിയൽ സഹകരണ സംഘം പ്രവർത്തനരഹിതമാണ്.

അരണക്കൽ എസ്റ്റേറ്റ് എംപ്ലോയിസ് കൺസ്യൂമർ സഹകരണ സംഘം എ. വി. ടി. കമ്പനിയിൽ പ്രവർത്തിക്കുന്നു. ഇതിൻെറ പ്രയോജനം എസ്റ്റേറ്റ് സ്റ്റാഫിനും തൊഴിലാളികൾക്കും മാത്രമാണ്. ഈ സംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും നഷ്ടത്തിലാണ്.

സാദ്ധ്യതകൾ

1. ഡയറി സംഘങ്ങൾ വാർഡിൽ ഒന്ന് എന്ന ക്രമത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതിന് സാധ്യതയുണ്ട്.
2. കർഷക, കർഷകേതര തൊഴിലാളികളുടെ തൊഴിൽ സാദ്ധ്യതയ്ക്കുവേണ്ടി ലേബർ കോൺട്രാക്ട് സംഘം സ്ഥാപിക്കുന്നതിന് സാധ്യതയുണ്ട്.
3. മാർക്കറ്റിംഗ് സഹകരണ സംഘവും, കൺസ്യൂമർ സംഘവും, വനിതാ, പട്ടികജാതി സഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാൻ സാധ്യതയുണ്ട്.
4. ചെറുകിട തേയില തോട്ടങ്ങളുടേയും, തേയില കൃഷിക്കാരുടെയും ഉന്നമനത്തിനായി സഹകരണ തേയില ഫാക്ടറി സ്ഥാപിക്കാവുന്നതാണ്.
5. ജനങ്ങളുടെ ഇടയിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച്, ബോധവൽക്കരണത്തിനായി ക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിക്കേണ്ടതാണ്.

| വണ്ടിപ്പെരിയാർ സർവ്വീസ് സഹകരണ സംഘം നൽകിയ വായ്പകൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| കാർഷിക വായ്പകൾ | | | മറ്റു വായ്പകൾ - ഇനം | | | | | പ്രത്യേക വായ്പകൾ | | |
| ഹ്രസ്വകാല | മദ്ധ്യകാല | ദീർഘകാല | I.R.D.P | സാധാരണ | കൺസ്യൂമർ | ഹ്രസ്വകാല കാർഷികേതര | ബിസിനസ് | വിദ്യാഭ്യാസ | നിക്ഷേപ | സ്വർണ്ണ |
| 4176123 | 427064 | 538836 | 124276 | 1963103 | 257276 | 682707 | 1908170 | 297034 | 512066 | 3816488 |

| സഹകരണ സംഘങ്ങളുടെ വിവരം | | | | | | |
|---|---|---|---|---|---|---|
| സ്ഥാപിത വർഷം | സംഘങ്ങളുടെ പേര് | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | ടേൺ ഓവർ | ലാഭത്തിലോ നഷ്ടത്തിലോ |
| 1971 | വണ്ടിപ്പെരിയാർ സർവ്വീസ് സഹകരണ സംഘം | 7333 | 7 | 1292747 | ----- | നഷ്ടത്തിൽ |
| 1973 | വണ്ടിപ്പെരിയാർ ക്ഷീര വ്യവസായ സഹകരണ സംഘം | 756 | 1 | 16856 | 65000 | നഷ്ടത്തിൽ |
| 1990 | അരണക്കൽ എസ്റ്റേറ്റ് എംപ്ലോയീസ് കൺസ്യൂമർ സഹകരണ സംഘം | 446 | 2 | 24850 | 100000 | നഷ്ടത്തിൽ |
| 1981 | പീരുമേട് കാർഡമം പ്രോസസിംഗ് ആൻറ് മാർക്കറ്റിംഗ് സൊസൈറ്റി | പൂട്ടി | ----- | ----- | ----- | ----- |
| 1972 | വണ്ടിപ്പെരിയാർ കൺസ്യൂമർ സഹകരണ സംഘം | പൂട്ടി | ----- | ----- | ----- | ----- |
| 1995 | വണ്ടിപ്പെരിയാർ പ്രിൻേറഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം | 28 | ----- | 150000 | ഇല്ല | ഇല്ല |
| 1982 | വണ്ടിപ്പെരിയാർ പട്ടികജാതി ഇൻഡസ്ട്രിയൽ സഹകരണ സംഘം | 40 | ----- | 5000 | ഇല്ല | ഇല്ല |
| 1988 | പീരുമേട് താലൂക്ക് പ്രിൻറിംഗ് സഹകരണ സംഘം | 62 | ----- | 5450 | ഇല്ല | ഇല്ല |

# പട്ടികജാതി
# പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെയുള്ള ജനസംഖ്യയിൽ 70 ശതമാനവും പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരാണ്. .................. പുരുഷന്മാരും ..............................സ്ത്രീകളും പട്ടികജാതിയിലും ................. പുരുഷന്മാരും ..............................സ്ത്രീകളും പട്ടിക വർഗ്ഗത്തിലും പെട്ടവരാണ്. ഇവരിലധികവും തോട്ടം മേഖലയിൽ പണിയെടുക്കുന്നവരും കർഷകത്തൊഴിലാളികളുമാണ്. പഞ്ചായത്തിലാകെ 20 പട്ടികജാതി കോളനികളും 2 പട്ടിക വർഗ്ഗ കോളനികളും നിലവിലുണ്ട്. ഇവയുടെ പൊതുസ്ഥിതി വളരെ ശോചനീയമാണ്. കുടിവെള്ളം, വെളിച്ചം, യാത്രാസൗകര്യം, പ്രാഥമിക സൗകര്യം, വിദ്യാഭ്യാസം, പാർപ്പിടം എന്നീ കാര്യങ്ങളിൽ കോളനികളുടെ അവസ്ഥ തീർത്തും ശോചനീയമാണ്. ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ 1846. ഇതിൽ സഹായം ലഭിച്ച കുടുംബങ്ങൾ 94 മാത്രം. ഇവരിൽ അധികവും കർഷകത്തൊഴിലാളികളും, തോട്ടം മേഖലയിൽ പണിയെടുക്കുന്നവരാണ്.

**പ്രശ്നങ്ങൾ**

1. കോളനികളിൽ ആവശ്യംവേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളായ റോഡ്, കുടിവെള്ളം, വൈദ്യുതി, വിദ്യാഭ്യാസ സൗകര്യങ്ങൾ, ചികത്സാ സൗകര്യങ്ങൾ ലഭിച്ചിട്ടില്ല.
2. ഭൂരിഭാഗം കുടുംബങ്ങൾക്കും വീടുകളില്ല. ഉള്ള വീടുകൾ താമസയോഗ്യവുമല്ല.
3. ദാരിദ്ര്യം, സ്കൂളുകളിലേക്കുള്ള ദൂരം, മറ്റ് കാരണങ്ങളാൽ എന്നിവയാവാം, കുട്ടികളിൽ നല്ലൊരു ശതമാനം സ്കൂളിൽ പോകുന്നില്ല.
4. അർഹരായവർക്ക് ആനുകൂല്യങ്ങൾ ലഭിയ്ക്കുന്നില്ല. ഇവരുടെ അജ്ഞത കാരണം ചൂഷണത്തിന് വിധേയരാകുന്നു.

**പരിഹാരങ്ങൾ**

1. നിലവിലുള്ള കോളനികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക.
2. പട്ടികജാതി സഹകരണ സംഘം ആരംഭിക്കുകയും സഹകരണ മേഖലകളിൽ വായ്പ, മറ്റ് സഹായങ്ങൾ ലഭ്യമാക്കി സാമ്പത്തിക അഭിവൃദ്ധിയ്ക്ക് വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.
3. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുക.
4. തോട്ടം മേഖലയിൽനിന്നും വിരമിക്കുന്ന തൊഴിലാളികൾക്ക് ഭവനനിർമ്മാണ പദ്ധതികൾ, പ്രത്യേകകോളനികൾ സ്ഥാപിച്ച് നടപ്പിലാക്കേണ്ടതാണ്.
5. എല്ലാ കുട്ടികളേയും സ്കൂളിൽ എത്തിക്കുന്നതിനും കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിനും ആവശ്യമായ ബോധവത്കരണം നടത്തേണ്ടതുണ്ട്.
6. പുതിയ സ്കൂളുകൾ സ്ഥാപിക്കുക.
7. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വിവിധ തൊഴിൽദായക പദ്ധതികൾ ഏകോപിച്ച് നടപ്പിലാക്കണം.
8. കോളനികളിൽ കാർഷിക അഭിവൃദ്ധിയ്ക്ക്വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കണം. ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തണം.
9. ഇവർക്കുള്ള ക്ഷേമ പദ്ധതികൾ അർഹരായവർക്ക് ലഭ്യമാകുന്നതിന് ക്ഷേമ പദ്ധതികൾ സംബന്ധിച്ച ജനകീയ ബോധവൽക്കരണ പരിപാടികളും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് ജനകീയ സമിതികളും രൂപീകരിക്കുക.

| SC/ST കോളനിയുടെ പേര് | കുടുംബങ്ങൾ |
|---|---|
| മൂങ്കലാർ പട്ടികജാതി കോളനി | 42 |
| ഡൈമുക്ക് അംബേദ്കർ കോളനി | 95 |
| ഡൈമുക്ക് അമ്പലമേട് കോളനി | 45 |
| വാളാർഡി കന്നിമാർചോല | 47 |
| വാളാർഡി എസ്. ടി. കോളനി | 45 |
| 62-ാം മൈൽ ലക്ഷം വീട് കോളനി | 57 |
| കുരുശുമല കോളനി (V, VI) | 53 |
| വള്ളക്കടവ് ഗിരിജൻ കോളനി | 48 |
| കുട്ടി കോളനി(VII, XI) | 96 |
| നല്ലതമ്പി കോളനി | 35 |
| ഡോ. ജി. കോളനി | 32 |
| പരുന്തൻപാറ കോളനി | 67 |
| പ്രിയദർശിനി കോളനി ഗ്രാമ്പി | 44 |
| എ. കെ. ജി കോളനി(X, XV) | 57 |
| മഞ്ചുമല പുതുക്കാട് I.H.D.P കോളനി | 92 |
| രാജമുടി കോളനി (IX, XI) | 57 |
| രമാഭായ് അംബേദ്കർ കോളനി | 52 |
| പശുമല അംബേദ്കർ കോളനി (VII, XII) | 73 |
| മ്ലാമല ശ്രീകൃഷ്ണപുരം കോളനി | 58 |
| മ്ലാമല കോളനി | 67 |
| തേങ്ങാക്കൽ ശാന്തിനികേതൻ കോളനി | 43 |
| ശബരിമല സത്രം കോളനി | 55 |



## സംസ്കാരം

കേരളത്തിൻെറ വിവിധ പ്രദേശങ്ങളിൽ നിന്നും തൊഴിലിനു വേണ്ടി കുടിയേറിയവരാണ് ഈ പഞ്ചായത്തിൽ അധിവസിക്കുന്നവരിൽ ഭൂരിപക്ഷവും. അതിനാൽതന്നെ ഒരു സമ്മിശ്ര സംസ്കാരം ഇവിടെ നിലനിൽക്കുന്നു. സംസ്കാരശോഷണം സംഭവിക്കാതെ ഇവയിൽ ഓരോന്നും തനത് വ്യക്തിത്വം നിലനിർത്തിക്കൊണ്ട് മറ്റുള്ളവയുമായി സമന്വയിച്ച് പ്രവർത്തിച്ചുപോരുന്നു.

ഹിന്ദു, മുസ്ലിം, ക്രൈസ്തവ മതവിഭാഗങ്ങളിൽ വിശ്വസിക്കുന്നവരാണ് ഈ മേഖലയിലെ ജനങ്ങൾ. ജാതി, മത വർണ്ണ ചിന്താഗതികൾക്കതീതമായി മതേതരത്വ സ്വഭാവം നിലനിന്നുപോരുന്നു. പഞ്ചായത്തിൻെറ അതിർത്തികളിൽ വിന്യസിച്ചു കിടക്കുന്ന തോട്ടം മേഖലകളിലെ 'മാരിയമ്മൻ കോവിലുകളും, വിശേഷ പ്രതിഷ്ഠകളും, ആഘോഷ രീതികളും തമിഴ് സംസ്കാരത്തിൻെറ തനിമ നിലനിർത്തിപോരുന്നവയാണ്. ഈ പ്രത്യേകതകൾ ഒഴിച്ചാൽ എടുത്തു പറയത്തക്ക മറ്റ് സാംസ്കാരിക സവിശേഷതകൾ ഈ പ്രദേശത്ത് ഇല്ലെന്ന് പറയാം. തോട്ടം മേഖലകളിൽ നിലനിന്നു വന്നിരുന്ന ചില അനാചാരങ്ങൾ ഇല്ലാതാക്കുന്നതിന് സാക്ഷരതാ പ്രവർത്തനങ്ങൾ സഹായിച്ചിട്ടുണ്ട്.

പഞ്ചായത്തിലാകെ ഇരുപതിലേറെ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബുകളും 10 മഹിളാ സമാജങ്ങളും പ്രവർത്തിക്കുന്നുണ്ടെങ്കിലും സജീവമായി പ്രവർത്തിക്കുന്നവ ചുരുക്കമാണ്. വർഷങ്ങൾക്ക് മുൻപ് തോട്ടം വ്യവസായികളുടെ സംഗമ കേന്ദ്രമെന്ന് പറയാവുന്ന ''യൂറോപ്യൻ ക്ലബ്  ഇന്ന് പ്രവർത്തനം നിലച്ച അവസ്ഥയിലാണ്. തുടർന്ന് കാലാകാലങ്ങളിൽ സാംസ്കാരിക സംഘടനകൾ രൂപം കൊള്ളുകയും യുവാക്കളുടെ കലാകായിക വാസനകളെ പ്രോത്സാഹിപ്പിക്കുവാൻ പ്രയത്നിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരുണത്തിൽ P.A.S.C യുടെ സേവനങ്ങൾ സ്മരണീയമാണ്.

കേബിൾ ടി. വിയുടെ ആവിർഭാവവും പ്രചാരവും ഈ മേഖലയിലെ സംസ്കാരത്തെ ഗണ്യമായ തോതിൽ സ്വാധീനിക്കുന്നുണ്ട്. കേബിൾ ടി. വിയുടെ നെറ്റ് വർക്ക് പ്രോഗ്രാമിനോടൊപ്പം രണ്ട് സിനിമാശാലകളും പ്രവർത്തിച്ചു വരുന്നു. വണ്ടിപ്പെരിയാർ പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ സജ്ജീകൃതമായ ഒരു ഗ്രന്ഥശാല സുഗമമായി പ്രവർത്തിച്ചു വരുന്നു. ഈ മേഖലയിലെ യുവതീ യുവാക്കളുടെ വായനാശീലം വളർത്തുന്നതിൽ ഈ ഗ്രന്ഥശാലയുടെ പങ്ക് സ്ത്യുത്യർഹമാണ്.

പുരാതന കായിക വിനോദമായ ഗുസ്തി മത്സര ഇനമായി നടത്തപ്പെട്ടിരുന്ന ഒരു കാലഘട്ടം ഇവിടെ ഉണ്ടായിരുന്നു. ഹൈറേഞ്ചിലെ സവിശേഷ കായിക വിനോദമായ വോളിബോളിനെ വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് പിന്നീട് പല ക്ലബുകൾക്കും രൂപം കൊടുക്കപ്പെട്ടതെന്ന് പറയാം. ഇന്നും നാമാവശേഷമാകാതെ നിലനിൽക്കുന്ന വിനോദവും ഇതു തന്നെയാണ്. ഈ മേഖലയിൽ സജീവമായി പ്രവർത്തിച്ചുവരുന്ന ക്ലബുകളാണ് വണ്ടിപ്പെരിയാർ കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന കാസ്ക, മ്ലാമല കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന ജേസീസ് എന്നിവ.

ജില്ലകളിലെ മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് ഈ പഞ്ചായത്തിന് വിസ്തൃതമായ ഒരു കളിസ്ഥലമുണ്ടെങ്കിലും പരിമിതികളിൽ നിന്നും പൂർണ്ണമായും മുക്തമല്ല. ഈ അനുകൂല സാഹചര്യം ഉപയോഗിച്ച് വോളീബോൾ രംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിയ്ക്കൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ജില്ലാ, യൂണിവേഴ്സിറ്റി ടീമുകളിൽ യുവാക്കൾക്ക് പങ്കാളികൾ ആകുവാൻ ക്ലബുകൾ നടത്തിയ ശ്രമങ്ങൾ സ്മരണീയമാണ്. കാലികമായ മാറ്റത്തിൻെറ ചുവട് പിടിച്ച് ക്രിക്കറ്റ്, ഷട്ടിൽ, ഫുഡ്ബോൾ എന്നിവയും വളർന്നുവരുന്നതായികാണാം. എങ്കിലും കലാകായിക രംഗത്ത് സ്ത്രീ പങ്കാളിത്തം നന്നെ കുറവാണ്. നാടൻ കായിക വിനോദങ്ങൾ ഒന്നും ഇല്ലെന്നു തന്നെ പറയാം. മിക്കവാറും എല്ലാ വർത്തമാന പത്രങ്ങളും വാരികകളും പ്രചാരത്തിലുണ്ട്.

പ്രശ്നങ്ങൾ

1. വിസ്തൃതമായ ഈ പഞ്ചായത്തിൽ ആവശ്യമായ ഗ്രന്ഥശാലകളില്ല.
2. സ്കൂളിനോടനുബന്ധിച്ചുള്ള കളിസ്ഥലങ്ങളുടെ അപര്യാപ്തത.
3. കലാ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുന്നതിനും അവയെ പരിപോഷിപ്പിക്കുന്നതിനും ഉതകുന്ന വിധത്തിൽ കമ്യൂണിറ്റി ഹാൾ പഞ്ചായത്തിലൊരിടത്തുമില്ല.
4. കലാ കായിക പരിശീലനത്തിൻെറ കുറവ്.
5. സാംസ്കാരിക ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന സംഘടനകളുടെ അപര്യാപ്തത.

നിർദ്ദേശങ്ങൾ

1. ഗ്രന്ഥ ശാലകളുടെ പ്രവർത്തനങ്ങൾ സജീവമാക്കുക.
2. പഞ്ചായത്തുതലത്തിൽ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

3. വണ്ടിപ്പെരിയാർ ടൗണിലുള്ള കളിസ്ഥലം സ്റ്റേഡിയമാക്കി ഉയർത്തുക.
4. കലാ സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ച് അവതരിപ്പിക്കുവാൻ വണ്ടിപ്പെരിയാർ ടൗണിൽ ഒരു ടൗൺ ഹാൾ പണിയുക.
5. ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സാംസ്കാരിക സംഘടനകളെ ഏകോപിപ്പിച്ച് സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പഞ്ചായത്തുതലത്തിൽ പ്രോത്സാഹനം നൽകാവുന്നതാണ്.
6. പുതുതായി ഗ്രന്ഥശാലകൾ ആരംഭിയ്ക്കുകയും കുറഞ്ഞ വിലയ്ക്ക് പുസ്തകങ്ങൾ ലഭ്യമാക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കുകയും ചെയ്യുക.



| നിലവിലുള്ള കലാ സാംസ്കാരിക സംഘടനകൾ | | | | |
|---|---|---|---|---|
| പേരും മേൽവിലാസവും | വാർഡ് | കെട്ടിടത്തിൻെറ വിവരം | ഏതു സ്ഥാപനത്തിൻെറ അഫലിയേഷൻ | പ്രവർത്തന മേഖല |
| കാസ്ക<br>വണ്ടിപ്പെരിയാർ | VII | വാടക കെട്ടിടം | N Y K , ഇടുക്കി ജില്ലാ യൂത്ത് ക്ലബ് യൂണിയൻ, വോളിബോൾ അസോസിയേഷൻ | കലാ - കായിക സാമൂഹിക പ്രവർത്തനം |
| വാസ്ക്<br>വണ്ടിപ്പെരിയാർ | V | വാടക കെട്ടിടം | | കലാ - കായിക സാമൂഹിക പ്രവർത്തനം |
| ശ്രുതി ആർട്ട്സ് ക്ലബ്<br>വള്ളക്കടവ് | VIII | വാടക കെട്ടിടം | N Y K | സാമൂഹിക കലാ പ്രവർത്തനം |
| ഇ.സി.എസ്സ്<br>വണ്ടിപ്പെരിയാർ | VII | വാടക കെട്ടിടം | N Y K | സാമൂഹിക കലാ പ്രവർത്തനം |
| H.S.D.S<br>വണ്ടിപ്പെരിയാർ | VII | വാടക കെട്ടിടം | N Y K | സാമൂഹിക പ്രവർത്തനം |
| പൗർണ്ണമി ആർട്ട്സ് ക്ലബ്<br>62-ാം മൈൽ | V | വാടക കെട്ടിടം | N Y K | സാമൂഹിക കലാ പ്രവർത്തനം |
| ജേസിസ്<br>മ്ലാമല | XII | വാടക കെട്ടിടം | N Y K വോളിബോൾ അസോസിയേഷൻ | കാലാ - കായിക പ്രവർത്തനങ്ങൾ |
| നവദീപം ക്ലബ്<br>പശുമല | II | വാടക കെട്ടിടം | N Y K | കലാ സാമൂഹിക പ്രവർത്തനം |
| കാമധേനു ആർട്ട്സ് ക്ലബ്<br>പശുമല | XII | വാടക കെട്ടിടം | N Y K | കലാ സാമൂഹിക പ്രവർത്തനം |
| യുവദീപ്തി ക്ലബ്<br>62-ാം മൈൽ | V | വാടക കെട്ടിടം | N Y K | കാലാ - കായിക പ്രവർത്തനങ്ങൾ |

# വിഭവസമാഹരണം

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൻെറ സാമ്പത്തികസ്ഥിതി പഞ്ചായത്തിൻെറ വിസ്തൃതിയുമായി താരതമ്യപ്പെടുത്തുമ്പോൾ പരിമിതമാണ്. പഞ്ചായത്തിൻെറ തനതുവരുമാനമായ കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവയിൽ നേരിയ വർദ്ധന ഉണ്ടാകുന്നുണ്ടെങ്കിലും വിനോദ നികുതിയിൽ പറയത്തക്ക വർദ്ധന ഉണ്ടാകുന്നില്ല.

| വരവ് സംബന്ധിച്ച വിവരങ്ങൾ | | | | |
|---|---|---|---|---|
| ന. | ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
| 1 | കെട്ടിട നികുതി | 550135-50 | 452982-30 | 97153-00 |
| 2 | തൊഴിൽ നികുതി | 630710-00 | 239122-00 | 391588 -------- |
| 3 | വിനോദ നികുതി | 40658-47 | 40658-47 | -------- |
| 4 | അധിക വിനോദ നികുതി | 26039-8 | 26039-18 | -------- |
| 5 | പ്രദർശന നികുതിയിന്മേലുള്ള സർചാർജ് | 394-00 | 394-00 | -------- |
| 6 | പദർശന നികുതി | 1880-00 | 1880-00 | -------- |
| 7 | കെട്ടിട വാടക | 62052-00 | 54534-00 | 7518 |
| 8 | ലൈസൻ ഫീസ് | 9318-00 | 9318-00 | -------- |
| 9 | പഞ്ചായത്ത് വസ്തുക്കളിൽ നിന്നുള്ള വരവ് | 38071-00 | 38071-00 | -------- |
| 10 | വസ്തുകൈമാറ്റ വിഹിതം | 191232-00 | 191232-00 | -------- |
| 11 | സർക്കാർ ഗ്രാൻറ് ഒഴികെയുള്ള മറ്റ് വരവുകൾ | 668751-56 | 668751-56 | -------- |
| 12 | ഡെപ്പോസിറ്റ് | 40350-00 | 40350-00 | -------- |
| 13 | മറ്റുള്ളവ | 547428-00 | 547428-00 | -------- |
| | ആകെ | 2807019-71 | 2310760-51 | 496259-20 |

| ചെലവ് സംബന്ധിച്ച വിവരങ്ങൾ | | |
|---|---|---|
| ന. | ഇനം | തുക |
| 1 | ഭരണം | 715069-00 |
| 2 | പൊതുമരാമത്ത് | 674871-00 |
| 3 | വിദ്യാഭ്യാസം | 75102-00 |
| 4 | തെരുവുവിളക്കുകൾ | 73246-00 |
| 5 | മറ്റുള്ളവ | 797671-00 |
| 6 | ആകെ | 2335959-50 |

| പൊതു സാമ്പത്തിക നില | |
|---|---|
| മുന്നിരിപ്പ് | 92662-59 |
| വരവ് | 2310760-00 |
| ചെലവ് | 2335959-60 |
| ബാക്കി | 67463-50 |

പൊതുമരാമത്തു പണികളധികവും ഉടമ്പടി വ്യവസ്ഥയിലാണ് നടന്നുവരുന്നത്. പഞ്ചായത്തിന്റെ വരുമാനത്തിന്റെ ഭൂരിഭാഗവും ഭരണച്ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നു. വികസനപ്രവർത്തനങ്ങൾക്ക് വളരെ പരിമിതമായ തുകയെ ലഭ്യമാകുന്നുള്ളു. പുതിയ സംവിധാനം നിലവിൽ വരുന്നതോടു കൂടി ഈ പ്രശ്നത്തിന് മാറ്റം വരുത്താൻ കഴിയുമെന്ന് കരുതുന്നു. പഞ്ചായത്തിന് കൂടുതൽ സാമ്പത്തിക അധികാവരങ്ങൾ നൽകിയാൽ ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് വികസന കാര്യങ്ങൾക്ക് വിനിയോഗിക്കാനും അതുവഴി സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാനും കഴിയും.

സ്റ്റേറ്റ് ബാങ്ക്, യൂണിയൻ ബാങ്ക്, ഇടുക്കി ജില്ല സഹകരണ ബാങ്ക്, സർവ്വീസ് സഹകരണ ബാങ്ക്, L.I.C എന്നീ സ്ഥാപനങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ പൊതുമരാമത്ത് പണികൾ കാര്യക്ഷമമായി നടക്കുന്നില്ല.
2. പഞ്ചായത്തിൻെറ ക്രിയാത്മക പ്രവർത്തനങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിയ്ക്കുന്നതിനുള്ള തടസ്സങ്ങൾ.
3. കൂട്ടായ സന്നദ്ധ പ്രവർത്തനങ്ങളിലെ കാര്യക്ഷമതയില്ലായ്മ.
4. പഞ്ചായത്തിലെ വിഭവസമാകരണ മേഖലകളെ പൂർണ്ണമായും ഉപയുക്തമാക്കുന്നതിനുള്ള തടസ്സം.
5. ഭരണ നടപടികൾ കൂടുതൽ സുതാര്യമാക്കണം.
6. ഭരണചിലവ് ക്രമാതീതമായി വർദ്ധിക്കുന്നത് വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു.

പരിഹാരങ്ങൾ

1. നികുതിവെട്ടിപ്പ് തടയണം.
2. ഭരണചിലവ് നിയന്ത്രിക്കണം.
3. ഭരണസമിതി അംഗങ്ങൾക്കും, ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകണം.
4. പഞ്ചായത്തിൻെറ പൊതുമരാമത്ത് പണികൾ ഇടത്തട്ടുകാരെ ഒഴിവാക്കി ജനകീയ സമിതികൾ വഴി നടപ്പിലാക്കണം.
5. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
6. പഞ്ചായത്ത് മുൻകൈ എടുത്ത് സന്നദ്ധ പ്രവർത്തനങ്ങൾ സജീവമാക്കുക.
7. നിർമ്മാണ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളുടെ പങ്ക് ഉറപ്പുവരുത്തുക.

മനുഷ്യ വിഭവശേഷിയാണ് ഏറ്റവും വലിയ വിഭവം.
അത് കൃയാത്മകമായി ഉപയോഗിക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

വിഭവസാദ്ധ്യതകൾ പരിഗണിച്ച് പൊതുജന സഹകരണത്തോടെ വിഭവങ്ങൾ കണ്ടെത്താനുള്ള സാധ്യത ഈ പഞ്ചായത്തിൽ നിലവിലുണ്ട്. എന്നാൽ പഞ്ചായത്തിൻെറയാകെ പരമപ്രധാനമായ വികസന പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ജനപങ്കാളിത്തം എത്രമേൽ ഉണ്ടാവും. വികസന ആവശ്യങ്ങൾക്ക് ഉപയുക്തമാക്കാവുന്ന ഭൂമിയിൽ ഏതാണ്ട് എല്ലാ ഭാഗവും സ്വകാര്യ തോട്ടം ഉടമകളുടെ കൈകളിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ എല്ലാവിധ വികസന സാദ്ധ്യകളേയും ശ്രമങ്ങളേയും തകിടം മറിക്കുന്നു. ഈ ഗൗരവമേറിയ പ്രശ്നം മുഴുവൻ ഗ്രാമസഭകളിലും ഉയർന്നു വരികയുമുണ്ടായി.

തോട്ടം വ്യവസായത്തെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ വികസന ആവശ്യങ്ങൾക്ക് ഭൂമി വിട്ടുകിട്ടുന്നതിന് സർക്കാരിൻെറ സത്വരശ്രദ്ധയും ഇടപെടീലും ഉണ്ടാവുന്നതായാൽ അദ്ധ്വാനശീലരായ ജനങ്ങളുടെ കർമ്മശേഷിയെ ജനപങ്കാളിത്തത്തോടെയുള്ള വികസന പ്രവർത്തനങ്ങളിലേയ്ക്ക് ചാലു തിരിച്ചുവിടുവാനുള്ള സാഹചര്യവും ഈ പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്.



## ഉപസംഹാരം

ജനാധിപത്യ സമ്പ്രദായത്തിന്റെ ആത്മാവ് കണ്ടെത്തി,
അടിസ്ഥാന ശിലകളായ ജനാധികാരത്തെ
വികേന്ദ്രീകരണ പന്ഥാവുകളിലൂടെ തിരുച്ചുവിട്ട്, രാഷ്ട്ര പുനരേകീകരണം
സാക്ഷാത്കരിക്കുവാൻ ഗാന്ധിജി വിഭാവനം ചെയ്ത
സ്വപ്നം ജനകീയാസൂത്രണ പരിപാടികളിലൂടെ യാഥാർത്ഥ്യമാകുകയാണ്.
സ്വാശ്രയ ഗ്രാമങ്ങളിലൂടെ, ഭാരത സംസ്കാരത്തിലൂന്നി
വികസ്വര സമ്പദ്വ്യവസ്ഥയിൽ നിന്ന് വികസിത സമ്പദ്മേഖലയിലേക്ക്
പദമൂന്നുവാൻ വെമ്പുന്ന ജനശക്തി നാളയുടെ
ഭാവി നിർണ്ണയിക്കുന്നു. മാറ്റത്തിന്റെ ശംഖനാദം സാമൂഹിക,സാംസ്കാരിക,
രാഷ്ട്രീയ തലങ്ങളിൽ സർഗ്ഗാത്മക ചിന്താധാരയ്ക്ക് നിദാനമാകുമെന്ന്
നമുക്കു പ്രത്യാശിക്കാം.
ഇനിയും നഷ്ടമാകാത്ത ആത്മശക്തി
പാടങ്ങളിൽ പണിശാലകളിൽ കലാലയങ്ങളിൽ കർമ്മധീരരെ പടുത്തുയർത്തട്ടെ!
നവമ്പർ 1 പുനരർപ്പണ ദിനത്തിൽ ആരംഭിച്ച പണികൾ

**1. സർക്കാർ ആശുപത്രി മോർച്ചറിയുടെ പണി (ജന പങ്കാളിത്തത്തോടെ)**
**2. പഞ്ചായത്ത് സൈറൺ ടവർ നിർമ്മാണം.**
**3. ടൗൺ ശുചീകരണം (ജന പങ്കാളിത്തത്തോടെ)**

നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ വികസന സാദ്ധ്യതകൾ പരിമിതികൾ, ആവശ്യങ്ങൾ, ആവാലാതികൾ ചർച്ചകളിലൂടെ. വിശകലനങ്ങളിലൂടെ തെളിഞ്ഞു വന്നവ കൂടുതൽ നിർദ്ദേശങ്ങൾക്കായി നിങ്ങളുടെ മുൻപിൽ സമ്മർപ്പിക്കട്ടെ.

**വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്തു കമ്മറ്റി.**

പ്രകൃതി നിയമങ്ങളെ ബോധപൂർവ്വമോ
അജ്ഞതകൊണ്ടോ
ലംഘിക്കുന്നതിൽ നിന്നാണ്
സുഖക്കേടുകൾ ഉണ്ടാകുന്നത്
- ഗാന്ധിജി

പട്ടിക-I

| IRDP സർവ്വേ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം | | | | | |
|---|---|---|---|---|---|
| സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ | ഇതിൽ SC/ST കുടുംബക്കാർ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതു വഴി ദാരിദ്രരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്രരേഖയ്ക്ക് താഴെയുള്ള ബാക്കി കുടുംബങ്ങൾ |
| 3691 | 1846 | 187 | 94 | 117 | 3574 |

പട്ടിക-II

| ട്രൈസം പരിശീലനം നേടിയവരുടെ വിവരം | | | | |
|---|---|---|---|---|
| പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം | ഇതര തൊഴിലിൽ ഏർപ്പെട്ടി രുന്നവർ | അവശേഷി ക്കുന്നവർ |
| ആട്ടോമൊബൈൽ | 2 | ----- | 2 | |
| റേഡിയോ ആൻറ് ടി. വി. റിപ്പയറിംഗ് | 2 | 2 | ----- | |
| കമ്പ്യൂട്ടർ ട്രെയിനിംഗ് ലഭിച്ചവർ | 1 | ----- | 1 | |
| എംബ്രോയ്ഡറി ആൻറ് നിറ്റിംഗ് | 22 | 15 | 7 | |
| കാർപ്പെൻററി | 2 | ----- | 2 | |
| കമ്പോസിംഗ് | 2 | 2 | ----- | |

പട്ടിക-III

| പെൻഷനും ധനസഹായവും സംബന്ധിച്ച വിവരങ്ങൾ | |
|---|---|
| വിധവാ പെൻഷൻ | 136 |
| വികലാംഗ പെൻഷൻ | 188 |
| വാർദ്ധക്യകാല പെൻഷൻ | 145 |
| ക്ഷയരോഗി പെൻഷൻ | - |
| ക്യാൻസർ പെൻഷൻ | 5 |
| കർഷക തൊഴിലാളി പെൻഷൻ | 13 |



നാടിൻെറ വികസനത്തിനായ്
അണിചേരുന്നു......



സൈറൺ ടവറിൻെറ ഉദ്ഘാടനം
ശ്രീമതി. ശാന്തി ഹരിദാസ് നിർവഹിക്കുന്നു.



1996 നവംബർ ഒന്ന്
പുനരർപ്പണ ദിനത്തിൽ നിന്ന്



പുനരർപ്പണദിനം
ജനകീയ പങ്കാളിത്തത്തോടെ



**ജനകീയ പങ്കാളിത്തം**
**ചർച്ചാവേളയിൽ**




**നവംബർ ഒന്ന് ശുചീകരണ പ്രവർത്തനം**
**ജനകീയ സഹകരണത്തോടെ**



4254
KERALA INSTITUTE OF LOCAL ADMINISTRATION ★ THRISSUR-680581 ★
LIBRARY

ഞങ്ങൾ ഇവിടത്തുകാർ...

ഓർമ്മകളുടെ ഹരിതവനങ്ങളിൽ...
സൗഹൃദങ്ങളുടെ മേച്ചിൽ പുറങ്ങളിൽ
സ്വപ്നങ്ങളുടെ നിറനിലാവുമായ്
വിശ്രമിക്കാനൊ രിടം.

ഇതു ഞങ്ങളുടെ തറവാടിൻെറ മുഖമാണ്.
ഞങ്ങൾ നടന്ന ഇടവഴികളിൽ
വിയർപ്പുതിർന്നുവീണ് മുളപൊട്ടിയ സ്വപ്നങ്ങൾ
മനസ്സി ലേക്കു കരുതിവെയ്ക്കാൻ
പ്രകൃതിയുടെ ഈ പച്ചപ്പ് മാത്രം.

സുന്ദരമായ ഓർമ്മകളിൽ ഞങ്ങളീ
ഗ്രാമത്തിലെ വസന്തത്തിന് കാതോർക്കുന്നു.